SAHITHYAVUM SAMSKARAVUM    SANKARAN NAMBIYAR

MUL
221847

**Madras Univer**

Call Numbe

Accession N

Available fo

This book s
the date

DOCTRINA VIM PROMOVET INSITAM

31 DEC 1969

61

ശങ്കരൻ നമ്പ്യാർ

179/



# സാഹിത്യവും സംസ്കാരവും

SAHITHYA PRAVARTHAKA C.S. LTD. KOTTAYAM

# സാഹിത്യവും സംസ്കാരവും

കവിതിലകൻ

പി. ശങ്കരൻ നമ്പ്യാർ

UNIVERSITY LIBRARY
28 FEB 1969
MADRAS

Univ. Grants Commission.

ശ്രീ

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ

വില ക. 1·50

## പി. ശങ്കരൻ നമ്പ്യാരുടെ

## കൃതികൾ

മലയാളസാഹിത്യചരിത്രസംഗ്രഹം
സാഹിത്യവും സംസ്കാരവും
മകരന്ദമഞ്ജരി
സാഹിത്യനിഷ്കുടം
സുവർണ്ണമണ്ഡലം
സാഹിത്യപ്രകാശിക
പാലാഴിമഥനം ചമ്പു
ചാണക്യൻ
പ്രസ്ഥാനത്രയം

221847
9z7
32J9;1

S976 B640 16/59-60 — 1000

# മുഖവുര

കേളികേട്ട ചില കേരളീയമാസികകളിൽ അടുത്തകാലത്തു് ഞാനെഴുതി പ്രസിദ്ധപ്പെടുത്തിയ ഏതാനും ഉപന്യാസങ്ങളുടെ സമാഹാരമാണു് ഈ ലഘുഗ്രന്ഥം. അവ സാഹിത്യത്തിൻെറയോ സംസ്കാരത്തിൻെറയോ ഏതെങ്കിലും വശങ്ങളെ സ്പർശിക്കുന്നവയാകയാൽ, ഗ്രന്ഥത്തിനു് പൊതുവേ 'സാഹിത്യവും സംസ്കാരവും' എന്നു നേരേ പേരിട്ടിരിക്കുന്നു. ഭാരതത്തിലെയും കേരളത്തിലെയും സാഹിത്യസംസ്കാരങ്ങളെയാണു് ഉപന്യാസങ്ങൾ സാമാന്യേന പരാമർശിക്കുന്നതെന്നു് അവയുടെ ശീർഷകങ്ങൾതന്നെ വ്യക്തമാക്കുന്നു.

പല സന്ദർഭങ്ങളിലായി, പരസ്പരസംബന്ധമുള്ള വിഷയങ്ങളെക്കുറിച്ചെഴുതുമ്പോൾ, ആശയങ്ങളുടെയും, പദങ്ങളുടെയും, വാചകശകലങ്ങളുടെതന്നെയും ആവർത്തനം അറിയാതെ പററിപ്പോകുന്നതു സ്വാഭാവികവും ക്ഷന്തവ്യവുമാണല്ലോ. ആദ്യം പ്രസിദ്ധപ്പെടുത്തിയ രൂപത്തിൽ അവിടവിടെ അല്പം പരിഷ്കാരങ്ങൾ വരുത്തിയതിനുശേഷമാണു് ഉപന്യാസങ്ങളെ പുസ്തകത്തിലേക്കാവാഹിച്ചിട്ടുള്ളതെന്നുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

സാഹിത്യത്തെയും സംസ്കാരത്തെയും കുറിച്ചു് ഇന്നും കേട്ടുവരുന്ന പല വാദകോലാഹലങ്ങളെയും ഈ ഉപന്യാസങ്ങളിൽ കടാക്ഷിച്ചിട്ടുണ്ടു്; സമാധാനം സ്ഥാപിക്കുവാൻ ചുരുക്കത്തിൽ പരിശ്രമിച്ചിട്ടുമുണ്ടു്. വാദമുഖം പൂർണ്ണമായി തെളിയണമെങ്കിൽ ഓരോന്നും ഓരോ പ്രസംഗപരമ്പരയ്ക്കു വിഷയമായാൽ മാത്രമേ മതിയാവുകയുള്ളു.

നമ്മുടെ സാഹിത്യത്തിലും സംസ്കാരത്തിലും താൽപ്പര്യമുള്ള അനുവാചകന്മാക്ക് സാമാന്യമായും, കലാശാലാ വിദ്യാത്ഥികൾക്ക വിശേഷിച്ചും, ഈ പ്രബന്ധകദംബം രസാവഹമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഇതിൻെറ അഗ്രജസ്ഥാനം വഹിക്കുന്ന 'സാഹിത്യനിഷ്കൂട'വും, 'മകരന്ദമഞ്ജരി'യും സാഹിത്യവിദ്യാത്ഥികൾക്കു സുപരിചിതങ്ങളാണല്ലോ. ഇതിലെ ഉപന്യാസങ്ങൾ മിക്കവാറും അനന്തരകാലീനങ്ങളാണ്. പകുതിയിലധികം ഇയ്യിടെ എഴുതിത്തീത്തവയുമാണ്.

തൃശ്ശിവപേരൂർ
15—3—1953

പി. ശങ്കരൻനമ്പ്യാർ

## വിഷയാനുക്രമണിക


| | |
|---|---|
| ഭാരതസംസ്കാരം | 9 |
| സാഹിത്യമർമ്മങ്ങൾ | 19 |
| കാളിദാസന്റെ ദാമ്പത്യാദർശം | 34 |
| സാഹിത്യഗതി | 60 |
| കളിയും കാര്യവും | 77 |
| ഭാഷയുടെ വളർച്ച | 86 |
| കേരളസംസ്കാരവും സർവ്വകലാശാലയും | 97 |
| വെണ്മണിപ്രസ്ഥാനം (പ്രസംഗം) | 109 |
| മഹാകവി ഉള്ളൂർ (അനുസ്മരണം) | 118 |



കവിതിലകൻ. പി. ശങ്കരൻ നമ്പ്യാർ

UNIVERSITY LIBRARY
28 FEB 1969
MADRAS

# ഭാരതസംസ്കാരം

> പ്രകൃതിയോടിണങ്ങിക്കൊണ്ടുള്ള ജീവിതത്തിൽനിന്നുളവാകുന്ന പ്രശാന്തമനോഭാവമാണു ഭാരതീയരുടെ സ്വഭാവത്തിന്റെ ഒരു പ്രത്യേകത എന്നു മഹാകവി രവീന്ദ്രനാഥടാഗൂർ തന്റെ 'അരണ്യസന്ദേശം' എന്ന പ്രശസ്തപ്രബന്ധത്തിൽ പ്രസ്പഷ്ടമാക്കീട്ടുണ്ടു്. പാശ്ചാത്യർ പ്രകൃതിയെ ഒരു പ്രതികൂലശക്തിയായി കണക്കാക്കി അതിനോടു മല്ലിട്ടു വിജയംനേടുവാൻ പ്രയത്നിച്ചുകൊണ്ടിരിക്കെ, ഭാരതീയർ പ്രകൃതിയുടെ ആനുകൂല്യത്താൽ ആകൃഷ്ടരായി, അതിനോടു് ഐക്യം വരിച്ചുകൊണ്ടു്, അതിൽ ലയംതേടി 'സച്ചിദാനന്ദം' അനുഭവിക്കുവാൻ പരിശ്രമിക്കുകയത്രേ ചെയ്തതു്.

യൂറോപ്പിലെയും ഇന്ത്യയിലെയും പ്രകൃതിസ്വഭാവങ്ങൾ തമ്മിലുള്ള വ്യത്യാസംതന്നെയായിരിക്കാം ഈ ഭിന്നമനോഭാവങ്ങൾക്കു നിദാനമായിത്തീർന്നതു്. യൂറോപ്പിൽ അദമ്യമായി അലറിക്കൊണ്ടിരിക്കുന്ന അലകടലാണല്ലോ പ്രകൃതിയെ പ്രതിനിധാനംചെയ്യുന്നതു്. അതിന്റെ വെല്ലുവിളിയെ സ്വയം സ്വീകരിച്ചു നിരന്തരം പോരാടി അതിനെ കീഴടക്കി സ്വന്തംകാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ഒരു ഉപകരണം മാത്രമാക്കിത്തീർത്ത പാശ്ചാത്യർ യുദ്ധവീരന്മാരായി ഉയർന്നുവന്നതിൽ അത്ഭുതമില്ല. അവരുടെ ജീവിതംതന്നെ വിപരീതശക്തിയോടുള്ള അനുസ്യൂതമായ പോരാട്ടമാകയാൽ മനുഷ്യോൽക്കർഷത്തിന്റെ ശത്രുക്കളായ മററു പലതിനോടും—ദാരിദ്ര്യം, രോഗം, മർദ്ദനം,

ച്ഛൂഷണം മുതലായ പലതിനോടും—പടവെട്ടിക്കൊണ്ടി രിക്കുന്ന ആ യുദ്ധമനഃസ്ഥിതി പാശ്ചാത്യരിൽ ക്രമേണ അഭിവൃദ്ധിയെ പ്രാപിച്ചു. എന്നാൽ ഉത്തരേന്ത്യയിലെ വിസ്താരമേറിയ സമതലങ്ങളിൽ പ്രകൃതിയെ പ്രതിബ ന്ധരൂപത്തിലല്ല ഭാരതീയർ സമീക്ഷിച്ചതു്. അവരുടെ ശ്രമത്തിലും വിശ്രമത്തിലും അരണ്യമനോഹാരിതയ്ക്കു് ഗണ്യമായ ഒരു സ്ഥാനം സിദ്ധിച്ചു. എന്നുമാത്രമല്ല, അ തിൽ അവരുടെ മനസ്സു ലയിച്ചു സംതൃപ്തമായിത്തീരുകയും ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ, പാശ്ചാത്യരുടെ മുമ്പാകെ പ്രകൃതി ഒരു ഭയങ്കരസ്വരൂപിണിയായി അട്ടഹസിച്ചു കൊണ്ടു പ്രത്യക്ഷപ്പെട്ടപ്പോൾ, ഭാരതീയരുടെ മുമ്പാകെ പ്രകൃതിയുടെ ആവിർഭാവം മന്ദഹാസംതൂകുന്ന ഒരു പ്രിയ മാതാവായിട്ടായിരുന്നു എന്നു സാരം. അതുകൊണ്ടാണു് പ്രകൃതിയോടുള്ള മനോഭാവത്തിൽ പാശ്ചാത്യർക്കു പിണ ക്കവും പൗരസ്ത്യർക്കു് ഇണക്കവും ഇത്ര സ്പഷ്ടമായി കാണു ന്നതു്.

ഭാരതീയരുടെ ഉൽകൃഷ്ടതമമായ പ്രാചീനസാഹി ത്യമെല്ലാം അരണ്യങ്ങളിലെയും ആശ്രമങ്ങളിലെയും പ്ര കൃതിവിലാസംകൊണ്ടു സജീവമായിട്ടുള്ളതാണു്. അവി ടെ മനുഷ്യൻ പ്രകൃതിയിൽ ഇണങ്ങിച്ചേർന്നു ലയംകൊ ള്ളുന്നു. രാമായണം, മഹാഭാരതം, ശാകുന്തളം, ഉത്തരരാമ ചരിതം, കുമാരസംഭവം, കാദംബരി മുതലായ കാവ്യങ്ങ ളിലെല്ലാം പ്രകൃതിക്കു സ്വാതന്ത്ര്യവും പ്രധാനവുമായ ഒരു സ്ഥാനമുണ്ടെന്നു വിശദമാണല്ലോ. നിത്യവും ശാശ്വതവു മായതു യാതൊന്നോ, അതിൻെറ പ്രശാന്തിയെ ക്ഷോഭവി ധേയനായ മനുഷ്യനു പ്രദാനംചെയ്യുക എന്ന മഹത്തായ ധർമ്മമാണു് ഭാരതീയസാഹിത്യത്തിൽ പ്രകൃതിക്കുള്ളതു്; പാശ്ചാത്യസാഹിത്യത്തിലെപ്പോലെ കേവലം പശ്ചാത്ത

ലമൊരുക്കൽ മാത്രമല്ലെന്നർത്ഥം. ഇന്ത്യയിൽ എങ്ങനെയുള്ള പ്രദേശങ്ങളാണു തീർത്ഥാടനത്തിനുള്ള പുണ്യസ്ഥലങ്ങളായി കല്പിക്കപ്പെട്ടിട്ടുള്ളതെന്നുനോക്കുക. പ്രകൃതിയുടെ എന്തെങ്കിലും ചില പ്രത്യേക സൗന്ദര്യമോ ഗാംഭീര്യമോ കളിയാടുന്ന ഭാഗങ്ങളായിരിക്കും അവ. ഹിമാലയം, വിന്ധ്യപർവ്വതം, മാനസസരസ്സ്, ത്രിവേണി എന്നിവ ഉദാഹരണങ്ങളല്ലേ? പ്രകൃതിയെ കീഴ്പ്പെടുത്തിക്കൊണ്ടോ പശ്ചാത്തലമാക്കിക്കൊണ്ടോ ഭൗതികാവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി പലവിധത്തിൽ ചൂഷണംചെയ്യുവാനല്ല, പ്രത്യുത, പ്രകൃതിയെ ആരാധിച്ചു നിർവൃതിനേടുവാനാണ് ഭാരതീയർ പരിശ്രമിക്കുന്നതു്. ആത്മീയമായ ഐക്യം പ്രകൃതിയിൽ അനുഭവപ്പെടുമ്പോൾ മനുഷ്യഹൃദയത്തിനു ശാന്തി സ്വയം സിദ്ധിക്കുമെന്നാണ് ഭാരതീയാദർശം.[1]

ഈവിധത്തിലുള്ള സംതൃപ്തിയും സന്തുഷ്ടിയുമാണ് ഇന്ത്യയിലെ ഗ്രാമീണജനങ്ങൾ പണ്ടേക്കുപണ്ടേ അനുഭവിച്ചുപോന്നിട്ടുള്ളതു്. അവരുടെ ഇടയിൽ വലിയ പണക്കാരായ മുതലാളികൾ ഇല്ലായിരിക്കാം; എങ്ങനെയുണ്ടാകും? അന്നന്നു ജോലിചെയ്യേണം അഷ്ടിക്കുള്ള വക കാണുവാൻ. ഇതു സാമാന്യമായി എല്ലാ ഗ്രാമീണരുടെയും കഥയാണ്. പ്രഭാതത്തിൽ എഴുന്നേററു നുകവും കാളയുമായി പാടത്തേയ്ക്കിറങ്ങിയാൽപ്പിന്നെ വീട്ടിലേയ്ക്കു മടങ്ങിവരുന്നതു സൂര്യൻ അസ്തമിക്കുന്നതോടുകൂടിമാത്രമാണ്. അതിനിടയ്ക്കു ഗൃഹശുചീകരണവും ശിശുപരിപാലനവും കഴിച്ചു മധ്യാഹ്നഭോജനം തയാറാക്കി കൈയിലെടുത്തുകൊണ്ടു കൃഷീവലൻെറ ധർമ്മപത്നി പാടത്തെത്തിക്കൊള്ളും. അതുകഴിച്ചു സ്വല്പം വിശ്രമിച്ചതിനുശേഷം വീണ്ടും എല്ലുമുറിയെ പണിതന്നെ. സന്ധ്യയ്ക്കു വീട്ടിലെത്തി, കാള

1 'The Message of the Forest'—Tagore

കളെയും നക്ഷത്രങ്ങളെയും വൃത്തിയാക്കി, കർഷകൻ കുളിച്ചു കുലദൈവങ്ങളെ ആരാധിച്ച് അത്താഴം കഴിച്ചു ഗ്രാമത്തിലെ ശരിയായ സാമൂഹ്യജീവിതത്തിന്നുള്ള പുറപ്പാടായി. അവൻ അടുത്തുള്ള ക്ഷേത്രങ്ങളിലെല്ലാം ദർശനം നടത്തും; ഉത്സവങ്ങളിൽ ഉള്ളഴിഞ്ഞു പങ്കുകൊള്ളും; പുരാണപാരായണം, 'കഥാകാലക്ഷേപം', കലാപ്രകടനങ്ങൾ മുതലായവ യാതൊന്നും വിട്ടുകളയുകയില്ല. ഇങ്ങനെ ഉല്ലാസപരമായിരിക്കും ഗ്രാമീണരുടെ വിശ്രമവിയോഗം. എല്ലുമുറിയെ പണിയെടുക്കാനും ഉള്ളഴിഞ്ഞുന്മേഷിക്കുവാനും കഴിവുള്ളവരാണു നമ്മുടെ ഗ്രാമനിവാസികൾ. മിതമായ ജീവിതത്തിൽ സന്തുഷ്ടിയും സംതൃപ്തിയും അവക്കു സുലഭമാകുന്നു. സുഖം എന്നു പറയുന്നതു് യഥാർത്ഥത്തിൽ ഇതുതന്നെയല്ലേ? ഇതിൻെറ ഒരു പ്രത്യക്ഷചിഹ്നമത്രേ കലപ്പ. ഓരോ കൃഷിക്കാരനും ഓരോ കലപ്പ കൈയിലെടുത്തുകൊണ്ടാണല്ലോ പാടത്തേക്കിറങ്ങുന്നതും അവിടെനിന്നു വീട്ടിലേക്കു മടങ്ങുന്നതും. ആ കലപ്പ ശാന്തിയുടെ മുദ്രയാണു്. അതിൻെറ സ്ഥാനത്തു വമ്പിച്ച യന്ത്രങ്ങൾ എന്നു നടപ്പിൽവരുന്നുവോ അന്നു നമ്മുടെ ഗ്രാമീണജീവിതത്തിലെ സമത്വസുന്ദരമായ പരസ്പരസൗഹാർദ്ദവും സഹകരണമനോഭാവവും ശാന്തിയിൽ വേരുറച്ച യഥാർത്ഥസുഖവും എല്ലാം തിരോഭവിക്കുന്നതായി കാണാം. വലിയവലിയ ട്രാക്റ്ററുകളും മററു യന്ത്രസാമഗ്രികളും നമ്മുടെ രാജ്യത്തു കൃഷിക്കുപയോഗിക്കുവാൻ തുടങ്ങിയാൽ കൃഷിക്കഭിവൃദ്ധിയുണ്ടായേക്കാം. പക്ഷേ, കർഷകക്കു പൊതുവേ അഭിവൃദ്ധിതന്നെയാണോ ഉണ്ടാവുക എന്നു സംശയമാണു്. പാശ്ചാത്യരാജ്യങ്ങളിൽ കാണുന്നതുപോലെ സമ്പത്തെല്ലാം ഏതാനും ചില വ്യക്തികളുടെ കൈവശം ഊട്ടംകൂട്ടുകയും, സാമാന്യജനങ്ങളുടെയിടയിൽ ദാരിദ്ര്യം നടമാടുകയും

ചെയ്യുകയായിരിക്കും 'യന്ത്രയുഗത്തി'ന്റെ ഫലമായിവന്നു ചേരുക. സൗഹാർദ്ദം, സഹകരണം എന്നിവയ്ക്കു പകരം മാത്സര്യം, ചൂഷണം എന്നിവ മനുഷ്യരുടെ മനസ്സിൽ സ്ഥാനംപിടിച്ചുതുടങ്ങും. പരമ്പരാഗതമായ പ്രശാന്തിയും സംതൃപ്തിയും സന്തുഷ്ടിയും നമ്മുടെ ഗ്രാമീണജീവിതത്തിൽനിന്നു ക്രമേണ മാഞ്ഞുപോകയും ചെയ്യും. ഒരു രാജ്യത്തിലെ സമ്പത്സമൃദ്ധി അവിടത്തെ സാമാന്യജനങ്ങളുടെ സൗഖ്യത്തിൻെറ പര്യായമായിക്കൊള്ളണമെന്നില്ല. സൗഖ്യമെന്നതു മിക്കവാറും മനുഷ്യന്റെ മനസ്സിനെ ആശ്രയിച്ചാണിരിക്കുന്നതു്. ജീവിതാവശ്യങ്ങൾ ക്ലേശംകൂടാതെ നിർവ്വഹിക്കുന്നതിനുവേണ്ട വകയെല്ലാം സിദ്ധിച്ചുകഴിഞ്ഞാൽപ്പിന്നെ, മനസ്സിൻെറ സമീചീനമായ പരിശീലനം, ആത്മീയശിക്ഷണം, തന്നെയാണു് യഥാർത്ഥസുഖത്തിനു് അത്യന്താപേക്ഷിതമായിട്ടുള്ളതെന്നു് നമ്മുടെ പൂർവ്വികന്മാർ വേദോപനിഷത്തുകളുടെ കാലംമുതല്ക്കുതന്നെ കണ്ടറിഞ്ഞിട്ടുണ്ട്. വാസ്തവമാലോചിച്ചാൽ ഭാരതീയരെപ്പോലെ ആത്മീയവിഷയങ്ങളിൽ ഇത്ര ശ്രദ്ധ പതിച്ചിട്ടുള്ളവർ മറെറാരു രാജ്യത്തുമില്ലെന്നു സമ്മതിക്കുകതന്നെ വേണം.[1]

അങ്ങനെ, ആത്മീയതത്വങ്ങളുടെ ഉറവിടമായ ഭാരതഭൂമിയിൽനിന്നു് അനേകം മതങ്ങൾ ആവിർഭവിച്ചു ദേശാന്തരങ്ങളിലേയ്ക്കു പ്രവഹിച്ചതിൽ യാതൊരാശ്ചര്യവുമില്ലല്ലോ. പൗരസ്ത്യഭൂഖണ്ഡം മുഴവൻ വ്യാപിച്ച ബുദ്ധമതം ഉടലെടുത്തതു് ഇന്ത്യയിലാണു്. ക്രിസ്ത്വാബ്ദത്തിന്റെ ആരംഭത്തിൽ നമ്മുടെ വേദാന്തതത്വങ്ങളുടെ പ്രസക്തി അലക്സന്ത്രിയ, അന്ത്യോക്യ, പേർഷ്യ മുതലായ പ്രദേശങ്ങ

1 'The Peaceful Plough'—Sir George Birdwood.

ളിലെല്ലാം പടൎന്നുപിടിച്ചിരുന്നു. ഹിന്തുമതം എന്നു പൊതുവിൽ പറഞ്ഞുവരാറുള്ള അതിപ്രാചീനമായ നമ്മുടെ ആത്മീയവിശ്വാസസംഹിതയാകട്ടെ, പല കാലങ്ങളിൽ പല ഭിന്നവൎഗ്ഗക്കാരുടെ സമ്പൎക്കഫലമായി അസംഖ്യം രൂപഭേദങ്ങൾകൈക്കൊണ്ടു വികാസം പ്രാപിച്ചിട്ടുണ്ടു്. ഇന്നു ഹിന്തുമതത്തിനു് ശരിയായ ഒരു നിൎവ്വചനംനല്കുക എന്നതു് ഒട്ടുംഎളുപ്പമല്ല. ഈ അനിൎവ്വചനീയതതന്നെയാണു് ഹിന്തുമതത്തിന്റെ ഒരു വൈശിഷ്ട്യം. സംസ്കാരപരിണാമത്തിൻെറ ഏറ്റവും താഴ്ന്നപടിയിലുള്ള അതിവികൃതങ്ങളായ അന്ധവിശ്വാസങ്ങളോടൊപ്പംതന്നെ അതിന്റെ ഏററവും ഉയൎന്നപടിയിലുള്ള വേദാന്തപരമതത്വങ്ങളെയും ഹിന്തുമതം ഉൾക്കൊള്ളുന്നു. ഇവയ്ക്കു മദ്ധ്യേ എത്രയെത്ര വിശ്വാസവൈവിധ്യങ്ങളും ആചാരവൈചിത്ര്യങ്ങളുമാണു് ഹിന്തുമതത്തിൽ ഇന്നും കാണുന്നതെന്നു വിവരിക്കുവാൻ പ്രയാസമാകുന്നു. അവയുടെ അപ്രതിഹതമായ വളർച്ചയും പടർച്ചയുംതന്നെ ഹിന്തുമതത്തിൻെറ ഒരു പ്രത്യേകതയത്രേ. മററു മതങ്ങളെപ്പോലെ ഹിന്തുമതം ഭരണാധികാരികളുടെയോ പുരോഹിതവൎഗ്ഗക്കാരുടെയോ നിയന്ത്രണത്തിനു പാടേ വിധേയമായിരുന്നിട്ടില്ല. മനുഷ്യനു തൻെറ ചുററുപാടുകളോടും മനുഷ്യാതീതശക്തികളോടും തോന്നിയ നാനാവികാരങ്ങളനുസരിച്ചു വിശ്വാസങ്ങളും ആചാരങ്ങളും സ്വാഭാവികമായിത്തന്നെ ഓരോ രൂപമെടുത്തിട്ടുള്ളതാണു് ഹിന്തുമതചരിത്രത്തിൽ നാം കാണുന്നതു്. അതിനാൽ ആ മതത്തെ 'സ്വാഭാവികമതം' എന്നു പറഞ്ഞാലും തെററില്ല. പ്രപഞ്ചത്തിൻെറ പ്രത്യാഘാതങ്ങൾ മനുഷ്യനിൽ ഏതെല്ലാം പ്രകാരഭേദങ്ങളോടുകൂടി പ്രതിഭാസിക്കാം, മരണാനന്തരാവസ്ഥയെക്കുറിച്ചു് എന്തെല്ലാം ഊഹാപോഹങ്ങൾക്കവകാശമുണ്ടാകാം, എന്നെ

ല്ലാമറിയേണമെങ്കിൽ ഹിന്തുമതത്തിൻെറ ചരിത്രം പരിശോധിച്ചാൽ മതി. മനുഷ്യാതീതങ്ങളായ ശക്തികൾ പലതുമുണ്ടെന്നും, അവയെ പ്രസാദിപ്പിക്കേണ്ടതാണെന്നും, മരണത്തോടുകൂടി എല്ലാം അവസാനിക്കുന്നില്ലെന്നും, പരേതാത്മാവിനെ ആശ്രയാധീനമാക്കുകയും ആരാധിക്കുകയും മററും ചെയ്യേണ്ടതാണെന്നും ഉള്ള വിശ്വാസങ്ങളെ അടിസ്ഥാനപ്പെടുത്തി അനേകം ആചാരഭേദങ്ങൾ സംസ്കാരത്തിൻെറ നിലവാരമനുസരിച്ച് ഓരോ ജനവിഭാഗത്തിൽ ഇന്നും നിലനിന്നുവരുന്നുണ്ട്. പ്രേതങ്ങളെ പ്രീണിപ്പിക്കുക, പ്രേതങ്ങൾ പ്രവേശിച്ചിട്ടുള്ളതായി കരുതുന്ന തിയ്യുക്കുകളെ പൂജിക്കുക, മനുഷ്യൻെറ ഭാഗ്യവിധാതാക്കളെന്നു വിശ്വസിക്കുന്ന ദേവസഹസ്രങ്ങളെ സോപഹാരം അർച്ചിക്കുക—ഇങ്ങനെ പോകുന്നു ആ മതാചാരപരിപാടി. ഇതിനെല്ലാമുപരിയായി, ദൃശ്യപ്രപഞ്ചം മുഴവൻ അദൃശ്യമൂർത്തിയായ പരമേശ്വരൻെറ രൂപമായി കണക്കാക്കുന്ന ഒരു വേദാന്തസിദ്ധാന്തവും പ്രചാരത്തിലുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, അനാദ്യന്തമായഹിന്തുമതത്തെ ഒരു മഹാരണ്യത്തോടാണ് ഉപമിക്കേണ്ടതു്. അതിൽ ഏതു വലിപ്പത്തിലും വളർച്ചയിലുമുള്ള പലതരം വൃക്ഷങ്ങൾ കാണാം. അവ ചിലേടത്തു തമ്മിൽ കൂട്ടിയുരസുന്നു; ചിലേടത്തു പരസ്പരം ആശ്ലേഷിക്കുന്നു; ചിലതു ജീർണ്ണിച്ചു നിലംപതിക്കുന്നു; ചിലതു് ഊക്കോടെ പൊട്ടിപ്പുറപ്പെട്ടു മററുള്ളവയെക്കാളുപരിയായി ഉയർന്നുതഴക്കുന്നു. എന്നാൽ, അവയെല്ലാം മുകളിൽ, അപ്രാപ്യമായ അനന്തതയുടെ അങ്കത്തിൽ, അഭൗമമായ നിത്യതത്വമെന്നപോലെ ആകാശനീലിമയുടെ ശകലം പ്രകാശിക്കുകയും ചെയ്യുന്നു. ഇതെല്ലാം ഒരേകാലത്തുതന്നെ നിലവിലുള്ളതായി കാണുന്നതാണത്ഭുതം. മതപരമായ സംസ്കാരപരിണാമത്തിലെ

ഉത്തരഘട്ടം പൂർവ്വഘട്ടത്തെ മുഴുവൻ ഗ്രസിച്ചുകളയുന്നില്ല. പൂർവ്വഘട്ടങ്ങളുടെ അവശിഷ്ടങ്ങളെ ഉത്തരഘട്ടങ്ങളുടെ വികാസത്തോടൊപ്പംതന്നെ ഹൈന്ദവരാഷ്ട്രത്തിൽ കാണാമെന്നു താല്പര്യം.[1]

എന്നാൽ ഹിന്ദുമതമാകുന്ന മഹാവൃക്ഷത്തിന്മേൽ കാലക്രമത്തിൽ പററിക്കൂടി വളം വലിച്ചെടുത്തു തഴച്ചുയർന്ന ദുരാചാരങ്ങളും ദുഷ്ടവിശ്വാസങ്ങളുമാകുന്ന ഇത്തിക്കണ്ണികളെ പറിച്ചുകളയുവാനായി ഉററുശ്രമിച്ച ആത്മീയാചാര്യന്മാരെ ഭാരതമാതാവു നിരന്തരം ലോകത്തിന്നു പ്രദാനംചെയ്യാതിരുന്നിട്ടില്ല. അവരുടെ മതപരിഷ്കരണപ്രയത്നങ്ങൾ ഹിന്ദുമതത്തിൻെറ ഓരോ അംശങ്ങളെ ശുദ്ധീകരിച്ചതോടൊപ്പംതന്നെ അല്പം ചില രൂപഭേദങ്ങളോടുകൂടിയ നൂതനമതങ്ങളെ സ്ഥാപിക്കുന്നതിനും വഴിവെക്കുകയുണ്ടായിട്ടുണ്ട്. ശ്രീബുദ്ധഭഗവാൻെറ നാമം ഈ സന്ദർഭത്തിൽ പ്രത്യേകം സ്മർത്തവ്യമാകുന്നു. വിഗ്രഹാരാധന, ജന്തുബലി തുടങ്ങിയ ദുഷിച്ച വശങ്ങൾക്കു പ്രാബല്യം സിദ്ധിച്ചപ്പോൾ അവയെ ദൂരീകരിക്കുവാൻ ജീവിതം മുഴുവൻ ഉഴിഞ്ഞുവെച്ച മററനേകം ആചാര്യന്മാർ പിന്നെയും ഇന്ത്യയിൽ അവതാരമെടുത്തു. ഇതോടുകൂടി മുഹമ്മദീയമതം ക്രിസ്തുമതം മുതലായ ഇതരമതങ്ങളുമായുള്ള സമ്പർക്കം, താരതമ്യവിവേചനംകൊണ്ടു ബുദ്ധിക്കു വികാസം വരുത്തുവാൻ സഹായമായിത്തീരുകയും ചെയ്തു. ഇങ്ങനെ എത്രയെത്ര പുതിയ സംജ്ഞകളും മാർഗ്ഗഭേദങ്ങളുമാണു നമ്മുടെ മതസാമ്രാജ്യത്തിൽ ആവിർഭവിച്ചതു്! സ്വാമി ദയാനന്ദസരസ്വതിയുടെ ആര്യസമാജം,ഗുരുനാനാക്കിന്റെ

1 'Natural Religion in India'— Sir Alfred C. Lyall

ശിഖമതം, കബീർ, മീരാബായി മുതലായവർ താലോലിച്ച ഭക്തിപ്രസ്ഥാനം, രാജാരാംമോഹൻറായി ബീജാവാപംചെയ്ത ബ്രഹ്മസമാജം മുതലായവയെല്ലാം ഇപ്രകാരം പ്രചാരത്തിൽ വന്നവയാണു്.

മഹാൻ എന്ന പേരിനു് എന്തു നിർവ്വചനം കൊടുത്താലും വേണ്ടതില്ല, ഭാരതീയരായ പ്രസിദ്ധ മതാചാര്യന്മാരെല്ലാം ഏറെക്കുറെ മഹാന്മാരായിരുന്നു എന്നതിനു സംശയമില്ല. സത്യം ധർമ്മം എന്നിവയെ മുറുകെപ്പിടിച്ചേ കഴിയൂ എന്നു് അവരെല്ലാം ഏകകണ്ഠമായി സിദ്ധാന്തിച്ചിട്ടുള്ളതാണു്. "സത്യം വദ, ധർമ്മം ചര" എന്നും "മനസ്യേകം വചസ്യേകം കർമ്മണ്യേകം മഹാത്മനാം" എന്നുമാണു ഭാരതീയപരമാദർശം. ശ്രീരാമൻ, ഹരിശ്ചന്ദ്രൻ എന്നിവർതുടങ്ങി മഹാത്മാഗാന്ധിവരെയുള്ള ഭാരതീയമഹാന്മാരെല്ലാംതന്നെ സത്യധർമ്മങ്ങൾക്കുവേണ്ടി എന്തു ദുഃഖവും ത്യാഗവും സഹിക്കുവാൻ മടിയില്ലാത്തവരായിരുന്നു. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം സിദ്ധിച്ചതിന്നുശേഷം യഥാർത്ഥമായ ഭാരതീയാദർശങ്ങൾക്കു വൃദ്ധിയോ ക്ഷയമോ ഉണ്ടായിട്ടുള്ളതു്? രാഷ്ട്രമഹാസൗധം നിർമ്മിക്കുന്നതിനു് ഉപയോഗിക്കുന്ന ഓരോ കല്ലും മരവും കേടററതും ഈട്ടററതുമായിരിക്കണം. എന്നാൽമാത്രമേ സ്വാതന്ത്ര്യം സഫലമാകത്തക്കവിധം രാഷ്ട്രത്തിനു് ഉറപ്പു കൈവരികയുള്ളൂ. സ്വാതന്ത്ര്യം എന്നതു ഭരണാധികാരികൾക്കു മാത്രമുണ്ടായാൽ പോരാ, ഭരണീയർക്കും ഉണ്ടായിരിക്കണം. ഇന്നത്തെ സമ്പ്രദായത്തിൽ വ്യക്തിയുടെ സ്വാതന്ത്ര്യം കക്ഷിയുടെ നിയന്ത്രണത്തിനധീനമായിരിക്കണമെന്നാണു വെപ്പ്. അപ്പോൾ സത്യധർമ്മങ്ങൾ പരിപാലിക്കുവാൻ വ്യക്തിക്കു് എന്നും എല്ലാക്കാര്യത്തിലും സാധിച്ചു എന്നു വരുന്നതല്ല.

അങ്ങനെ, ഭാരതീയാദർശത്തെ ചിലപ്പോഴെല്ലാം തകിടം മറിക്കുന്ന ചുററുപാടുകൾ ഇക്കാലത്ത് അവിടവിടെ ജൃംഭിക്കുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഏതായാലും ഒരുകാര്യം തീർച്ചയാണ്. യഥാത്ഥ ഭാരതീയാദശങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള അഭിവൃദ്ധിമാത്രമേ ഇന്ത്യയ്ക്കു ശ്രേയസ്കരമായിരിക്കയുള്ളു.

# സാഹിത്യമമ്മങ്ങൾ

മനുഷ്യനില്ലുള്ള മൃഗീയാംശത്തെ ക്ഷയിപ്പിക്കുകയും, ദിവ്യാംശത്തെ പുഷ്ടിപ്പെട്ടുത്തുകയും ചെയ്യുകയാണു് സംസ്കാരത്തിൻെറ ധമ്മം. അതിനുള്ള ഉപകരണങ്ങളുടെ കൂട്ടത്തിൽ സാഹിത്യത്തിൻെറ സ്ഥാനം ഒട്ടും അപ്രധാനമല്ല. നന്മയുടേയും മേന്മയുടേയുമെന്നപോലെ സൗന്ദയ്യത്തിൻേറയും സത്യത്തിൻേറയും പരമാദശ്മായി നാം കണക്കാക്കുന്ന സാക്ഷാൽ ജഗദീശ്വരനോട്ട് നമ്മെ അട്ടപ്പിക്കുന്ന സാഹിത്യം സംസ്കാരസാധനങ്ങളിൽവെച്ച് അത്യുത്തമമെന്നുതന്നെ പറയാം. ഇക്കാര്യത്തിൽ സാരജ്ഞന്മാക്ക് യാതൊരഭിപ്രായവ്യത്യാസവുമുണ്ടാകുവാൻ വഴിയില്ല.

എന്നാൽ നന്മ, മേന്മ, സൗന്ദയ്യം, സത്യം എന്നീ പദങ്ങളെ പലരും പലമട്ടിൽ വ്യാഖ്യാനിക്കുന്നു. ഇവയെ സാഹിത്യത്തിൽ പ്രകാശിപ്പിക്കേണ്ട സമ്പ്രദായത്തെക്കുറിച്ചും ഭിന്നാഭിപ്രായങ്ങളാണു കാണുന്നതു്. ഇങ്ങനെ സാഹിത്യത്തെ സംബന്ധിച്ചു് അഭിപ്രായഭേദങ്ങളും ഉണ്ടാകുന്നു.

മാനവസമുദായത്തിൻെറ ചരിത്രത്തിൽ ഓരോ ഘട്ടത്തിൽ ഓരോതരം ആദശ്സാഹിതമ്ലാണു് പ്രാധാന്യം കല്പിച്ചുകാണുന്നതു്. അതു് സംസ്കാരപരിണാമത്തിൻെറ ഓരോ പടിയെ കുറിക്കുന്നതുമാണു്. ഓരോ കാലത്തു് ഓരോ ജനവിഭാഗത്തിനു് ഓരോ ദേവന്മാരാണു് പൂജാർഹരായിത്തോന്നുക. രാജ്യഭരണരീതികളെക്കുറിച്ചും ജനഹിതം മാറി മറിഞ്ഞുകൊണ്ടിരിക്കും. ഇതൊക്കെ സാഹിത്യത്തെ ഏറെക്കുറെ ബാധിക്കാതിരിപ്പാൻ നിവൃ

ത്തിയില്ല. എന്തുതന്നെ പറഞ്ഞാലും സാഹിത്യം ജീവിതത്തിന്റെ പ്രതിഫലനമാണെന്നുള്ളതുതന്നെയാണു് അതിന്റെ കാരണം. എല്ലാ സാഹിത്യവും ജീവിതദർപ്പണമാണു്. സാങ്കല്പികലോകങ്ങളിൽ മാത്രം സഞ്ചരിച്ചു സുഖിക്കുന്ന സാഹിത്യകാരനും ഒരുവിധത്തിൽ ജീവിതവിമർശകനാകുന്നു; എന്നുവെച്ചാൽ ജീവിതവ്യാഖ്യാതാവു്, ജീവിതപ്രകാശകൻ എന്നർത്ഥം.

അതെങ്ങനെയെന്നു ചോദിക്കുന്നുവെങ്കിൽ സമാധാനം പറയാം.

പരന്മാരെ ആശ്രയിച്ചും പ്രയത്നം കൂടാതെയും അലസന്മാരായി, കേവലം സുഖലോലുപന്മാരായി കഴിഞ്ഞുകൂടുന്നവർക്കു ജീവിതം വെറുമൊരു വിനോദരംഗമായിരിക്കും. അങ്ങനെയുള്ളവരുടെ സാഹിത്യമാകട്ടേ, യാതൊരു സിദ്ധാന്തമോ അഭിപ്രായമോ ഇല്ലാതെ 'തമാശ'യ്ക്കുവേണ്ടിമാത്രം ഉപരിപ്ലവരീതിയിൽ പടച്ചു വിടുന്നതായിരിക്കും. അതിനു വലിയ മെച്ചമൊന്നുമുണ്ടാകയില്ല. സാഹിത്യകാരൻ തന്റെ പ്രതിഭയാകുന്ന ദർപ്പണത്തെ ജീവിതത്തിനുനേർക്കു തിരിക്കുന്നതേയില്ല. യാഥാർത്ഥ്യങ്ങളെക്കുറിച്ചു് അയാൾക്കു വലിയ താല്പര്യവുമില്ല. അത്തരം സാഹിത്യത്തെ ഒരുതരം 'മയക്കമരുന്നാ'യി മാത്രം അഭിനന്ദിച്ചാൽ മതി.

ജീവിതയാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുവാനുള്ള വൈമനസ്യം നിമിത്തം സങ്കല്പലോകങ്ങളെ ഭാവനകൊണ്ടു സൃഷ്ടിച്ചു് അവിടെത്തന്നെ ഉറച്ചുകൂടുന്ന ചില സാഹിത്യകാരന്മാരുണ്ടു്. അവർക്കു സ്വതന്ത്രാഭിപ്രായങ്ങളില്ലാായ്കയുമില്ല. എന്നാൽ സമകാലസ്ഥിതിഗതികൾ അതിനിണങ്ങാത്ത മട്ടായിരിക്കും: അവരുടെ ആദർശങ്ങൾക്കു് കടകവിരുദ്ധമായിരിക്കും യഥാർത്ഥലോകം; അഥവാ സ്വതന്ത്രാ

ഭിപ്രായപ്രകടനം ആപൽക്കരമായിരിക്കും. ഇങ്ങനെ വരുമ്പോൾ സാഹിത്യകാരന്മാർ ഭാവനാവിമാനത്തിൽ കേറി യാഥാത്ഥ്യങ്ങളിൽനിന്നു ദൂരദൂരം പറന്നുപോയി പുതിയ മാതൃകാലോകങ്ങൾ സൃഷ്ടിച്ച് അവിടെ ചുററിപ്പററിക്കൂടുന്നു. വാസ്തവലോകത്തിന്റെ വൈകൃതം തെളിയിക്കുവാൻ അവർ നേരേ വിപരീതമായ മാതൃകാലോകം സൃഷ്ടിച്ചു കാണിക്കുന്നു; 'ഉള്ളത്' ഏതു വിധം എന്നു കാണിക്കുന്നതിനുപകരം, 'വേണ്ടതു്' ഏതുവിധം എന്നു കാണിക്കുകയാണു് അവർ ചെയ്യുന്നതു്. വിപരീതംകൊണ്ടു് കാര്യം വിശദമാക്കുകയാണ് അവരുടെ നയം. സാഹിത്യത്തിലെ യുട്ടോപ്പിയാ(Utopia)കളും തത്തുല്യങ്ങളായ മാതൃകാലോകങ്ങളും ഇതിനു് ഉദാഹരണങ്ങളാകുന്നു.

അന്നന്നത്തെ ലോകഗതിവിഗതികളെക്കുറിച്ചു തങ്ങൾക്കുതോന്നുന്ന അഭിപ്രായങ്ങളെ സ്വച്ഛന്ദമായി പ്രകാശിപ്പിക്കുവാൻ ഏതെങ്കിലും കാരണത്താൽ വിമുഖന്മാരായ സാഹിത്യകാരന്മാർ, പല പ്രച്ഛന്നരൂപങ്ങളിലും അവയെ ആവിഷ്കരിക്കാറില്ലെന്നില്ല. അന്യാപദേശം, രൂപകാതിശയോക്തി, സമാസോക്തി, സുദീർഘമായ രൂപകം, (ഹിന്ദിയിലെ) ഛായാവാദം മുതലായ പല കൗശലങ്ങളും അവർ സ്വീകരിക്കുന്നു. പുരാണങ്ങളിലെ ദേവലോകംപോലും പലപ്പോഴും കവികളുടെ സമകാലപരിതഃസ്ഥിതികളെ പ്രതിബിംബിപ്പിക്കുന്നില്ലയോ എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. കാളിദാസകവിയുടെ കൃതികളിൽ പലേടത്തും അദ്ദേഹത്തിന്റെ കാലത്തുള്ള യാഥാത്ഥ്യങ്ങൾ നിഴലിച്ചുകാണാം. മേഘസന്ദേശം ഒരു ആത്മകഥാകഥനമാണെന്നുള്ളതിനു പല തെളിവുകളുമുണ്ടു്. രാജത്വത്തിന്റെ അധഃപതനം രഘുവംശത്തിൽ കാണിച്ചിരിക്കുന്നു. 'മാളവികാഗ്നിമിത്രം' ചരിത്രപരമായ

അടിസ്ഥാനമുള്ള ഒരു കഥയാണ്. ഗാർഹസ്ഥ്യത്തിനു അപകർഷം കല്പിച്ചിരുന്ന കാലത്തു്, സന്യാസത്തിനു സർവ്വപ്രാധാന്യം നല്കിക്കൊണ്ടുള്ള മതം പ്രചരിച്ചിരുന്ന കാലത്തു്, ഗാർഹസ്ഥ്യത്തിൻെറ മഹത്വം പ്രകീർത്തിക്കുകയാണ് കാളിദാസൻ 'കുമാരസംഭവ'ത്തിൽ ചെയ്തതു്. ഗാർഹസ്ഥ്യപ്രശസ്തി അദ്ദേഹത്തിൻെറ പല കൃതികളിലും സ്ഥലംപിടിച്ചിട്ടുള്ളതായി കാണാം. അതുപോലെ നാട്ടിലെങ്ങും ഭക്തിയോഗത്തിനു് ഒരുണർച്ച്യുണ്ടായ കാലഘട്ടത്തിലാണ് തുഞ്ചത്തെഴുത്തച്ഛൻ അതിൻെറ സന്താനവും നിയന്താവുമായി മലയാളത്തിൽ അവതരിച്ചതു്.

ഇങ്ങനെ യാഥാർത്ഥ്യങ്ങളുടെ നേൎക്കു്, അതായതു് സമകാലസമുദായത്തിൻെറ നേൎക്കു്, തങ്ങളുടെ പ്രതിഭാദർപ്പണത്തെ കുത്തനെ തിരിച്ചുപിടിക്കുവാൻ മടിക്കുകയും എന്നാൽ അതേ സമയംതന്നെ, സ്വല്പം വക്രമായ ഒരു രീതിയിൽ അതിനെ അവ്യക്തമായി പ്രതിഫലിപ്പിച്ചു കാണിക്കുകയും ചെയ്യുന്ന അനേകം സാഹിത്യകാരന്മാർ എല്ലാ ഭാഷകളിലും ഉണ്ടായിട്ടുണ്ടു്. കാവ്യരസാസ്വാദനമാണ് അവരുടെ കൃതികളാൽ സർവ്വോപരി സർവ്വജനങ്ങൾക്കും സാധിക്കുന്നതു്. ചുഴിഞ്ഞുനോക്കിയാൽ സമകാലചരിത്രവും അവയുടെ അടിയിൽ പരിലസിക്കുന്നതു കാണാം. ചരിത്രത്തിൻെറ കട്ടകുമണികളെ കാവ്യത്തിന്റെ പഞ്ചസാരയിൽ കട്ടിയായി പൊതിഞ്ഞുണ്ടാക്കുന്ന മിഠായിയാണ് ഇത്തരം സാഹിത്യം. യാഥാർത്ഥ്യമാകുന്ന ഔഷധത്തെ രസമാകുന്ന തേനിൽച്ചേർത്തു് ആസ്വാദ്യതരമാക്കുന്ന ഒരു സമ്പ്രദായം ഇത്തരം കൃതികളിൽ സ്വീകരിച്ചിരിക്കുന്നു എന്നു പറയാം.

കവിയുടെ പ്രതിഭാദർപ്പണത്തെ ചുററുപാടുകളുടെ നേൎക്കു് തിരിച്ചുപിടിച്ചു്, അവയെ കാണുന്നപടിതന്നെ

കാവ്യത്തിലേക്കു പകൎത്തുകയാണു വേണ്ടതെന്നൊരു സി ദ്ധാന്തം ചില കാലത്തു് ചില രാജ്യങ്ങളിൽ പ്രബലമാ യി പ്രചരിച്ചുകണ്ടിട്ടുണ്ടു്. തൽഫലമായി 'യഥാതഥ' പ്ര സ്ഥാനം എന്നു പറയുന്ന സാഹിത്യസമ്പ്രദായത്തിനു മേൽക്കൈ കിട്ടുകയും ചെയ്യുന്നു. ജീവിതത്തിൽനിന്നു് ഉ ടലുമുയിരുമെടുത്തു് ജീവിതത്തോടു ദൃഢബന്ധം പുലൎത്തി പ്പോരുന്നതാണു് സജീവമായ സാഹിത്യം എന്നതിനു സംശയമില്ല. എന്നാൽ അതു് ഏതെങ്കിലുമൊരൊററ പ്ര കാരത്തിൽ മാത്രമേ ആകാവൂ എന്നും, മററു പ്രകാരങ്ങളെ ല്ലാം നികൃഷ്ടങ്ങളോ ത്യാജ്യങ്ങളോ ആണെന്നും മക്കടമു ഷ്ടി പിടിക്കുന്നതു ശരിയല്ല. സാഹിത്യത്തിൽ അങ്ങ നെ ചെയ്യുന്നതു് സങ്കുചിതമനസ്സിന്റെ ലക്ഷണമാകുന്നു. എന്തെന്നാൽ, സാഹിത്യത്തിൽ ജീവിതം പ്രതിഫലിക്കു ന്നതു് പലപ്രകാരത്തിലുമാകാം.

കവി തന്റെ ചുററുപാടുകളെ നേരേ വിമശിക്കു വാൻ മടി കാണിച്ചേക്കാമെന്നു മുൻപു പറഞ്ഞുവല്ലോ. അങ്ങനെ വരുന്ന ചില ഘട്ടങ്ങളിൽ, സമകാലചരിത്ര ത്തെ ഒരു പുരാണച്ഛായയിലോ മറേറാ അയാൾ വിമശി ച്ചേക്കാം. ഇതിനു വിപരീതമായ ഒരു സമ്പ്രദായം ചി ല കവികൾ സ്വീകരിച്ചുകാണുന്നു—അതായതു് പുരാണ ങ്ങളെ സമകാലചരിത്രമായി ചിത്രീകരിക്കുക. ഉദാഹര ണമായി നമുക്കു് കുഞ്ചൻനമ്പ്യാരുടെ തുള്ളലുകളുണ്ടല്ലോ. പുരാണകഥകളെല്ലാം നടന്നതു് കുറച്ചുകാലം മുമ്പും കേര ളത്തിൽവെച്ചുമാണെന്നു തോന്നിപ്പോകും കുഞ്ചന്റെ തു ള്ളൽവായിച്ചാൽ. അക്കാലത്തെ കേരളം അതിൽ അത്ര സ്പഷ്ടമായി പ്രതിഫലിച്ചു കാണാം. കുഞ്ചൻനമ്പ്യാക്കു് ഇത്തരം സാഹിത്യം നിമ്മിക്കുന്നതിനുള്ള വഴി കാട്ടി ക്കൊടുത്തതു് ചാക്യാർകൂത്തും ഭാഷാചമ്പുക്കളുമാണെന്നു

താരതമ്യപഠനംകൊണ്ടു സ്പഷ്ടമാകുന്നു. കുഞ്ചന്റെ ഫലിത പ്രവാഹത്തിൽ യുക്തിഭംഗങ്ങളെല്ലാം ഒലിച്ചുപോകുന്നു.

എന്നാൽ ജീവിതത്തിലേയോ പ്രകൃതിയിലേയോ യാഥാത്ഥ്യങ്ങളെ അങ്ങനെതന്നെ കാണുന്നപടി പകത്തുന്നതു കലയ്ക്കു യോജിച്ച സമ്പ്രദായമല്ല. അതു ഛായാഗ്രഹണംപോലെ കേവലം യാന്ത്രികമായ ഒരു രീതിയാണു്. ഛായാഗ്രഹണമെന്നതു മിക്കവാറും യാന്ത്രികമായിട്ടുള്ള ഒരു പ്രവൃത്തി മാത്രമാണു്. എന്നാൽ ഛായാഗ്രാഹകൻ ഒരു കലാകാരനാണെന്നു വിചാരിക്കുക. കലയുടെ അംശം ഛായാഗ്രഹണത്തിൽ ചെലുത്തി, അതിനു ചിത്രകലയോടു അടുപ്പം സമ്പാദിച്ചുകൊടുക്കുവാൻ അയാൾക്കു സാധിക്കും. അയാളുടെ വ്യക്തിമുദ്ര അതിൽ പതിഞ്ഞിരിക്കണം. അല്ലാതെ യാഥാത്ഥ്യമാണെന്ന ഏകകാരണം കൊണ്ടു കണ്ടതെല്ലാം ഔചിത്യംകൂടാതെ പ്രസ്തരിച്ച്, പൂവ്വസങ്കേതങ്ങളനുസരിച്ചു മാത്രം നിമ്മിക്കുന്ന സാഹിത്യം മനോധമ്മദ്യോതകമല്ല. സ്വീകാര്യാംശങ്ങളെ സ്വീകരിക്കുക, ത്യാജ്യാംശങ്ങളെ ത്യജിക്കുക, പ്രാധാന്യാധിക്യം വേണ്ട ഭാഗങ്ങളിൽ കൂടുതൽ വെളിച്ചം തട്ടിക്കുക, അപ്രധാനഭാഗങ്ങളെ ഗുണീഭൂതമാക്കുക അല്ലെങ്കിൽ തമസ്കരണംചെയ്യുക—ഇങ്ങനെ ഓരോ കൗശലങ്ങൾ പ്രയോഗിക്കുവാൻ കവിക്കു് സ്വാതന്ത്ര്യമുണ്ടു്. ഉദ്ദേശ്യം ഔചിത്യപൂവ്വം സാധിക്കുവാനായി ആ സ്വാതന്ത്ര്യം വിനിയോഗിക്കുകയും ചെയ്യണം. ഇപ്രകാരമാണു് സാഹിത്യകാരൻ തന്റെ വ്യക്തിവൈഭവം വെളിപ്പെടുത്തുന്നതു്—ഛായാഗ്രാഹകൻ (Photographer) കലാകാരനായി ഉയരുന്നതു്. സന്ദർഭങ്ങൾക്കും പാത്രങ്ങൾക്കും സമുചിതമായ വ്യക്തിത്വം വ്യക്തമാകത്തക്കവിധം വേണം സാഹിത്യത്തിലെ, പ്രതിപാദനമെന്നു ചുരുക്കം. കുറേനാൾമുമ്പു പത്രങ്ങ

ളിൽ വായിക്കയുണ്ടായി, ഒരു കലാകാരനായ ഛായാഗ്രാഹകൻ സാക്ഷാൽ ചച്ച്ലിൻെറ ഛായയെടുത്ത കഥ. ആ സിംഹപരാക്രമിയുടെ വ്യക്തിത്വം വെളിപ്പെടത്തത്തക്ക വിധം വേണം ഛായയെടുക്കുവാൻ എന്നു നിശ്ചയിച്ച്, മുഹൂത്തമായപ്പോൾ ചച്ച്ൽ കടിച്ചുപിടിച്ചുകൊണ്ടിരുന്ന ചുരുട്ട് യാതൊരു മയ്യാദയും കൂടാതെ പെട്ടെന്നുചെന്നു വലിച്ചെടുത്തൊരേറുകൊടുത്തു. അപഹൃതശാബകയായ വ്യാഘ്രിയെപ്പോലെ ഭയങ്കരമായി ചച്ച്ലിൻെറ ഭാവം; മുഖം രൗദ്രമായി; ഉടനെ കഴിഞ്ഞു ഛായാഗ്രഹണം! അങ്ങനെ ചച്ച്ലിൻെറ യഥാത്ഥസ്വഭാവം തെളിഞ്ഞു കാണാവുന്ന ഒരു ഛായ എടുക്കുവാനും സാധിച്ചു. സാഹിത്യത്തിലും ഇതുപോലെതന്നെ മുഖ്യാംശം പ്രകാശിപ്പിക്കണം. അപ്രധാനഭാഗങ്ങളിലേക്ക് ശ്രദ്ധ പാളിപ്പോകരുത്. ഐകാഗ്ര്യത്തിനു ശൈഥില്യം വരുത്തുന്ന അനാവശ്യവർണ്ണനകൾ അനുവദിക്കരുത്. എന്നാൽ മാത്രമേ സ്വഭാവോക്തി ഒരു ഉത്തമാലങ്കാരമായി ശോഭിക്കുകയുള്ളൂ. 'നേർപകർപ്പെ'ല്ലാം സ്വഭാവോക്തിയല്ല.

ഇന്നത്തെ ഖണ്ഡകഥകളിലും ലഘുകാവ്യങ്ങളിലും കലാപരമായ ഔചിത്യമോ സൗഭാഗ്യമോ ഇല്ലാത്ത അനാവശ്യവിവരണങ്ങൾ ചിലേടങ്ങളിൽകാണുന്നുണ്ട്. "ഈ അംശം ഇത്ര വിസ്തരിച്ചിട്ടുള്ളതിൻെറ പ്രയോജനമെന്താണ്?" എന്നു വായനക്കാക്കു ചിലപ്പോൾ ചോദിക്കാൻ തോന്നിയേക്കും. ജീവിതത്തിലെ യാഥാത്ഥ്യങ്ങളാണെന്ന ഏകകാരണത്താൽ വേണ്ടാത്തതെല്ലാം വലിച്ചിറക്കുന്നതു ശരിയല്ല. സന്ദർഭത്തിനു യോജിച്ചതും അത്യാവശ്യമുള്ളതുമായ അംശങ്ങളെ മാത്രമേ സാഹിത്യത്തിൽ വിവരിക്കേണ്ടതുള്ളൂ. മമ്മഭാഗങ്ങളിലേക്കു ശ്രദ്ധയെ ആകർഷിക്കുവാനാണു കലാകാരൻ യത്നിക്കേണ്ടതു്. ഉദ്ദേശമെന്തെങ്കിലു

മുണ്ടെങ്കിൽ അതിൻെറ വിശദീകരണത്തിനു് ഉപകരിക്കുന്ന ഭാഗങ്ങളെമാത്രം പ്രസ്തുരിക്കണം. ശ്രദ്ധയെ അതിൽ കേന്ദ്രീകരിക്കണം; അതിനു ശൈഥില്യം സംഭവിക്കാതെ പ്രത്യേകം സൂക്ഷിക്കണമെന്നത്ഥം.

'യഥാതഥപ്രസ്ഥാനം' സാഹിത്യത്തിൽ ഉൽകൃഷ്ടസ്ഥാനം അർഹിക്കുന്നു എന്നതിനു സംശയമില്ല. എന്നാൽ യാഥാത്ഥ്യങ്ങളെ സമഗ്രമായി സാഹിത്യത്തിലേക്കു പകത്തുക എന്നതല്ല അതിൻെറ ധമ്മം. കല അനുസരിക്കേണ്ടതായ ചില നിയമങ്ങളെല്ലാമുണ്ടു്. 'നിയതികൃതനിയമരഹിത'യാണു് കല എന്നതു ശരിതന്നെ; സ്വാതന്ത്ര്യമാണു് അതിൻെറ ജീവൻ എന്നതും ശരിതന്നെ. എങ്കിലും ഉദ്ദേശം സാധിക്കുവാനായി ശ്രമിക്കുമ്പോൾ ചില പ്രത്യേക മാൎഗ്ഗങ്ങളെ സ്വീകരിക്കുന്നതു സ്വാഭാവികമാണല്ലൊ. അതനുസരിച്ചു് ചില നിബന്ധനകളെല്ലാം മാൎഗ്ഗദൎശകമായി സാഹിത്യത്തിലുമുണ്ടു്. അവയെ മാനിക്കുകതന്നെ വേണം.

ആരോഗ്യത്തിന്റെ പരിപൂൎത്തികൊണ്ടു് അനുഗൃഹീതനായ ഒരു യുവാവിനു തൃതീയപുരുഷാൎത്ഥാഭിലാഷം എന്നപോലെ അത്ര സ്വാഭാവികമാണു് പ്രതിഭാശക്തി തിരതല്ലുന്ന ഒരു കവിക്കു് തൻെറ ജീവിതവിമൎശാവിഷ്കരണത്തിനുള്ള താൽപര്യവും. പ്രകൃതിയുടെ പ്രബലമായ ആഭ്യന്തരപ്രചോദനമാണു് രണ്ടിനും നിദാനമായി നില്ക്കുന്നതു്. "എനിക്കെഴുതാതെ നിവൃത്തിയില്ലാത്തതുകൊണ്ടു് ഞാനെഴുതുന്നു" എന്നൊരാംഗ്ലേയകവി പറഞ്ഞിട്ടുള്ളതിൻെറ സാരം ഇതുതന്നെയാണു്. 'പത്തും തികഞ്ഞാൽ' പ്രസവിക്കാതിരിപ്പാൻ കഴിയാത്തതുപോലെ പ്രതിഭാസമ്പൂൎണ്ണനായ കവിക്കു് പരിതഃസ്ഥിതികളുടെ പ്രത്യാഘാതം പ്രകാശിപ്പിക്കാതിരിപ്പാൻ സാധിക്കുന്നതല്ല. കവിയുടെ പ്രതി

ഭയും പ്രപഞ്ചവും തമ്മിലുള്ള ആഘാതപ്രത്യാഘാതങ്ങളുടെ ഫലമായിട്ടാണു് ഉൽകൃഷ്ടസാഹിത്യം ഉടലെടുക്കുന്നതു്; കവിയുടെ വ്യക്തിമുദ്ര അതിൽ പതിഞ്ഞിരിക്കയും ചെയ്യും. ചുററുപാടുകളെ സൂക്ഷ്മമായി നിരീക്ഷണംചെയ്തു്, അവയെക്കുറിച്ചു തനിക്കു് എന്തെങ്കിലും സ്വതന്ത്രമായ അഭിപ്രായമോ സിദ്ധാന്തമോ ആവിഷ്കരിക്കുവാൻ വെമ്പൽകൊള്ളുമ്പോഴാണു് സാഹിത്യകാരൻ പേനയെടുക്കുന്നതു്; അഥവാ അറിയാതെത്തന്നെ, അങ്ങനെ ചെയ്യുവാൻ പ്രേരിതനാകുന്നതു്. ആഭ്യന്തരപ്രചോദനത്തിൻെറ ഫലമായി സാഹിത്യരചനയ്ക്കൊരുങ്ങിയാൽ ജീവിതത്തെക്കുറിച്ചു തോന്നിയിട്ടുള്ള അഭിപ്രായം അതിൽ താനേ വ്യക്തമായിക്കൊള്ളും. എത്ര നിഷ്പക്ഷനും നിഷ്കാമനുമായി കാര്യങ്ങൾ വിവരിക്കുവാൻ ശ്രമിച്ചാലും കവിക്കു തൻെറ സ്വത്വം അതിൽനിന്നു തീരെ മറച്ചുവയ്ക്കുവാൻ കഴിയുകയില്ല; ചിത്രകാരൻ കുനിഞ്ഞിരുന്നുകൊണ്ടു് എന്തു ചിത്രം തന്നെ വരച്ചാലും വേണ്ടതില്ല, അതിന്മേൽ അയാളുടെ നിഴൽ വീഴുന്നതു കേവലം സ്വാഭാവികമാണല്ലോ.

തൻെറ ഛായ തൻെറ കൃതിയിൽ പതിക്കണം; തൻെറ സ്വത്വം അതിൽ മുന്തിനിൽക്കണം; തൻെറ സിദ്ധാന്തം അതിൽക്കൂടെ പ്രചരിക്കണം—എന്നിങ്ങനെ കല്പിച്ചുകൂട്ടി 'പല്ലിറുക്കി'ക്കൊണ്ടു് പണിക്കിറങ്ങിയാൽ മാത്രമേ സാഹിത്യകാരനു സ്വധർമ്മം ശരിയായി നിർവ്വഹിക്കുവാൻ സാധിക്കു എന്നു ശഠിക്കുന്നതു സാധൂകരിക്കാവുന്നതല്ല. പ്രതിഭാപരമായി പരിപൂർണ്ണാരോഗ്യമുള്ള കവി 'രമണീയാർത്ഥപ്രതിപാദക'മായ ശബ്ദം ആവിഷ്കരിച്ചാൽ മതി, അതിലയാളുടെ ജീവിതവിമർശം സ്വയം രൂപം ധരിച്ചവതരിച്ചുകൊള്ളും—ആരോഗ്യസമ്പത്തിയുള്ള യുവതീയുവാക്കന്മാരുടെ സ്വാഭാവികമായ ഗാർഹികജീവിതം

സന്താനലാഭത്തിനു വഴിവെച്ചുകൊടുക്കുന്നതുപോലെ. ഹൃദയത്തിനു പരിപൂർണ്ണാരോഗ്യവും പ്രതിഭയ്ക്കു വേണ്ടുവോളം ശക്തിയുമുള്ള കവി പരിതഃസ്ഥിതികളെക്കുറിച്ചെഴുതുമ്പോൾ അയാളുടെ അഭിപ്രായങ്ങളും സിദ്ധാന്തങ്ങളും മററും താനേ വെളിവായിക്കൊള്ളുമെന്നു താല്പര്യം.

സമകാലജീവിതം പാടേ വെറുത്ത്, അതിൽനിന്നു പിൻതിരിഞ്ഞോടി, സ്വന്തം കല്പനാശക്തികൊണ്ട് ആദർശസുരഭിലങ്ങളായ നൂതനരൂപങ്ങളെ സൃഷ്ടിച്ച് അവയിൽ നിർവൃതിതേടുന്ന സാഹിത്യകാരന്മാർ ഒരു ഭാഗത്ത്; പരിതഃസ്ഥിതികളെ യഥാതഥം സാഹിത്യത്തിലേക്കു പകർത്തി, അവയെക്കുറിച്ച് കളിയായോ കാര്യമായോ വിമർശിച്ച്, സ്വാഭിപ്രായം വെളിവാക്കി ജീവിതത്തോടു മല്ലടിക്കുന്ന കവികൾ മറെറാരു ഭാഗത്ത്—ഇങ്ങനെ രണ്ടു ഭിന്നരുചിക്കാരെ നാം കാണുന്നുണ്ടല്ലോ. പ്രശസ്തന്മാരും ശാശ്വതപ്രതിഷ്ഠ ലഭിച്ചിട്ടുള്ളവരുമായ ഗ്രന്ഥകാരന്മാർ രണ്ടിനങ്ങളിലും അസംഖ്യംപേർ ഉണ്ടായിട്ടുണ്ട്. അവരുടെ ഉൽകർഷത്തിനടിസ്ഥാനമായി നില്ക്കുന്നത് കലാപരമായി അവരുടെ കൃതികളിൽ കാണുന്ന മേന്മയാണ്. രസപ്രധാനമായും ആഹ്ലാദകരമായുമുള്ള വിധത്തിൽ വിഷയത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളതാണ് അവയ്ക്കു ജീവൻ നല്കുന്നത്. അവരുടെ ജീവിതവിമർശവും അവയിൽ സ്വയംപ്രകാശമാനങ്ങളാകുന്നു.

ഇത്രയും പറഞ്ഞതിൽനിന്നു് തെളിയുന്ന തത്വത്തിന്റെ വെളിച്ചത്തിൽ 'കല കലയ്ക്കുവേണ്ടി' എന്നും 'കല ജീവിതത്തിനുവേണ്ടി' എന്നുമുള്ള വാദമുഖങ്ങളെ ഒന്നു സൂക്ഷ്മമായി പരിശോധിക്കുക; അപ്പോൾ അറിയാറാകും അവ തമ്മിലുണ്ടെന്നു തെററിദ്ധരിക്കുന്നതായ ആ പരസ്പരവൈരുദ്ധ്യത്തിനു് യാതൊരടിസ്ഥാനവുമില്ലെന്നു്.

വാട്ടവും കോട്ടവും തട്ടാത്തതും, ആരോഗ്യം തികഞ്ഞതുമായ കവിപ്രതിഭ, ജീവിതത്തിന്മേൽ കളിയാടുമ്പോൾ, സാന്മാൎഗ്ഗികസിദ്ധാന്തങ്ങൾക്കിണങ്ങിയ സാഹിത്യം സ്വയം സംജാതമാകുന്നു. സന്മാൎഗ്ഗം പ്രസംഗിക്കണമെന്നു കരുതിക്കൂട്ടിക്കൊണ്ടുള്ള സംരംഭമൊന്നും അതിനാവശ്യമില്ല. സാഹിത്യം സന്മാൎഗ്ഗത്തിൽനിന്നു വ്യതിചലിക്കുന്നുവെങ്കിൽ അതിന്നു കാരണം സാഹിത്യകാരൻെറ ഹൃദയത്തെ ബാധിച്ചിട്ടുള്ള ഏതോ രോഗമായിരിക്കണം. രോഗിക്കു ചില ചികിത്സയും പത്ഥ്യവും മററും വിധിക്കേണ്ടതായും വരും. അപ്പോഴാണു് വിമൎശകൻ സാഹിത്യകാരനെ നിയമസംഹിതയ്ക്കുള്ളിൽ ഒതുക്കിനിൎത്തുവാൻ നോക്കുന്നതു്. സാക്ഷാൽ കവിത 'നിയതികൃതനിയമരഹിത'യും 'ഹ്ലാദൈകമയി'യും തന്നെയാണു്. കലാകാരൻ പ്രതിഭാശാലിയും സുശിക്ഷിതനുമാണെങ്കിൽ, സ്വച്ഛന്ദമായി 'വിളയാടി'ക്കൊള്ളട്ടേ; കലയുടെ പരമോദ്ദേശ്യമായ മനഃസംസ്കരണം, അയാളുടെ കലാസൃഷ്ടികൊണ്ടു സ്വയമേ സാധിതമാകുന്നു. ഇതാണു് 'കല കലയ്ക്കുവേണ്ടി' എന്നതിലെ ആശയം. ഹൃദയം ആരോഗ്യപൂൎണ്ണമല്ലെങ്കിൽ കലാകാരൻ കാടുകേറിയേക്കാം. അതു കൂടാതെ കഴിക്കുവാനാണു് 'കല ജീവിതത്തിനുവേണ്ടി' എന്നു വീണ്ടും വീണ്ടും പ്രഖ്യാപനം ചെയ്യുന്നതു്. രണ്ടു സിദ്ധാന്തങ്ങളും ഇങ്ങനെ സമീചീനങ്ങൾതന്നെ എന്നു സ്പഷ്ടമാകുന്നു.

അന്തസ്സാരവിഹീനങ്ങളായ സമുദായസങ്കേതങ്ങളുടേയും യാദൃച്ഛികങ്ങളായ വ്യത്യസ്തതകളുടേയും മിഥ്യാബോധജന്യങ്ങളായ മാത്സൎയ്യങ്ങളുടേയും ഇടുങ്ങിയ ഭിത്തികളെ അതിലംഘിച്ചു്, മനുഷ്യനെ കേവലം മനുഷ്യനെന്ന നിലയിൽ രസിപ്പിച്ചുയൎത്തുന്നതാണു് പരമോൽകൃ

ഷ്ഠവും കാലദേശാതീതവുമായ സാഹിത്യം. പ്രാചീന യവനന്മാരുടെ കലാമകുടങ്ങളായ പ്രതിമകൾ, വേഷഭൂഷണാദികളൊന്നുംകൂടാതെ, നഗ്നരൂപങ്ങളിലായി നിർമ്മിക്കപ്പെട്ടിട്ടുള്ളതു്, ആഹാര്യശോഭാവ്യതിരിക്തമായ കേവലമനുഷ്യശരീരഭംഗിയെ വെളിപ്പെടുത്തുവാൻവേണ്ടിയായിരിക്കണം. കൃത്രിമോപാധികൾ കാലദേശഭേദമനുസരിച്ചു് മാറിക്കൊണ്ടിരിക്കും; സ്വാഭാവികമായ മുഖ്യാംശങ്ങൾക്കു് അങ്ങനെയുള്ള മാററങ്ങൾ സംഭവിക്കുന്നില്ല. സമുദ്രത്തിൻെറ അടിയൊഴുക്കുകൾക്കു് സാമാന്യമായ ഒരു നിയമമെല്ലാമുണ്ടു്; എന്നാൽ അതിൻെറ ഉപരിഭാഗത്തുള്ള തിരമാലകൾക്കു് നിറത്തിലും വേഗത്തിലും മററും വൈവിധ്യവൈചിത്ര്യാദികൾ വളരെ കൂടും. ജീവിതസമുദ്രത്തിലെ നിത്യങ്ങളായ ആന്തരപ്രവാഹങ്ങളെക്കുറിച്ചെഴുതുന്ന സാഹിത്യകാരന്മാർ ഒരുഭാഗത്തുണ്ടെങ്കിൽ, അതിൻെറ ഉപരിതലത്തിൽ തിളങ്ങിക്കാണുന്ന വികാരഭേദങ്ങളെ, ഹൃദയാകർഷകമായവിധത്തിൽ, വിസ്തരിച്ചു വർണ്ണിച്ചു ജയിക്കുന്ന അസംഖ്യം ഗ്രന്ഥകാരന്മാരെ മറുഭാഗത്തും കാണാം. സാഹിത്യത്തിന്റെ പരിണാമചരിത്രത്തിൽ ഇരുകൂട്ടർക്കും സ്ഥാനമുണ്ടു്. ആദ്യം പറഞ്ഞവർ എണ്ണത്തിൽ കുറഞ്ഞിരിക്കും; പക്ഷേ, അവർക്കു് ഈടു കൂടിയിരിക്കുകയും ചെയ്യും. സാഹിത്യചരിത്രം ഒരു മഹാവൃക്ഷമാണെങ്കിൽ അവർ അതിൻെറ തടിയാണു്; രണ്ടാമതു പറഞ്ഞവർ അതിന്റെ ഇലകളും പൂക്കളും കായ്കളും. ഉപരിപ്ലവങ്ങളായ ഗ്രന്ഥങ്ങൾ എത്ര അസംഖ്യമെങ്കിലും ഉണ്ടായിക്കൊള്ളട്ടെ. ഇലകൾ കൊഴിഞ്ഞുവീണു മണ്ണിനടിയിലാണ്ടുപോകുന്നതെല്ലാം വൃക്ഷത്തിൻെറ വളർച്ചയ്ക്കാവശ്യമായ വളമാകുന്നു; ക്ഷണികങ്ങളായ കൃതികൾ എണ്ണമററു വർദ്ധിക്കുന്നതു കണ്ടു് ആരും നിരാശപ്പെടേണ്ടാ. അവയ്ക്കുമുണ്ടൊരു പ്രയോ

ജനം. സാഹിത്യമഹാവൃക്ഷത്തിൻെറ വളർച്ചയ്ക്കുപകരിക്കുന്ന വളം അവയിൽനിന്നു സിദ്ധിക്കുന്നു.

സാഹിത്യം ആരെയാണു രസിപ്പിക്കേണ്ടതു്? സാമാന്യജനത്തെയോ, വിദ്വാന്മാരെയോ--അതായതു് ഭൂരിപക്ഷത്തെയോ, സൂരിപക്ഷത്തെയോ—എന്നൊരു പ്രശ്നവും വാദവിഷയമായിക്കിടപ്പുണ്ടു്. സാഹിത്യകാരന്മാർ രാജാക്കന്മാരെയും പ്രഭുക്കന്മാരെയും ആശ്രയിച്ചു് കഴിഞ്ഞുകൂടിയിരുന്നകാലത്തു്, ആ വർഗ്ഗത്തേയും അവരെ പരിവേഷണംചെയ്തിരുന്ന പണ്ഡിതന്മാരെയും പ്രീണിപ്പിക്കുകയായിരുന്നു സാഹിത്യമർയ്യാദ. പിന്നീടു്, വിദ്യാഭ്യാസം പൊതുജനങ്ങളുടെയിടയിൽ പ്രചരിക്കുകയും പുസ്തകങ്ങൾ വാങ്ങി വായിക്കുന്ന സമ്പ്രദായം സാമാന്യമായിത്തീരുകയും ചെയ്തതോടുകൂടി, സാഹിത്യത്തിൻെറ സ്വഭാവം നിർണ്ണയിക്കുന്നതിനുള്ള അധികാരി, ആദ്യം പ്രസാധകന്മാർ മുഖേനയും, അനന്തരം നേരിട്ടും, 'ജനത' എന്നു പറയുന്ന പൊതുജനമായി മാറി. എന്നാൽ ഏതുകാലത്തും എല്ലാവരേയും രസിപ്പിച്ചുയർത്തുവാൻ ശക്തിയുള്ള ചില കൃതികളുണ്ടു്—കാളിദാസൻ, ഷേക്സ്പിയർ, ഹോമർ മുതലായവരുടെ പ്രശസ്തകാവ്യങ്ങൾ. അവയാണു് ലോകസാഹിത്യത്തിലെ 'ക്ലാസ്സിക്ക്' (ശാശ്വത)ഗ്രന്ഥങ്ങൾ. അവയിലെ ഭാഷ ശരിയായി അറിയാവുന്നവർക്കു് ഏതുകാലത്തും ഏതുദേശത്തും അവ ആലോചനാമൃതങ്ങളാകുന്നു, വിജ്ഞാനപ്രദങ്ങളാകുന്നു, രസകരങ്ങളാകുന്നു. കാരണം, സമുദായത്തിൽ ശലഭപ്രായം ഉയരുകയും നശിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ക്ഷണികങ്ങളായ കൃത്രിമവികാരങ്ങളേയോ, ബാഹ്യോപാധികളേയോ അടിസ്ഥാനപ്പെടുത്തീട്ടല്ല അവ നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്ന വാസ്തവംതന്നെ. മനുഷ്യത്വവും അതിന്റെ നിത്യസ്വഭാവവുമാണു് അവ

യിലെ പ്രതിപാദ്യം. മററുള്ള അംശങ്ങൾക്കു അവയിൽ വേഷഭൂഷാദികളുടെ സ്ഥാനമേ ഉള്ളു.

പ്രത്യേകമായുള്ള ഏതെങ്കിലുമൊരു സിദ്ധാന്തം സ്ഥാപിക്കുന്നതിനുവേണ്ടിയോ, സമുദായപരിഷ്കരണം നിർവ്വഹിക്കുന്നതിനുവേണ്ടിയോ മാത്രമായി രചിക്കപ്പെടുന്ന ഗ്രന്ഥത്തിനു് ഉദ്ദേശ്യം സാധിച്ചുകഴിഞ്ഞാൽപ്പിന്നെ പ്രചാരം കുറയുന്നതു സ്വാഭാവികമാണു്. 'അടിമവ്യാപാരം' ഭയങ്കരമായവിധം നിലവിലുണ്ടായിരുന്നകാലത്തു് അതിനെതിരായി നിർമ്മിക്കപ്പെട്ട 'അങ്ക്ൾ ടോമ്സ് ക്യാബിൻ' ലോകത്തിലെങ്ങും പ്രചാരമുള്ള പുസ്തകമായിരുന്നു. അടിമവ്യാപാരം ലോകത്തിൽനിന്നു് തിരോഭവിച്ചതിനുശേഷം അതിന്റെ പ്രചാരം വളരെ പരിമിതമായതിൽ അത്ഭുതമുണ്ടോ? ഇങ്ങനെ സമുദായത്തിലെ ഓരോരോ ന്യൂനതകളെ പരിഹരിക്കേണമെന്നുള്ള പ്രകടമായ ഉദ്ദേശ്യത്തോടുകൂടി എഴുതപ്പെടുന്ന പുസ്തകങ്ങളുടെ പ്രചാരത്തിനു് 'ആദ്യപ്പെരുപ്പം, പിന്നെ തൊപ്പി' എന്ന യോഗം വന്നുചേരുന്നതു സാധാരണയായി കാണാം. എന്നുവരികിലും, ഡിക്കൻസിൻെറയും താക്കറെയുടെയും മററും നോവലുകളിൽ കാണുന്നവിധത്തിലുള്ള പ്രതിപാദനചാതുര്യമുണ്ടായാൽ ഉദ്ദേശസിദ്ധിക്കുശേഷവും അത്തരം കൃതികളെ കാലം തീരേ ഗ്രസിച്ചുകളയുകയില്ല. യഥാർത്ഥകലാംശം കാലത്തെ അതിജീവിക്കുകതന്നെ ചെയ്യുമെന്നു താല്പര്യം.

പരസ്യമായ ഉദ്ദേശ്യത്തോടുകൂടി എഴുതുന്ന ഗ്രന്ഥങ്ങൾക്കു സാഹിത്യത്തിലുള്ള സ്ഥാനമെന്തെന്നു് ഇപ്പോൾ സ്പഷ്ടമായല്ലോ. സംസ്കാരപ്രചരണത്തിനുള്ള ഉപകരണങ്ങളിലൊന്നാണു് സാഹിത്യമെന്നു് സമ്മതിക്കുന്നേടത്തോളംകാലം, സാമുദായികങ്ങളോ രാഷ്ട്രീയങ്ങളോ ആയ കോട്ടങ്ങളേയും കുറവുകളേയും പരിഹരിക്കണമെന്നുവെ

ച്ചെഴുതപ്പെട്ടുന്ന ഗ്രന്ഥങ്ങൾക്കും സാഹിത്യത്തിൽ സ്ഥാനമുണ്ടു്; പക്ഷേ, അവയുടെ ആയുസ്സ് അവയിലെ കലാപരമായ മേന്മയെ ആശ്രയിച്ചിരിക്കും. സമുദായങ്ങൾ മാറിമറിഞ്ഞു നീങ്ങിക്കൊണ്ടിരിക്കേ, കല അവയ്ക്കെല്ലാമുപരി ശാശ്വതമായി പ്രശോഭിക്കും. പ്രചാരണം സാഹിത്യപദവിയിലേയ്ക്കു് ഉയരണമെങ്കിൽ അതിൽ കലയുടെ അംശം വേണ്ടുവോളമുണ്ടായിരിക്കണം. കല എന്നതു കൃത്രിമതയാണെന്നു തെററിദ്ധരിക്കയുമരുതു്. ഏററവും സ്വാഭാവികമായിട്ടുള്ളതാണു് ഏററവും നല്ല കല. അതുതന്നെയാണു് ഏററവും ദുർല്ലഭമായിട്ടുള്ളതും. പ്രചരണോദ്ദേശ്യമുണ്ടെങ്കിൽത്തന്നെ അതു മുഴച്ചുനില്ക്കരുതു്. കൃത്രിമതയെ മറച്ചുവെച്ചു സ്വാഭാവികത തോന്നിക്കുന്നതും കലയുടെ ധമ്മത്തിലുൾപ്പെടുന്നു. സാഹിത്യകാരൻ പറയുന്നതു വികാരമണ്ഡലത്തിൽക്കൂടെ വീക്ഷിക്കുമ്പോൾ സത്യമായി അനുഭവപ്പെട്ടാൽ സ്വാഭാവികമായെന്നത്ഥം. അതാണു് കലയിലെ സത്യം. അതുതന്നെയാണു് കലയിലെ രമണീയത.

പശുര്വേത്തി ശിശുര്വേത്തി
വേത്തി ഗാനരസം ഫണീ;
സാഹിത്യസ്യ രസം സാക്ഷാൽ
ശങ്കരോ വേത്തി വാ ന വാ.

# കാളിദാസൻെറ ദാമ്പത്യാദർശം

കാളിദാസമഹാകവിയുടെ പ്രസിദ്ധനാടകമായ 'വിക്രമോൎവ്വശീയ'ത്തിലെ കഥാവസ്തുവിൻെറ 'മൂലം' വേദപുരാണേതിഹാസാദികളിൽ കാണാവുന്നതാണെന്നു വിമൎശകന്മാർ സമൎത്ഥിച്ചിട്ടുണ്ട്. പുരൂരവസ്സിൻെറയും ഉൎവ്വശിയുടെയും പ്രേമകഥയുടെ പ്രാഗ്രൂപം അവയിൽ വേരൂന്നിക്കാണാമെന്നുള്ളതിനു സംശയമില്ല. എന്നാൽ നായകൻെറ പ്രഥമപത്നിയായ കാശിരാജപുത്രിയുടെ സാപത്ന്യക്ലേശത്തെ അധികരിച്ചുള്ള ഉപകഥ നാടകത്തിൽ മാത്രമേ പ്രതിപാദിക്കപ്പെട്ടിട്ടുള്ളു. അതിൻെറ 'മൂലം' കാളിദാസൻെറ പ്രതിഭയല്ലാതെ മറെറാന്നുമല്ല. സ്വകല്പിതമായ ഈ ഉപകഥയെ പ്രസ്തരിക്കുന്നതിനുവേണ്ടി കവി ആകെയുള്ള അഞ്ചങ്കങ്ങളിൽ രണ്ടങ്കത്തോളം വിനിയോഗിച്ചിട്ടുമുണ്ട്. പക്ഷേ, പ്രധാന കഥാവസ്തുവിൻെറ ഗതിയെ അതു സാരമായിട്ടൊന്നും ബാധിക്കുന്നുണ്ടെന്നു പറയുവാൻ നിവൃത്തിയില്ല. പ്രഥമപത്നിയുടെ സാപത്ന്യജന്യമായ ഈർഷ്യ പുരൂരവസ്സിന്നു് ഉൎവ്വശിയോടുള്ള പ്രേമബന്ധത്തെ ഒരു വിധത്തിലും ചലിപ്പിക്കുകയോ ജ്വലിപ്പിക്കുകയോ ചെയ്യുന്നില്ല. അതുപോലെതന്നെ, ആ ദേവിയുടെ അനന്തരമാനസാന്തരംകൊണ്ടു് ആ ബന്ധത്തിനു കൂടുതൽ സൌന്ദൎയ്യമോ സൌകൎയ്യമോ സിദ്ധിക്കുന്നതായിട്ടും കാളിദാസൻ സൂചിപ്പിച്ചുകാണുന്നില്ല. പ്രധാനകഥയെക്കുറിച്ചു മാത്രം പറയുന്നതായാൽ, കാശിരാജപുത്രിയുടെ ഭാഗം പാടേ വിട്ടുകളഞ്ഞാൽപ്പോലും അതിനു യാതൊരു വാട്ടമോ കോട്ടമോ തട്ടുമെന്നു ഭയപ്പെടേണ്ടതില്ല. എന്നാൽപ്പിന്നെ

ഇങ്ങനെയൊരു ഉപകഥ സങ്കല്പത്തിൽനിന്നു സൃഷ്ടിച്ചു പുരൂരവസ്സിൻെറയും ഉർവ്വശിയുടെയും കഥയോടു കൂട്ടിക്കെട്ടിയതിൽ കവിക്കു് എന്തുദ്ദേശ്യമുണ്ടായിരുന്നിരിക്കാമെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

ഈ സംഗതിയിൽ കവിഹൃദയം പ്രകാശിപ്പിക്കുന്നതിനു 'ശാകുന്തളം' അഞ്ചാമങ്കത്തിൻെറ ആരംഭത്തിൽ കാണുന്ന ഗാനവും അതിനെക്കുറിച്ചു ദുഷ്യന്തനും വിദൂഷകനും തമ്മിൽ നടക്കുന്ന സംഭാഷണവും കുറഞ്ഞൊന്നു സഹായിക്കുന്നില്ലേ എന്നു നോക്കുക:

അഭിനവമധുലോലുപസ്ത്വം
തഥാ പരിചുംബ്യ ചൂതമഞ്ജരീം
കമലവസതിമാത്രനിർവ്വൃതോ
മധുകര വിസ്മൃതോസ്യേനാം കഥം? 1

ഈ പാട്ടിൻെറ അൎത്ഥമെന്തെന്നു വിദൂഷകൻ ചോദിക്കുമ്പോൾ, രാജാവു ചിരിച്ചുകൊണ്ടു പറയുന്നു: 'ഈ പാട്ടുകാരിയായ ഹംസപദിക ഒരിക്കൽ എൻെറ പ്രണയവിഷയമായിരുന്നു. ഇപ്പോൾ ഞാൻ വസുമതിയിൽ ആസക്തനായിരിക്കുന്നു എന്നു സൂചിപ്പിച്ചുകൊണ്ടു് എന്നെക്കുറിച്ചുമുള്ളവാക്കു പറയുകയാണവൾ ചെയ്യുന്നതു്. ഞങ്ങൾ ഇരുവരെയുംപററിയുള്ള ആക്ഷേപം കുറിക്കുകൊണ്ടു എന്നു ഹംസപദികയോടു ചെന്നു പറയുക.'

(സകൃത്കൃതപ്രണയോഽയം ജനഃ തദസ്യാ ദേവീം വസുമതീമന്തരേണ മദ്ദുപാലംഭമവഗതോസ്മി.) 2

രാജകീയപ്രണയത്തിൻെറ അസ്ഥിരതയെയാണു് വ്രണിതഹൃദയത്തിൽനിന്നൊഴുകുന്ന ഈ ബാഷ്പക്ലിന്നമായ ഗാനം സൂചിപ്പിക്കുന്നതെന്നു രവീന്ദ്രനാഥടാഗ്ഗർ തൻ്റെ ശാകുന്തളവിമർശനത്തിൽ സ്പഷ്ടമാക്കീട്ടുണ്ടു്. രാജാവിൻ്റെ

അന്തഃപുരത്തെ ആവരണംചെയ്യുന്ന തിരസ്കരിണിയുടെ ഒരു ചെറിയ ദ്വാരത്തിലൂടെ ഉള്ളിലേയ്ക്കൊന്നു നോക്കുവാനും, അവിടെ നടമാടുന്ന അവശതയുടെ ഒരു വശം സ്വല്പമൊന്നു കണ്ടു മനസ്സിലാക്കുവാനും കാളിദാസൻ ഈ ഘട്ടത്തിൽ നമുക്കു സൗകര്യമുണ്ടാക്കിത്തന്നിരിക്കുന്നു. പക്ഷേ, ശാകുന്തളത്തിൽ പ്രസ്തുത ഭാഗം പ്രസ്തരിച്ചിട്ടില്ല; ആ നാടകത്തിന്റെ സ്വഭാവത്തിനു് അതിന്റെ പ്രസ്താരം യോജിച്ചതായിരിക്കയില്ലല്ലോ. എന്നാൽ കാളിദാസകൃതികളായ മററു രണ്ടു നാടകങ്ങളിൽ—അതായതു മാളവികാഗ്നിമിത്രത്തിലും, വിക്രമോർവ്വശീയത്തിലും—രാജകീയാന്തഃപുരത്തിലെ അസുഖാംശത്തെ കുറെക്കൂടി വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടെന്നു സൂക്ഷിച്ചു പരിശോധിച്ചാൽ തെളിയുന്നതാണു്.

പുരൂരവസ്സിന്റെ പ്രഥമപത്നിയായ കാശിരാജപുത്രി, സൂര്യോപസ്ഥാനംകഴിച്ചു മടങ്ങിവന്ന മുതല്ക്കു് അദ്ദേഹത്തെ ശൂന്യഹൃദയനായിക്കണ്ടിട്ടു്, അതിനുള്ള കാരണമെന്തെന്നു് ആരാഞ്ഞറിയുവാൻ നിപുണികയെ നിയോഗിക്കുന്നു. നിപുണയായ ഈ ചേടിയാകട്ടെ, രാജാവിന്റെ വിശ്വാസപാത്രമായ വിദൂഷകനിൽനിന്നു്, സൂത്രത്തിൽ സത്യമെല്ലാം മനസ്സിലാക്കി ദേവിയെ അറിയിക്കുകയും ചെയ്യുന്നു. രാജാവിനു് ഉർവ്വശിയെ കണ്ടതുമുതൽ ഉള്ളിലൊതുക്കുവാൻ വയ്യാത്തവിധം ഉയൻവന്ന പ്രേമത്തിന്റെ കഥയെല്ലാം അവൾ ദേവിയെ ധരിപ്പിച്ചു; അധികം താമസിയാതെ രാജ്ഞിക്കു് അതു നേരിട്ടു കണ്ടറിയുവാനും ഇടയാകുന്നു. ഉർവ്വശിയെത്തന്നെ വിചാരിച്ചുഴലുന്ന രാജാവു പ്രമദവനത്തിൽ വിദൂഷകനൊരുമിച്ചിരിക്കുമ്പോൾ, ആ അപ്സരസ്ത്രീ അഭിസാരികാവേഷം ധരിച്ചു് ആകാശത്തിൽ തിരസ്കരിണീപ്രച്ഛന്നയായി നിന്നു

കൊണ്ടു് ഒരു കാമലേഖനം ഭൂർജ്ജപത്രത്തിലെഴുതി രാജഹസ്തത്തിലേയ്ക്കിട്ടുകൊടുക്കുന്നു. രാജാവു് അതു വായിച്ചു സന്തുഷ്ടനായിട്ടു്, ഭൂർജ്ജപത്രം ഭദ്രമായി സൂക്ഷിക്കുവാൻ വിദൂഷകനെ ഏല്പിക്കുന്നു. ആ വിഡ്ഢിയുടെ കൈയിൽ നിന്നു് അറിയാതെ അതു താഴെ വീണുപോയെന്നു മാത്രമല്ല, കാററിൽപറന്നുചെന്നു്, അവിടെ ലതാന്തരിതയായി ഒളിച്ചുനിന്നു് എല്ലാം കണ്ടുംകേട്ടും അസൂയാകലുഷിതയായിത്തീൎന്നിരുന്ന ദേവിയുടെ പാദസമീപത്തിൽത്തന്നെ ശരിക്കു നിപതിക്കുകയും ചെയ്യുന്നു. രാജ്ഞിയുടെ ആജ്ഞാനുസരണം ചേടി അതെടുത്തു വായിച്ചു കേൾപ്പിച്ചപ്പോൾ അതിനെ ആയുധമാക്കിക്കൊണ്ടു രാജ്ഞി ഭൎത്താവിനെ കൈയോടെ പിടിച്ചു് അപരാദ്ധനാക്കുന്നു. രാജാവു് അവളെ സാന്ത്വനപ്പെടുത്തുവാൻ ആവുന്നതു നോക്കുകയും, ഒടുവിൽ അവളുടെ പാദങ്ങളിൽ നമസ്കരിക്കുകതന്നെയും ചെയ്യുന്നു. എങ്കിലും അവൾ മഴക്കാലത്തെ പുഴപോലെ കലങ്ങിമറിഞ്ഞുകൊണ്ടങ്ങനെ നിഷ്ക്രമിക്കുന്നു.

എന്നാൽ ഈ ഈർഷ്യാപ്രകടനം രാജാവിനു യാതൊരു കുലുക്കമോ കലക്കമോ ഉണ്ടാക്കുന്നില്ല. അദ്ദേഹം തന്നെ സമ്മതിക്കുന്നു ഇതൊക്കെ സ്വാഭാവികം മാത്രമാണെന്നു്:

പ്രിയവചനശതോഽപി യോഷിതാം
ദയിതജനാനുനയോ രസാദൃതേ
പ്രവിശതി ഹൃദയം ന തദ്വിദാം
മണിരിവ കൃത്രിമരാഗയോജിതഃ 3

ഉൎവ്വശിയിൽ മനസ്സുചെന്ന അദ്ദേഹത്തിനു ദേവിയോടുള്ള പ്രണയത്തിനോ ബഹുമാനത്തിനോ ഒരു കുറവുമില്ലതാനും.

'ഉർവ്വശീഗതമനസോപി മേ സ ഏവ ദേവ്യാം ബഹുമാനഃ' എന്നു് അദ്ദേഹം വിദൂഷകനോടു തുറന്നു പറയുന്നു.

ഉർവ്വശിക്കും ദേവിയോടു കേവലം അസൂയാരഹിതമായ ആദരമാണുള്ളതെന്നു് അവൾ തോഴിയോടു പറയുന്നതിൽനിന്നു വ്യക്തമാകുന്നുണ്ടു്:

സ്ഥാനേ ഖലു ദേവീശബ്ദേനോപചര്യതേ
ന കിമപി പരിഹീയതേ ശച്യാ ഓജസ്വിതയാ. 4

രാജാവിനു ദേവിയിലുള്ള പ്രതിപത്തിയെ ഉർവ്വശി അഭിനന്ദിക്കുകയും ചെയ്യുന്നു. പക്ഷേ, രാജാവിൽ അനുരക്തമായിത്തീർന്നിട്ടുള്ള തന്റെ ഹൃദയത്തെ പിന്തിരിപ്പിക്കുവാൻ മാത്രം ആ അപ്സരസ്ത്രീക്കു ശക്തിയില്ലാതായിത്തീർന്നിരിക്കുന്നു എന്നു് അവൾതന്നെ സമ്മതിക്കുന്നുണ്ടു്.

അതുപോലെ രാജാവിനു് ഉർവ്വശിയിലുള്ള പ്രേമം അദമ്യമാണെങ്കിലും, ദേവിയോടുള്ള പ്രതിപത്തി അക്ഷയ്യമാണെന്നു നാടകത്തിൽ ആദ്യന്തം സ്പഷ്ടമാക്കീട്ടുണ്ടു്. രാജാവിൻെറ പ്രണിപാതത്തെ ലംഘിച്ചു് ഈർഷ്യാകലുഷിതയായി പാഞ്ഞുപോയതിനുശേഷം, പശ്ചാത്താപദ്യോതകമായി 'പ്രിയാനുപ്രസാദനം' എന്ന കഠിനവ്രതം അനുഷ്ഠിച്ചു ദേഹം ക്ഷീണിച്ചു വാടിത്തളന്ന ദേവിയെ കണ്ടപ്പോൾ, അദ്ദേഹം പറയുന്നതു നോക്കുക:

'അനേന കല്യാണി! മൃണാളകോമളം
വ്രതേന ഗാത്രം ഗ്ലപയസ്യകാരണം
പ്രസാദമാകാംക്ഷതി യസ്തവോത്സുകഃ
സ കിം ത്വയാ ദാസജനഃ പ്രസാദ്യതേ 5

എന്നു മാത്രമല്ല, ദേവിയുടെ ദാസനായ തന്നെ എന്തു

ചെയ്യുവാനും അവൾക്കധികാരമില്ലേ എന്നും അദ്ദേഹം ഉത്തരക്ഷണത്തിൽ ചോദിക്കുന്നു:

ദാതും വാ പ്രഭവസി മാ—
മന്യസ്യൈ, ഹർത്തുമേവ വാ ദാസം
നാഹം പുനസ്തഥാ ത്വം
യഥാ ഹി മാം ശങ്കസേ ഭീരു. 6

പക്ഷേ, ഈ ചാടുവാക്കുകൾകേട്ടാരും പരിഭ്രമിക്കേണ്ട. അദ്ദേഹം ഒരു ദക്ഷിണനായകനാണ്. ഇതെല്ലാം ദക്ഷിണനായകൻെറ ലക്ഷണവുമാണ്. ഈ സംഗതി സമത്ഥയായ ചിത്രലേഖ തന്റെ സഖിയായ ഉർവ്വശിയെ പഠിപ്പിക്കുന്നതു കാൺക:

'അയി മുഗ്ദ്ധേ! അന്യസംക്രാന്തപ്രേമാണോ നാഗരികാ അധികം ദക്ഷിണാ ഭവന്തി.'

ദക്ഷിണനായകൻെറ സ്വഭാവവിശേഷം ഈ നാടകത്തിൽത്തന്നെ മററൊരിടത്തു വിശദമാക്കീട്ടുണ്ട്. കാമപരവശനായ രാജാവു് പ്രമദവനത്തിലേയ്ക്കു പ്രവേശിക്കുമ്പോൾ ദക്ഷിണമാരുതൻ അദ്ദേഹത്തെ സ്വാഗതംചെയ്യുന്നു. ആ ദക്ഷിണമാരുതൻ ഒരു യഥാത്ഥ ദക്ഷിണനായകൻതന്നെ. എങ്ങനെയെന്നുവെച്ചാൽ,

നിഷിഞ്ചന്മാധവീമേതാം
ലതാം കൗന്ദീം ച നർത്തയൻ
സ്നേഹദാക്ഷിണ്യയോർയ്യോഗാൽ
കാമീവ പ്രതിഭാതി മേ. 7

കാളിദാസ നാടകത്രയത്തിലെ നായകന്മാരായ അഗ്നിമിത്രനും, പുരൂരവസ്സും, ദുഷ്യന്തനും എല്ലാം ഏറെക്കുറെ ദക്ഷിണനായകന്മാർതന്നെയാണ്.

കാളിദാസൻെറ കാലത്തു ഹിന്ദുസമുദായത്തിൽ, വിശേഷിച്ചും രാജാക്കന്മാരുടെ ഇടയിൽ, ബഹുഭാര്യാത്വം സാധാരണമായിരുന്നു. സ്മൃതിയും ആചാരവും അവക്കനുകൂലവുമായിരുന്നു. കന്യകമാരെ രാജാക്കന്മാക്കു സമ്മാനിക്കുന്ന സമ്പ്രദായവും അജ്ഞാതമായിരുന്നില്ല. എന്നാൽ കാളിദാസമഹാകവി ഇതൊന്നും ആന്തരമായി അഭിനന്ദിച്ചിരുന്നില്ല എന്നുള്ളതിനു് അദ്ദേഹത്തിൻെറ കൃതികൾ വേണ്ടുവോളം തെളിവുനല്കുന്നുണ്ടു്. രാജകീയമായ പ്രോത്സാഹനത്തെ ആശ്രയിച്ചുകഴിഞ്ഞുപോന്നിരുന്ന കവി, രാജാക്കന്മാരുടെ അന്നത്തെ ആചാരവൈകല്യങ്ങളെക്കുറിച്ചു പ്രകടമായി ആക്ഷേപം മുഴക്കാതിരുന്നാൽ അത്ഭുതമില്ലല്ലോ. പക്ഷേ, അവയെ താൻ ഒട്ടും അനുകൂലിക്കുന്നില്ലെന്നു ഭംഗ്യന്തരേണ കവി വ്യക്തമാക്കാതിരുന്നിട്ടില്ല. ബഹുഭാര്യാത്വത്തിൻെറ ഫലമായി രാജഗൃഹങ്ങളിൽ ദൈനന്ദിനമെന്നപോലെ നടന്നുകൊണ്ടിരുന്ന ദുരന്തനാടകങ്ങൾ കവിക്കു സുപരിചിതങ്ങളായിരുന്നിരിക്കണം. അന്തഃപുരങ്ങളിലെ സാപത്ന്യമത്സരങ്ങളും, അരിഷ്ടങ്ങളും, ഗത്യന്തരമില്ലാതെയുള്ള ആത്മാഹുതികളും മററും കാളിദാസൻെറ വീക്ഷണപരിധിയിൽ പെട്ടിട്ടുണ്ടായിരിക്കണം. ചുററുപാട്ടമുള്ള ജീവിതഗതിവിഗതികളെ ഉററുനോക്കി വിമശിക്കുന്ന ശീലമുള്ള മഹാകവി, രാജധാനിയിലെ ഒരു അപലപനീയഭാഗത്തിൻെറനേക്കു തൻെറ പ്രതിഭാപ്രദീപം തിരിച്ചുപിടിച്ചതായി അനുമാനിക്കുന്നതിൽ യാതൊരു തെററുമില്ല. വിധ്വംസനം അർഹിക്കുന്ന ബഹുഭാര്യാത്വമെന്ന ദുഷ്ടാചാരത്തെ അദ്ദേഹം തൻെറ പ്രശസ്തകൃതികളിൽ വിശകലനംചെയ്തു് ഉദാഹരിച്ചിരിക്കുന്നു എന്നു ചുരുക്കം. ഏകപത്നീവ്രതത്തെ ദാമ്പത്യത്തിൻെറ പരമാദർശമായിട്ടാണു് കാളിദാസൻ കണക്കാക്കീട്ടുള്ളതു്.

അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, വിവാഹിതയായ ഒരു സ്ത്രീക്കു പ്രതീക്ഷിക്കാവുന്ന ഭാഗ്യസർവ്വസ്വം, തന്റെ ഭർത്താവു് അനന്യഭാക്കായിരിക്കുക എന്നുള്ള അവസ്ഥയത്രേ.

അനന്യഭാജം പതിമാപ്നുഹീതി
സാ തഥ്യമേവാഭിഹിതാ ഭവേന 8

എന്നാണല്ലോ 'കുമാരസംഭവ'ത്തിൽ പരമശിവൻ, വിവാഹത്തിനുമുമ്പു്, തപശ്ചര്യയിൽ തൃപ്തികരമായ വിധത്തിൽതന്നെ ശുശ്രൂഷിച്ച പാർവ്വതരാജപുത്രിക്കു് ഉള്ളഴിഞ്ഞു നല്കുന്ന അനുഗ്രഹം. ജീവിതത്തിലെ ഏററവും അഭികാമ്യമായ ആദർശം എന്ന നിലയ്ക്കാണു് ഭഗവാൻ കന്യകയ്ക്കു് ആശിസ്സുകൊടുക്കുന്നതു്. അതു പിന്നീടു് സത്യമായി പരിണമിക്കുകയും ചെയ്യുന്നു. ദാമ്പത്യത്തിലെ അനശ്വരപ്രണയത്തിന്റെ പരമാദർശമാണു പാർവ്വതീപരമേശ്വരൈക്യം എന്നു കാളിദാസൻ പ്രസ്പഷ്ടമായി പ്രഖ്യാപിച്ചിട്ടുണ്ടു്.

വാഗർത്ഥാവിവ സംപൃക്തൗ...
ജഗതഃ പിതരൗ...പാർവ്വതീപരമേശ്വരൗ

എന്നതിൽ ഇതു് അന്തർഭവിച്ചിരിക്കുന്നു. 'കുമാരസംഭവ' കാവ്യത്തിൽ പ്രഥമസർഗ്ഗത്തിൽത്തന്നെ പാർവ്വതിയുടെ സൗന്ദര്യം വർണ്ണിക്കുന്ന സന്ദർഭത്തിൽ, നിതംബമഹിമയെ എങ്ങനെയാണു വാഴ്ത്തിയിരിക്കുന്നതെന്നു നോക്കുക:

ഏതാവതാ നന്വനുമേയശോഭി
കാഞ്ചീഗുണസ്ഥാനമനിന്ദിതായാഃ
ആരോപിതം യദ്ഗിരിശേന പശ്ചാ-
ദനന്യനാരീകമനീയമങ്കം. 9

'കുമാരസംഭവ'ത്തിൽ വീണ്ടും വീണ്ടും ഏകഭാര്യതപ

ത്തിൻെറ മേന്മയെ പ്രകീർത്തിച്ചിട്ടുള്ളതിനു് ഉദാഹരണ ങ്ങളുണ്ടു്. നാലാംസർഗ്ഗത്തിലെ 20, ആറിലെ 92, ഏഴി ലെ 28, എട്ടിലെ 51 എന്നീ ശ്ലോകങ്ങളിൽ കാണുന്ന സൂചന പരിശോധിക്കുക.

'രഘുവംശ'മഹാകാവ്യത്തിലും നാം കാണുന്നതു് ഇതുതന്നെയാണു്. ദിലീപൻെറയും സുദക്ഷിണയുടെയും ദാമ്പത്യജീവിതാമുതൽ ആരംഭിക്കുന്നുണ്ടു് അതു്. 14-ാം സർഗ്ഗത്തിലെ അവസാനശ്ലോകത്തിൽ അതിനു് മകുടം ചാർത്തിയിരിക്കുന്നു. സീതയെ പരിത്യജിച്ചതിനുശേഷ വും ശ്രീരാമനു് അനേകം യാഗാദികർമ്മങ്ങൾ ചെയ്യേണ്ടി വന്നു. ആ അവസരങ്ങളിൽ സഹധർമ്മിണി കൂടെ ഉണ്ടാ യിരിക്കണമെന്നാണു വിധി. എന്നാൽ സഹധർമ്മിണി യുടെ സഹകരണം യാഗാവസരങ്ങളിൽ അത്യന്താപേ ക്ഷിതമായപ്പോൾക്കൂടി ശ്രീരാമൻ തൻെറ ഏകപത്നിയാ യ സീതയുടെ ഒരു പ്രതിമയെയാണു ശരണീകരിച്ചതു്; അന്യനാരിയെ അല്ല. ഭർത്താവിൻെറ ഈ പ്രവൃത്തിയെ ക്കുറിച്ചു കേട്ടിട്ടു പരിത്യക്തയായ സീത വളരെ പ്രയാ സപ്പെട്ടു തൻെറ പരിത്യാഗദുഃഖം സഹിച്ചു എന്നാണു് കവി പറയുന്നതു്.

> സീതാം ഹിത്വാ ദശമുഖരിപുർന്നോപയേമേ യദന്യാം
> തസ്യാ ഏവ പ്രതികൃതിസഖോ യത്ക്രതൂനാജഹാര;
> വൃത്താന്തേന ശ്രവണവിഷയപ്രാപിണാ തേന ഭർത്തുഃ
> സാ ദുർവ്വാരം കഥമപി പരിത്യാഗദുഃഖം വിഷേഹേ. 10

കാളിദാസന്റെ ആത്മകഥയുടെ പ്രതിഫലനമാണെ ന്നു കേരളീയൈതിഹ്യം ഉദ്ഘോഷിക്കുന്ന 'മേഘസ ന്ദേശ'ത്തിലും, അദ്ദേഹത്തിൻെറ ദാമ്പത്യസൗഭാഗ്യത്തെ ക്കുറിച്ചുള്ള പ്രസ്തുതാഭിപ്രായം ഒളിഞ്ഞുകിടക്കുന്നില്ലേ?

അതിൽ അടയാളവാക്യത്തിനിടയ്ക്ക് നായികയുടെ സാപത്ന്യാസഹിഷ്ണുതയെ കടാക്ഷിക്കുന്ന ഒരു ശ്ലോകമുണ്ട്; സ്വപ്നത്തിൽപ്പോലും സ്വഭർത്താവിൻെറ അന്യനാരീലാളനം അവൾക്ക് അസഹനീയമാണെന്നാണ് അതിലെ വിവക്ഷ:

ഭൂയശ്ചാഹ ത്വമസി ശയനേ
കണ്ഠലഗ്നാ പുരാ മേ
നിദ്രാം ഗത്വാ കിമപി രുദതീ
സസ്വനം വിപ്രബുദ്ധാ
സാന്തർഹാസം കഥിതമസകൃൽ
പൃച്ഛതേ ച ത്വയാ മേ
ദൃഷ്ടഃ സ്വപ്നേ കിതവ രമയൻ
കാമപി ത്വം മയേതി 11

വിവാഹിതകളായ സ്ത്രീകൾക്ക് അഭികാമ്യമായിട്ടുള്ള പരമശ്രേയസ്സെന്തെന്ന് തൻെറ കാവ്യങ്ങളിൽ ഇപ്രകാരം വീണ്ടും വീണ്ടും പറഞ്ഞുറപ്പിച്ചതിനുശേഷം, കാളിദാസമഹാകവി, തൻെറ നാടകങ്ങളിൽ അതിൻെറ പരഭാഗം പ്രകാശിപ്പിക്കുന്നു. അതെങ്ങനെയെന്നു പരിശോധിക്കുന്നതു രസാവഹമായിരിക്കും. ഏകഭാര്യത്വത്തിന്റെ അഭാവത്തിൽ ഉണ്ടാകാവുന്ന വൈഷമ്യങ്ങളേതെല്ലാം തരത്തിൽ അനുഭവപ്പെടാമെന്നുള്ളതു ശാകുന്തളം, വിക്രമോർവ്വശീയം, മാളവികാഗ്നിമിത്രം എന്നീ മൂന്നു നാടകങ്ങളിൽ കാളിദാസൻ നമുക്ക് ഉദാഹരിച്ചു കാണിച്ചുതരുന്നുണ്ട്. മുൻസൂചിപ്പിച്ചതുപോലെ, ശാകുന്തളത്തിൽ അവ ഏററവും കുറവാണ്; ആ നാടകത്തിൻെറ സ്വഭാവമാലോചിച്ചാൽ അത്രമാത്രമേ അതിൽ അവസ്ഥവകാശമുള്ളൂ എന്നു വ്യക്തമാകുന്നു. അകൃത്രിമജീവിതം നയിച്ചുകൊണ്ട് ആശ്രമത്തിൽ വളൎന്നുപോന്നിട്ടുള്ള ശകുന്തളയ്ക്കുപോലും

ബഹുഭാര്യനായ രാജാവിന്റെ അന്തഃപുരത്തിലെ വിഷമതയെക്കുറിച്ചു ചില ആശങ്കകൾ ആദ്യമേ തോന്നുന്നുണ്ടെന്നു താഴെച്ചേർക്കുന്ന സംഭാഷണത്തിൽനിന്നു് ഊഹിക്കാവുന്നതാകുന്നു:

ശകുന്തളാ:– ഹളാ, കിമന്തഃപുരവിരഹപര്യുത്സുകസ്യ രാജർഷേരുപരോധേന?

അനസൂയാ:– വയസ്യ, ബഹുവല്ലഭാ രാജാനഃ
ശ്രൂയന്തേ യഥാ നൗ പ്രിയസഖീ
ബന്ധുജനശോചനീയാ ന ഭവതി
തഥാ നിർവ്വർത്തയ. 12

ദുഷ്യന്തഃ:– പരിഗ്രഹബഹുത്വേപി
ദ്വേ പ്രതിഷ്ഠേ കുലസ്യ നഃ
സമുദ്രവസനാ ചോർവ്വീ
സഖീ ച യുവയോരിയം. 13

ഇങ്ങനെ രാജകീയാന്തഃപുരത്തിലെ കുപ്രസിദ്ധമായ ഒരു 'വൃത്തികേടി'ന്മേൽ കണ്വപുത്രിയായ ശകുന്തളയെക്കൊണ്ടുതന്നെ കൈവെപ്പിക്കുകയാണു് ഇവിടെ കാളിദാസൻ ചെയ്തിട്ടുള്ളതു്. ഇതു് കുറേ കടന്ന കൈയായില്ലേ എന്നു ചിലൎക്കു തോന്നിയേക്കാമെങ്കിൽ, അതിനുള്ള സമാധാനം, വൈവാഹികജീവിതത്തിലെ സാമാന്യമായ ഒരു വൈഷമ്യത്തെ ചൂണ്ടിക്കാണിച്ചു് അതിനുള്ള പരിഹാരമാൎഗ്ഗങ്ങളെ ആരായുന്നതിൽ കാളിദാസൻ അത്യുത്സുകനായിരുന്നു എന്നുള്ളതാണു്.

ഉമ, രതി, സീത മുതലായ സാധ്വികളെപ്പോലെ, എല്ലാ സ്ത്രീകൾക്കും ഏകപത്നീവ്രതക്കാരായ ഭൎത്താക്കന്മാരെ ലഭിച്ചു എന്നു വരുന്നതല്ലല്ലോ. അങ്ങനെയാണെങ്കിൽ പിന്നെ എന്താണു കൎത്തവ്യമായിട്ടുള്ളതു്? ഈ ചോദ്യ

ത്തിനുള്ള ഉത്തരം ശാകുന്തളത്തിൽത്തന്നെ സൂചിപ്പിച്ചിട്ടുണ്ട്. പ്രിയഗൃഹത്തിലേയ്ക്കു ശകുന്തളയെ യാത്രയാക്കുന്ന സന്ദർഭത്തിൽ അവൾക്കു് കണ്വമഹർഷിയും താപസിമാരും മററും കൊടുക്കുന്ന ആശിസ്സുകൾ നോക്കുക. ദുഷ്യന്തനുള്ള സന്ദേശത്തിലും മഹർഷി ഇതുതന്നെ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

രാജാവിൻെറ മററു ഭാര്യമാരോടു മാത്സര്യം വെടിഞ്ഞു് ഇണങ്ങിപ്പെരുമാറണമെന്നാണു് മഹർഷി ശകുന്തളയ്ക്കു കൊടുക്കുന്ന ഒരു മുഖ്യോപദേശം. അങ്ങനെ ചെയ്തില്ലെങ്കിൽ ഫലം ഗേഹബാധയുമായിരിക്കും:

...കുരു പ്രിയസഖീവൃത്തിം സപത്നീജനേ
ഭർത്തുർവ്വിപ്രകൃതാപി രോഷണതയാ
മാ സ്മ പ്രതീപം ഗമഃ
...യാന്ത്യേവം ഗൃഹിണീപദം യുവതയോ,
വാമാഃ കുലസ്യാധയഃ 14

ദുഷ്യന്തനുള്ള സന്ദേശത്തിലും കണ്വമഹർഷി ആവശ്യപ്പെടുന്നതിത്രമാത്രമാണു്:

സാമാന്യപ്രതിപത്തിപൂർവ്വകമിയം
ദാരേഷു ദൃശ്യാ ത്വയാ
ഭാഗ്യായത്തമതഃപരം... 15

തങ്ങളുടെ സ്നേഹഭാജനമായ ശകുന്തള ഭർത്താവിനാൽ മാനിക്കപ്പെടണമെന്നുമാത്രമേ താപസിമാർ ആശംസിക്കുന്നുള്ളു:

വത്സേ! ഭർത്തുർബ്ബഹുമതാ ഭവ... ഭർത്തുർബ്ബഹുമാനസൂചകം മഹാദേവീശബ്ദം ലഭസ്വ 16

എന്നാണു് അവരുടെ അനുഗ്രഹവാക്യം.

ഓരോരോ ദേശകാലങ്ങളിൽ സാമുദായികവ്യവ

സ്ഥകളനുസരിച്ച് ഭേദപ്പെട്ടുകൊണ്ടിരിക്കുന്ന ഓരോരോ സാമ്രാജ്യികസങ്കേതങ്ങളുണ്ടായിരിക്കും. അവയ്ക്കു വിധേയീഭവിച്ചുകൊണ്ടും, ചിലപ്പോൾ അവയുടെനേരേ വിപ്ലവസ്വരമുയർത്തിക്കൊണ്ടും, വ്യക്തികളും സംഘങ്ങളും വർത്തിക്കുന്ന നാനാപ്രകാരഭേദങ്ങളെപ്രകാശിപ്പിക്കുന്നവയാണ് രാമായണഭാരതാദികളായ പ്രാചീനസംസ്കൃതമഹാഗ്രന്ഥങ്ങൾ. ഏതെല്ലാംതരത്തിലുള്ള ജീവിതാദർശങ്ങളാണ് അവയുടെ ഉപരിതലത്തിൽ, സമുദ്രത്തിൽ തിരമാലകളെന്നപോലെ, തിളങ്ങുന്നതു്! വ്യക്തികളുടേയും സമുദായങ്ങളുടേയും പ്രത്യാഘാതങ്ങൾ അവയ്ക്കു പ്രകാശംകൂട്ടുന്നവിധങ്ങളും എത്ര വിവിധങ്ങളാണ്! ശകുന്തളാദിവ്യക്തികളുടെ സ്വന്തം ആദർശമെന്തുതന്നെയായിരുന്നാലും, പരിതഃസ്ഥിതികളെ സാവധാനം പര്യവേക്ഷണംചെയ്ത് അവയ്ക്കൊത്ത നയത്തിൽ വസിക്കുകതന്നെ വേണമെന്നാണ് വന്നുകൂടുന്നതു്. ആദർശം അപ്രാപ്യമായിട്ടുള്ള സ്ഥിതിഗതികളിൽ യാഥാർത്ഥ്യത്തെ നയവിനയപുരസ്സരം അഭിമുഖീകരിച്ചു ഭൂമിയിൽ സ്വർഗ്ഗംസൃഷ്ടിക്കുവാൻ ക്ഷമയോടും സഹിഷ്ണുതയോടുംകൂടി പരിശ്രമിക്കുകയാണു പ്രായോഗികമായ വിവേകം എന്നല്ലേ ഇപ്പറഞ്ഞതിന്റെയെല്ലാം സാരം? അങ്ങനെ ചെയ്യില്ലെങ്കിൽ വരാവുന്ന 'കശപിശ'കളെന്തെല്ലാമാകാമെന്നു 'വിക്രമോർവ്വശീയ'ത്തിലും 'മാളവികാഗ്നിമിത്ര'ത്തിലും കുറഞ്ഞൊന്നു സൂചിപ്പിച്ചിട്ടുമുണ്ട്.

ഉർവ്വശിയിൽ അനുരക്തനായിത്തീർന്ന പുരൂരവസ്സിനോട്ടു കയർത്തുകൊണ്ടാണല്ലോ അദ്ദേഹത്തിന്റെ പ്രഥമപത്നിയായ ദേവി കാശിരാജപുത്രി അദ്ദേഹത്തിന്റെ പ്രണിപാതത്തെപ്പോലും ധിക്കരിച്ച് കലുഷയായി ഓടിപ്പോയതു്. എന്നാൽ പ്രണിപാതലംഘനത്തെക്കുറിച്ച് പശ്ചാത്താപത്തോടുകൂടി 'പ്രിയാനുപ്രസാദനം' എന്ന

വ്രതാനുഷ്ഠാനത്തിനായി അവൾ അചിരേണ മുതിരുന്നു. അതിൻെറ അവസാനത്തിൽ അവൾ രാജാവിനെ ആളയച്ചു വരുത്തുന്നു, രണ്ടു പേരുമൊരുമിച്ചിരുന്നുകൊണ്ട് ചന്ദ്രനും രോഹിണിയും തമ്മിലുള്ള സമാഗമം ദർശിക്കുവാൻ.

ദേവീ—(ചന്ദ്രമസമവലോക്യ) ഹഞ്ജേ! നിപുണികേ! ഏഷ രോഹിണീസംയോഗേനാധികം ശോഭതേ ഭഗവാന്മൃഗലാഞ്ഛനഃ.

ചേടീ—നനു ദേവീസഹിതോ ഭർത്താ വിശേഷരമണീയഃ!

കരുണമയമായ ഒരു സന്ദർഭമാണിതു്. സ്വാർത്ഥം തീരേ അവഗണിച്ചുകൊണ്ടു ദേവി തൻെറ ഭർത്താവിനു് ഉർവ്വശിയോടോ മറ്റേതു പ്രണയിനിയോടോ ഒന്നിച്ചു യഥേഷ്ടം രമിച്ചുകൊള്ളുവാൻ അനുവാദം നല്കുന്നു.

"ഏഷാഹം ദേവതാമിഥുനം രോഹിണീമൃഗലാഞ്ഛനം സാക്ഷീകൃത്യ ആര്യപുത്രമനുപ്രസാദയാമി. അദ്യ പ്രഭൃതി യാം സ്ത്രിയമാര്യപുത്രഃ പ്രാർത്ഥയതേ യാ ചാര്യപുത്രസ്യ സമാഗമപ്രണയിനീ തയാ സഹമയാ പ്രീതിബന്ധേന വർത്തിതവ്യമിതി."

ദേവി വീണ്ടേടംകൊണ്ടരുളുകയാണെന്നർത്ഥത്തിൽ വിദൂഷകൻ എന്തോ സൂചിപ്പിച്ചപ്പോൾ അവൾ ആവേശപൂർവ്വം പറയുന്നു:

"മൂഢ! അഹം ഖലു ആത്മനഃ സുഖാവസാനേനാര്യപുത്രം നിർവ്വൃതശരീരം കർത്തുമിച്ഛാമി. ഏതാവതാ ചിന്തയ താവൽ പ്രിയോ ന വേതി."

എന്നു്. ഇതാണു് ദേവിയുടെ ഔദാര്യം. ഭാര്യാപ്രണയം മാതൃസ്നേഹമായി പരിണമിക്കാമെന്നുള്ളതിനു് ഇതൊരു ദൃഷ്ടാന്തമല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

'മാളവികാഗ്നിമിത്ര'ത്തിലെ ധാരിണീദേവിയെ,

അക്കാലത്തെമാനദണ്ഡമനുസരിച്ച്, ഒരുഉത്തമരാജപത്നീ മാതൃകയായിട്ടാണു കണക്കാക്കിവരുന്നതു്. എന്നാൽ ധാരിണിയും ആദ്യം നമ്മുടെ മുമ്പാകെ പ്രത്യക്ഷപ്പെടുന്നതു് സ്ത്രീസഹജമായ സാപത്ന്യേർഷ്യക്കു വിധേയീഭവിച്ചുകൊണ്ടുതന്നെയാണു്. തന്റെ ഭർത്താവായ അഗ്നിമിത്രനു്, ലാവണ്യവതിയും നൃത്തകലാനിപുണയുമായ മാളവികയെ കാണുവാൻപോലും ഇടകൊടുക്കരുതെന്നാണു് അവളുടെ നിശ്ചയം. അവരുടെ പരസ്പരദർശനം കൂടാതെകഴിപ്പാൻ അവൾ പഠിച്ചപാഠമെല്ലാം നോക്കി പരാജിതയായി പിന്തിരിയുമ്പോൾ രാജാവിൻെറനേക്കു പ്രയോഗിക്കുന്ന മൂർച്ചയേറിയ മുള്ളുവാക്കുകളെന്താണു്?

"യദി രാജ്യകാര്യേഷ്വപീദൃശ്യുപായനിപുണതാര്യപുത്രസ്യ തതഃശോഭനം ഭവേൽ" 17

മാളവികനൃത്തവിദ്യാപ്രകടനത്തിനായി രാജാവിന്റെ മുമ്പാകെ ആവിർഭവിക്കുന്നതിനു മുമ്പുതന്നെ ധാരിണിയുടെ അസൂയ ഇളകിത്തുടങ്ങിയപ്പോൾ പരിവ്രാജിക അവളെ ശാസിക്കുന്നു:

അനിമിത്തമിന്ദുവദനേ!
കിമത്ര ഭവത പരാങ്മുഖീഭവസി?
പ്രഭവന്ത്യോപി ഹി ഭർത്തൃഷു
കാരണകോപാഃ കുടുംബിന്യഃ 18

എന്നിട്ടും അവൾ ഈർഷ്യാപര്യാകുലയായിത്തന്നെകൂത്തു നോക്കിക്കൊണ്ടിരിക്കുന്നു. ഇതു സൂചിപ്പിച്ചുകൊണ്ടാണു് രംഗത്തിൽ തിരശ്ശീല ഉയരുന്നതിനുമുമ്പു് വിദൂഷകൻ രാജാവിനോടു സൂക്ഷിച്ചിരിക്കുവാൻ താക്കീതു നല്കുന്നതു്:

"ഉപസ്ഥിതംനയനമധു സന്നിഹിതമക്ഷികം ച. തദപ്രമത്ത ഇദാനീം പിബ." 19

നൃത്തം കഴിഞ്ഞപ്പോഴേയ്ക്കും നാട്ടനീളേ വൎത്തമാനമായി, അഗ്നിമിത്രമഹാരാജാവു മാളവികയിൽ അനുരക്തനായിത്തീൎന്നിരിക്കുന്നു എന്നും, പക്ഷേ, ധാരിണീദേവിയെ ആദരിച്ചുകൊണ്ടു് തൻെറ പ്രഭാവം യഥേഷ്ടം എടുത്തു പ്രയോഗിക്കുന്നില്ലെന്നും. പുരൂരവസ്സിനെപ്പോലെ അഗ്നിമിത്രനും ലക്ഷണമൊത്ത ദക്ഷിണനായകൻതന്നെ; അവരുടെ പട്ടമഹിഷികൾ ഔദാൎയ്യനിധികളും.ധാരിണീദേവി അവസാനത്തിൽ മാളവികയെ സ്വയം കൈപിടിച്ചുകൊണ്ടു്, സ്വഭൎത്താവായ അഗ്നിമിത്രൻ അവളെയും രാജ്ഞീപദത്തിൽ സ്വീകരിക്കണമെന്ന നിർദ്ദേശത്തോടുകൂടി അദ്ദേഹത്തിന്റെ കൈയിൽ അൎപ്പിക്കുന്നു. കേവലം സ്വാൎത്ഥരഹിതവും ഭൎത്തൃപ്രീണനമാത്രോദ്ദിഷ്ടവുമായ ഈ ഉദാരപ്രവൃത്തിയെ പണ്ഡിതകൗശികി മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്യുന്നു:

പ്രതിപക്ഷേണാപി പതിം
സേവന്തേ ഭൎത്തൃവത്സലാഃ സാധ്വ്യഃ
അന്യസരിതാം ശതാനി ഹി
സമുദ്രഗാഃ പ്രാപയന്ത്യബ്ധിം. 20

ഇതിൽനിന്നെല്ലാം തീരെ വ്യത്യസ്തയാണു് ഇരാവതീരാജ്ഞി. ധാരിണിയും ഇരാവതിയും അഗ്നിമിത്രമഹാരാജാവിൻെറ പത്നിമാരാണെങ്കിലും,സാപത്ന്യജന്യമായ ഈൎഷ്യയെസ്സംബന്ധിച്ചേടത്തോളം അവരുടെ സ്വഭാവങ്ങൾക്കു ധ്രുവാന്തരമാണുള്ളതു്.ഇരാവതിയുടെ അസൂയയാകുന്ന അഗ്നിപൎവ്വതം എപ്പോഴും ക്ഷോഭിച്ചുകൊണ്ടുതന്നെയിരിക്കുന്നു. മാളവികയുടെ മനോഹാരിത അവൾക്കു് ആദ്യംമുതല്ക്കേ ഈൎഷ്യാശങ്കകൾക്കു കാരണമാകുന്നു. മാളവിക കൊട്ടാരത്തിൽ പ്രകാശിപ്പാൻ തുടങ്ങിയതോടുകൂടി

തന്റെ ഭാവിമുഴവൻ ഇരുളടഞ്ഞതായി ഇരാവതിക്കുതോന്നിയിരിക്കണം. അതിനാൽ'കാശിരാജപുത്രിയുടെ കുലീനതയോ,ധാരിണിയുടെ മര്യാദയോ, ഇരുവരുടേയും സഹിഷ്ണുതയോ ഇല്ലാത്ത ഇരാവതി, പലപ്പോഴും നീചമായവിധത്തിൽ പലതും ചെയ്യുന്നുണ്ടു്. മാളവികയും അഗ്നിമിത്രനും തമ്മിലുള്ള സൈ്വരസല്ലാപം ഒളിച്ചുനിന്നു കണ്ടും കേട്ടും സഹിക്കവയ്യാഞ്ഞു് അവൾ മുന്നോട്ടു ചാടിവന്നു രാജാവിനെ കലശലായി അധിക്ഷേപിക്കുന്നു.

ഇരാവതി തൻെറ ഭർത്താവിനെ മുഖത്തു നോക്കിക്കൊണ്ടുതന്നെ 'ശഠൻ' എന്നു വിളിക്കുകയും, അരഞ്ഞാൺ കൊണ്ടടിക്കുവാനോങ്ങുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ പ്രണിപാതത്തെ സകോപം നിരാകരിച്ചതിനുശേഷം, മാളവികയേയും തോഴിയേയുംകൂടി ഇരുട്ടറയിലാക്കി ചങ്ങലയ്ക്കിടുവാൻ ധാരിണീദേവിയെ പ്രേരിപ്പിക്കുന്നതും ഇരാവതിതന്നെയാണു്. ഈ വാസ്തവം ഇരാവതിക്കുള്ള ഒരു സന്ദേശത്തിൽ ധാരിണിതന്നെ വിളിച്ചുപറയുന്നു:

"ന മേ ഏഷ മത്സരസ്യ കാലഃ. കേവലം തവ ഖലു ബഹുമാനം വർദ്ധയിതും വയസ്യയാ സഹ നിഗളബന്ധനേ കൃതാ മാളവികാ. യദ്യനുമന്യസേ ആര്യപുത്രസ്യപ്രിയം കർത്തുമിച്ഛാമി." 21

പ്രണിപാതലംഘനത്തിനു പ്രായശ്ചിത്തമായി ഇരാവതിക്കും പ്രിയാനുപ്രസാദനം ആവശ്യമാണെന്നു തോന്നിയപ്പോൾ, ഭർത്താവിൻെറ ചിത്രത്തെയാണു്, അദ്ദേഹത്തെ അഭിമുഖമായിട്ടല്ല, അവൾ ഉപസർപ്പണം ചെയ്യുന്നതു്. അതും മര്യാദാലംഘനമോർത്തുമാത്രം. ഒടുവിൽ വിദൂഷകൻ അവളോടു്,

"ഭവത്യാ ദർശനമാത്രേണാഽത്രഭവാൻ പ്രണിപാത

ലംഘനം വിസ്മൃതവാൻ ഭവതീ പുനരദ്യാപി പ്രസാദം ഗൃഹ്ണാതി," 22

എന്നു് ആക്ഷേപപൂർവ്വം പറയുമ്പോൾ, "കുപിതാപിദാനീം കിം കരിഷ്യാമി" എന്നു മാത്രമേ അവൾക്കു മറുപടിയുള്ളൂ. 23

പക്ഷേ, ധാരിണീദേവിയുടെ ഔദാര്യംനിമിത്തം കീഴടങ്ങുകയല്ലാതെ ഗത്യന്തരമില്ലെന്ന നില ഇരാവതിക്കും വന്നുകൂട്ടുന്നു. അപ്പോൾ അവൾ രാജാവിനു് ഇങ്ങനെ ഒരു സന്ദേശം അയയ്ക്കുന്നു:

"യദ്രുപചാരാതിക്രമേണ തദാ ഭർത്രേ അപരാദ്ധം തത്സ്വയമേവ ഭർത്തുരനുകൂലം നാമ മയാചരിതം! സാമ്പ്രതം പൂർണ്ണമനോരഥേന ഭർത്രാ പ്രസാദമാത്രേണ സംഭാവയിതവ്യാ." 24

ഇതിനുള്ള മറുപടി പറയുന്നതു ധാരിണിയാണു്:

"അവശ്യം തസ്യാഃ സന്ദേശം സേവിതുമാര്യപുത്രോ ജ്ഞാസ്യതി" എന്നു്. 25

അനന്തരം ധാരിണീദേവി രാജാവിനെ നോക്കി ചോദിക്കുന്നു:

"ആജ്ഞാപയത്വാര്യപുത്രഃ കിം ഭൂയോപി പ്രിയമനുതിഷ്ഠാമി" 26

അതിനു രാജാവു സംതൃപ്തനായി പറയുന്ന ഉത്തരമെന്തെന്നു നോക്കുക:

"ത്വം മേ പ്രസാദസുമുഖീ ഭവ ചണ്ഡി! നിത്യ—
മേതാവദേവ വരയേ പ്രതിപക്ഷഹേതോഃ" 27

ഇതോടുകൂടി നാടകത്തിൻെറ ഭരതവാക്യവുമായി. ഇതർത്ഥവത്തല്ലേ? ധാരിണീദേവിയുടെ സ്തുത്യർഹമായ

ഔദാര്യത്തിനു മാറ്റുകൂട്ടുവാൻവേണ്ടിയല്ലേ ഇരാവതിയുടെ ഭാഗം വിപരീതപ്രകാശന്യായേന ഇത്ര വിശദീകരിച്ചിട്ടുള്ളതെന്നു സംശയിക്കാവുന്നതാണ്. സാപത്ന്യജന്യമായ ഈർഷ്യ സ്ത്രീസഹജമാണെങ്കിലും, ഹൃദയത്തിന്റെ വിശാലതയും ബുദ്ധിയുടെ ഔന്നത്യവുംകൊണ്ട് അതിനെ എങ്ങനെ ദമനംചെയ്യാമെന്നു ധാരിണി ഉദാഹരിക്കുന്നു. പ്രത്യുത, സങ്കുചിതഹൃദയത്തിന്റെ നിരന്തരമായ ദുരന്തദുശ്ശങ്ക ഈർഷ്യാവതിയെ എത്രത്തോളം ചപലയും നീചയും ശാന്തിരഹിതയുമായി അധഃപതിപ്പിക്കാമെന്ന് ഇരാവതി സ്വകഥയാൽ തെളിയിക്കുന്നു.

സ്ത്രീസഹജമായ അസൂയയ്ക്ക് അപവാദങ്ങളല്ല ഉർവ്വശിയും മാളവികയുമെന്നു കാണിക്കുവാനായിരിക്കണം കാളിദാസൻ ചില സന്ദർഭങ്ങൾ കല്പിച്ചുകൂട്ടി വിസ്തരിച്ചിട്ടുള്ളതു്. അഗ്നിമിത്രനിൽ അനുരക്തയായിത്തീർന്നതിനുശേഷം മാളവിക ഒരുദിവസം അദ്ദേഹത്തിന്റെ ചിത്രം നോക്കിക്കൊണ്ടു നില്ക്കുമ്പോൾ തോഴിയോടു ചോദിക്കുകയാണ്:

"ഹലാ, കൈഷാ പാർശ്വപരിവൃത്തവദനേന ഭർത്രാ സ്നിഗ്ദ്ധയാ ദൃഷ്ട്യാ നിധ്യായതേ?"

അതിനു മറുപടി പറയുന്നു ബകുളാവലിക:

"നന്വിയം ഭർത്തുഃ പാർശ്വഗതേരാവതീ."

ഇതുപോലും സഹിക്കവയ്യാതെ മാളവിക തുറന്നു പറയുന്നു:

"സഖി, അദക്ഷിണ ഇവ ഭർത്താ മേ പ്രതിഭാതി. യഃ സർവ്വം ദേവീജനമുജ്ഝിത്വൈകസ്യാം മുഖേ ബദ്ധലക്ഷഃ...തതഃ കിമിദാനീമാത്മാനമായാസയാമി. (ഇതി സാസൂയം പരാവർത്തതേ.)" 28

രാജാവിന്റെ ചിത്രമാണു്, രാജാവല്ല തന്റെ മുമ്പാകെ കാണപ്പെട്ടന്നതെന്നുപോലും അവൾ അസൂയാധിക്യത്താൽ വിസ്മരിച്ചുപോകുന്നു! ആ സന്ദർഭത്തിൽ ഇതെല്ലാം ഒളിച്ചുനിന്നു കണ്ടു സംതൃപ്തനായ രാജാവു സ്വയം അവളുടെ മുമ്പാകെ പ്രത്യക്ഷനായി അവളെ സമാധാനിപ്പിക്കുന്നു:

"ദാക്ഷിണ്യം നാമ ബിംബോഷ്ഠി!
ബൈംബികാനാം കുലവ്രതം" 29

എന്നു പ്രഖ്യാപനം ചെയ്യുകയും ചെയ്യുന്നു.

പുരൂരവസ്സിൻെറ പ്രഥമപത്നിയായ ദേവിയെക്കുറിച്ചു് ഉർവ്വശിക്കു തികച്ചും ബഹുമാനമാണുണ്ടായിരുന്നതെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ ദേവിയുടെ ഔദാര്യത്തെ അനുകരിക്കുവാനുള്ള ശക്തി ദേവനാരിക്കില്ലാതെപോയതുകൊണ്ടു വലിയ ഒരാപത്തിനിടയായി എന്നു കാളിദാസൻ വ്യക്തമാക്കിയിരിക്കുന്നു. ഗന്ധമാദനവനത്തിൽ ഉർവ്വശിയൊന്നിച്ചു ക്രീഡിച്ചുകൊണ്ടിരുന്ന പുരൂരവസ്സു് ഒരു വിദ്യാധരകന്യകയെ സാകൂതം വീക്ഷിച്ചു എന്ന കാരണത്താൽ ഈർഷ്യാകലുഷിതയായ ആ അപ്സരസ്ത്രീ അദ്ദേഹത്തോടു കയർത്തോടിപ്പോയി. വനിതകൾക്കു പ്രവേശം അനുവദിക്കാത്ത കാർത്തികേയവനത്തിൽ അബദ്ധത്തിൽ ചെന്നെത്തുകയും ശാപഫലമായി ഒരു ലതയായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. പ്രേമം ദേവാംഗനയെ മനുഷ്യാംഗനയായി മാററിയെങ്കിൽ, അസൂയ അവളെ ഒരു സ്ഥാവരമായിമാററി. ഭർത്താവിന്റെ അന്യസ്ത്രീദർശനംപോലും ആ 'ചണ്ഡി'ക്കു് അസഹനീയമായതിന്റെ ഫലമത്രേ ആ രൂപാന്തരം. പിന്നീടു പശ്ചാത്താപം അവളെ വീണ്ടും മനുഷ്യാംഗനയാക്കി. അതിനുശേഷം, ക്രമേണ ഗാർഹികസൗഭാഗ്യപൂർത്തി അവളെ ദേവാംഗനയുടെ രൂപത്തിലേയ്ക്കുതന്നെ ഉയർത്തുകയും ചെയ്തു. ഇങ്ങനെയാണു്

പുത്രലാഭാനന്തരം ഉർവ്വശി പഴയ പടി ദേവലോകത്തേയ്ക്കു തിരിച്ചുപോകുന്നതു്.

ഇത്രയും വിവരിച്ചതിൽനിന്നു സാപത്ന്യജന്യമായ ഈർഷ്യയുടെ പ്രത്യാഘാതങ്ങൾ സ്ത്രീകളെ സംബന്ധിച്ചേടത്തോളം ഏതെല്ലാം പ്രകാരഭേദങ്ങളിൽ പ്രത്യക്ഷമാകാമെന്നു കാളിദാസനാടകങ്ങൾ ഉദാഹരിക്കുന്നതായി തെളിയുന്നുണ്ടല്ലോ. മാളവിക അതിനെ ഭയപ്പെട്ടു പരിഭ്രമിക്കുമ്പോൾ ഉർവ്വശി ക്ഷമയില്ലാതെ ആപത്തിൽ ചെന്നു ചാടുകതന്നെ ചെയ്യുന്നു. സാപത്ന്യക്ലേശം സഹിക്കാതെ നിവൃത്തിയില്ലെന്നുവന്നാൽ ചെയ്യാവുന്നതെന്തെന്നു കാശിരാജപുത്രിയും ധാരിണിയും ഇരാവതിയും ഭിന്നരീതികളിൽ ദൃഷ്ടാന്തപ്പെടുത്തുന്നു; ചെയ്യേണ്ടതെന്തെന്നു ശാകുന്തളത്തിലെ കണ്വന്റെ ഉപദേശം വ്യക്തമാക്കുന്നതുമുണ്ടു്.

എന്നാൽ ചിത്രത്തിന്റെ മറുവശംകൂടി സ്പർശിക്കാതിരിക്കുന്നപക്ഷം ഭയങ്കരമായ തെററിദ്ധാരണയ്ക്കിടയുള്ളതുകൊണ്ടു് അതും ഇവിടെ സൂചിപ്പിച്ചേക്കാം. ആ ഭാഗം രവീന്ദ്രനാഥടാഗൂർ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതിലേക്കു് എല്ലാവരുടേയും ശ്രദ്ധയെ ക്ഷണിക്കുകമാത്രമേ ഈ സന്ദർഭത്തിൽ ചെയ്യേണ്ടതായിട്ടുള്ളു. അദ്ദേഹത്തിന്റെ പ്രശസ്തപ്രസംഗങ്ങളായ 'ശാകുന്തളവിമർശന'വും 'അരണ്യസന്ദേശ'വും വിശേഷിച്ചും പഠിക്കേണ്ടവയാണു്. ഭർത്താക്കന്മാരെസ്സംബന്ധിക്കുന്ന ദാമ്പത്യാദർശം അവയിൽ സ്പഷ്ടമായി വിവരിച്ചിട്ടുണ്ടു്. ആകപ്പാടെ അദ്ദേഹം പറഞ്ഞിട്ടുള്ളതിന്റെ സാരാംശം ഇതാണു്: ഹൈന്ദവരാജാക്കന്മാർ അവരുടെ ധർമ്മമെല്ലാം വിസ്മരിച്ചു സ്വാർത്ഥൈകനിരതരായി സുഖലോലുപന്മാരായി അധഃപതിച്ചിരുന്ന ഒരു കാലത്തെയാണു കാളിദാസമഹാകവി തന്റെ കൃതികളിൽ പരാമർശിക്കുന്നതു്. അങ്ങനെയല്ലാത്ത ഒരു കാലം

പണ്ടുണ്ടായിരുന്നതിനേയും താരതമ്യപഠനത്തിനായി ചി ലേടത്തു് എടുത്തുകാട്ടീട്ടുണ്ടു്. ത്യാഗവും ആത്മദമനവും ജീ വിതത്തെ പരിശുദ്ധമാക്കിയിരുന്നകാലത്തു ഭാവി ഭാസുര മായി തിളങ്ങിയിരുന്നു. അധഃപതനം അടുത്തപ്പോൾ കാ മത്തിൻെറ ജ്വാലകൾ സർവ്വത്ര വ്യാപിച്ചു ജനങ്ങളുടെ ക ണ്ണുകളെ വ്യാമോഹിപ്പിച്ചു. മാളവികാഗ്നിമിത്രം ഇതി നൊരു ദൃഷ്ടാന്തമത്രേ. അതിൽ ഭിന്നാദർശങ്ങൾ തമ്മിലു ള്ള മാത്സര്യത്തെയാണു രാജാവും ധാരിണിയും തമ്മിലുള്ള അസ്വാരസ്യം പ്രതിനിധാനംചെയ്യുന്നതു്. അഗ്നിമിത്രൻ എന്ന നാമംതന്നെ എത്ര അർത്ഥവത്തായിരിക്കുന്നു! അഗ്നി യുടെ മിത്രം, കാമവൃത്തിയിൽ തൻേറടമില്ലാതെ തീകൊ ണ്ടു കളിക്കുന്ന അവിവേകി, എന്നതു് അഗ്നിമിത്രനെസ്സം ബന്ധിച്ചു വളരെ ശരിയാണല്ലോ. അതുപോലെ ആത്മോ ൽക്കർഷഫലമായ സഹിഷ്ണുതയുടേയും ക്ഷമയുടേയും മാതൃക എന്ന നിലക്കു ധാരിണിക്കു് ആ പേർ എത്ര യുക്തമായിരി ക്കുന്നു! അപാരമായ പ്രേമമഹിമയെ സ്വാർത്ഥാഹുതികൊ ണ്ടു പരിപാവനമാക്കിച്ചെയ്യുന്നവളാണല്ലോ ധാരിണീദേ വി. രഘുവംശകാവ്യത്തിലും ഇപ്രകാരമുള്ള ആദർശവൈ പരീത്യങ്ങൾ ഉദാഹൃദങ്ങളായിട്ടുണ്ടു്. രാജവംശത്തിൻെറ നിലനില്പിന്നു് ആത്മസംയമം എത്ര അത്യാവശ്യമായിട്ടുള്ള താണെന്നു് അതിൽ ആദ്യന്തം തെളിഞ്ഞുകാണാം. വെ റുതെയല്ല കാളിദാസൻ തൻെറ ഉപാസനാമൂർത്തിയായി സാക്ഷാൽ അർദ്ധനാരീശ്വരനായ പരമശിവനെ സർവ്വത്ര നമസ്കരിക്കുന്നതു്:

പരസ്പരതപഃസമ്പൽ-
ഫലായിതപരസ്പരൗ
പ്രപഞ്ചമാതാപിതരൗ
പ്രാഞ്ചൗ ജായാപതീ സ്തുമഃ.

# അനുബന്ധം

(ഉദ്ധരിച്ച ഭാഗങ്ങളുടെ തർജ്ജമ)

1 അഭിനവമധുതന്നിലഭിലാഷമാർന്നു,
സഹകാരമഞ്ജരിയെ സരസം നുകർന്നു നീ
അധുനാ നളിനീവാസമതുകൊണ്ടു തൃപ്തിപൂണ്ടു
മധുകര നീയതിനെ മറന്നതെന്തയ്യോ! (ആററൂർ)

2 ഒരിക്കൽ ഞാൻ ഇവളെ സ്നേഹിച്ചിരുന്നു. അതിനാലിപ്പോൾ വസുമതിയെ ഉദ്ദേശിച്ച് എന്നോടു പരിഭവം പറകയാണു്. (ആററൂർ)

3 പ്രിയമനവധിചൊല്ലിയാലുമുള്ളിൽ
പ്രണയമെഴാത്ത ധവൻെറ സാന്ത്വനത്തിൽ
പ്രമദകൾ രസമേലുകില്ല, പൂച്ചിൻ
പ്രഭയിയലും മണിതന്നിൽ വിജ്ഞർപോലെ. (വി)

4 ഓജസ്സിൽ ശചിയേക്കാളു-
മൊട്ടും കുറവെഴാത്തവൾ
ദേവീശബ്ദോപചാരത്തി-
ന്നിവളൊത്തൊരു പാത്രമാം. (വി)

5 താമരവളയംപോലെ,
കോമളമാം നിൻ കളേബരം വെറുതേ
ഭീമതപസ്സാലീവിധ,-
മോമൽക്കല്യാണി! നീ തളർത്തുന്നു
ഭവതിയിലുത്സുകനായോ,-
രിവനോ നിൻപ്രീതി കാത്തീടും ദാസൻ;
ഇവനെ പ്രീണിപ്പിപ്പാൻ,
തവസാഹസമോർക്കിലെന്തിനിന്നേവം? (സ്വ)

6 സ്വീകരിക്ക തവ ദാസനെപ്പര-
ന്നേക, രണ്ടുമവിടേയ്ക്കു ചെയ്തിടാം;
നീ കടുത്തു കരുതുംവിധത്തിലു-
ള്ളേകനല്ലറിക ഭീരു, നിൻ പ്രിയൻ! (സ്വ)

7 പിച്ചകത്തെ നനച്ചുന്നതുള്ളിപ്പൂമുല്ലവള്ളിയേ
സ്നേഹദാക്ഷിണ്യസമ്പന്നൻ കാമിപോൽ-
ത്തോന്നിടുന്നു മേ (വി)

8 അനന്യഭാക്കാം പതിയേ ലഭിക്ക-
ന്നനുഗ്രഹിച്ചാൻ ഹരനുണ്മയിൽത്താൻ. (എ. ആർ.)

9 ഊഹിച്ചിടേണമരഞാണണിയുന്നിടത്തിൻ
മാഹാത്മ്യമത്തരുണിയാൾക്കിതുകൊണ്ടുതന്നെ,
മാനിച്ചു പിന്നിതിനെ മററൊരുമാനിനിക്ക-
മർഹിച്ചിടാത്ത മടിതന്നിൽ മഹേശദേവൻ. (എ. ആർ.)

10 വിട്ടിട്ടവ്വീതനുജയെ ദശാസ്യാരി മററാരെയുംതാൻ
വേട്ടില്ലാ, തൽപ്രതിമയൊടുചേൎന്നധ്വരം നിവ്വഹിച്ചു:
കേട്ടീവണ്ണം പ്രിയനുടെ ചരിത്രത്തെയസ്സാധ്വിയേതോ-
മട്ടിൽത്താനേ കൊടിയൊരുപരിത്യാഗദുഃഖം
സഹിച്ചാൾ.

11 വീണ്ടും ചൊന്നാൻ 'ഭവതിശയനേ മൽഗ്ഗളംചേൎന്നുറക്കം-
പൂണ്ടുച്ചത്തിൽ കിമപി വിലപിച്ചിട്ടുണൎന്നില്ലയല്ലീ?'
നീണ്ടുംനിൎല്ലേമമമൊഴി, പറഞ്ഞീടിനാൾ സാല്പഹാസം:
"കണ്ടു സ്വപ്നേ കിതവ! പരയെത്താങ്കൾ പുല്കുന്നതായ്
ഞാൻ." (ടി. ആർ. നായർ.)

12 ശകുന്തള:-(പ്രിയംവദയെ നോക്കി) സഖി! അന്തഃപുര ത്തിലുള്ളവരെ പിരിഞ്ഞതുകൊണ്ടു് മനസ്സുഖമില്ലാത്ത രാജൎഷിയെ ഉപദ്രവിക്കേണ്ട... അനസൂയ:-സ്നേഹി ത! രാജാക്കന്മാൎക്കു് അനേകം ഭാൎയ്യമാരുണ്ടായിരിക്കുമെ ന്നു കേട്ടിട്ടുണ്ടു്. ഞങ്ങളുടെ സഖിയെപ്പററി ബന്ധുക്കൾ ക്കു് സങ്കടപ്പെടാനിടവരാതെകഴിക്കുമല്ലോ.

13 രാജാ:-
പലപരിഗ്രഹമുണ്ടിവനെങ്കിലും
കുലമതിൻനിലനില്പിനു രണ്ടുതാൻ:
സലിലരാശികൾ ചുററിടുമൂഴിയും
സലിലജേക്ഷണ നിങ്ങടെ തോഴിയും. (ആററൂർ)

14 പ്രിയസഖീതുല്യം സപത്നീജനേ
വർത്തിക്ക പ്രിയനപ്രിയം തുടരില്ലും
കോപിച്ചിടത്തായ്ക്കൊലാ...
ഇത്ഥംതാൻ തരുണീജനം ഗൃഹിണിയാം
വംശാധിയാം വാമമാർ.

15 ഒന്നായുള്ള നിലങ്ങു നോക്കുകിവളെ-
ദ്ദാരാനുരൂപാദരം
പിന്നെബ്ഭാഗ്യമണപ്പതാണു്...

16 മകളേ! ഭർത്താവിന്നു് ബഹുമാനമുള്ളവളായിവരട്ടേ...
മകളേ! നിനക്കു പട്ടമഹിഷീസ്ഥാനം ലഭിക്കട്ടെ.
(ആററം്ർ)

17 മററു രാജ്യകാര്യങ്ങളിൽക്കൂടി ആര്യപുത്രനു പോരുപ
ണിഞ്ഞു ഫലിപ്പിക്കാൻ ഇത്രയും സാമർത്ഥ്യമുണ്ടായിരു
ന്നുവെങ്കിൽ വളരെ നന്നായിരുന്നു. (എ. ആർ.)

18 മതിമുഖി നീയെന്തു വൃഥാ
പ്രതികൂലം പതിയിലാചരിക്കുന്നു?
കഴിയുകില്ലമകാരണമായ്
കയർത്തിടാ കാന്തരിൽ കുടുംബിനിമാർ. (എ. ആർ.)

19 അവിടത്തെ കണ്ണിന്നു് ആസ്വാദിക്കുവാനുള്ള പൂന്തേൻ
ഇതാ—തേനീച്ചയും അടുക്കൽത്തന്നെയുണ്ടു്. അതുകൊ
ണ്ടു സൂക്ഷിച്ചുവേണം.

20 എതിരേ സപത്നികളിരിക്കിലും സ്വയം
സതിമാർ മുറയ്ക്കു പതിസേവ ചെയ്തിട്ടും
പതിവല്ലയോ നദികളൊപ്പമേ സരിൽ-
പ്പതിയോടണപ്പതപരാപഗാശതം? (സ്വ)

21 എനിക്കിപ്പോൾ മത്സരത്തിനുള്ള കാലമല്ല; നിങ്ങളുടെ
അന്തസ്സിന്നും അഭിമാനത്തിന്നും കുറവുവരേണ്ടാ എന്നു
കരുതി മാളവികയെയും അവളുടെ സഖിയെയും വില
ങ്ങിട്ടു തടവിൽ പാർപ്പിച്ചിരിക്കുന്നു. നിങ്ങൾക്കു സമ്മത

MUL
221847

മാണെങ്കിൽ ആര്യപുത്രനു ... വിചാരിക്കുന്നു. (എ. ആർ.)

22 ശ്രീമതിയെ കണ്ടമാത്രയിൽ തോഴക്കു പ്രണിപാതലംഘനംകൊണ്ടുണ്ടായ അപ്രിയം തീൎന്നു; അവിടേക്കു പിന്നെ ഇത്രയൊക്കെയായിട്ടും കല്യഷം പോയില്ലല്ലോ.

23 കോപിച്ചാലും ഞാൻ വിചാരിച്ചാലെന്തു കഴിയും?

24 മര്യാദാലംഘനമെന്ന തെററു ഞാൻ ചെയ്തതു ഭർത്താവിനു് അനുകൂലമായല്ലോ. മനോരഥം പൂൎണ്ണമായി സാധിച്ച അവിടുന്നു് എന്നിൽ ഇനി പ്രസാദിക്കണം.

25 ആ സന്ദേശം ആര്യപുത്രൻ തീർച്ചയായും മാനിക്കുന്നതായിരിക്കും.

26 ആര്യപുത്രൻ അരുളിച്ചെയ്യണം—ഇനിയെന്തു പ്രിയമാണു ഞാനവിടേക്കു ചെയ്യേണ്ടതു്?

27 എന്നിൽ പ്രസാദസുമുഖത്വമൊടെന്റദേവി–
യെന്നും വസിക്കണമതിൽപ്പുരമെന്തുവേണ്ടൂ? (എ. ആർ.)

28 തോഴീ! ഇതിൽ കുറച്ചൊന്നു മുഖം തിരിച്ചു നോക്കുന്ന മട്ടിൽ എഴുതിയിരിക്കുന്ന ആളിതേതാണു്? അവളെ തമ്പുരാൻ സ്നേഹദൃഷ്ടിയോടെ സൂക്ഷിച്ചു നോക്കുന്നല്ലോ.

ബകുളാവലിക—അതോ പാൎശ്വഭാഗത്തു നില്ക്കുന്ന ഇരാവതിയാണു്.

മാളവിക—ഇതു തമ്പുരാന്റെ ദാക്ഷിണ്യത്തിനു ചേൎന്നതല്ല; എല്ലാ ദേവിമാരും ഒന്നിച്ചു നില്ക്കുമ്പോൾ ഒരാളുടെ മുഖത്തുമാത്രം പ്രത്യേകമായി ദൃഷ്ടിപതിപ്പിക്കാമോ?... എന്നാൽ ഞാനെന്തിനു പിന്നെ ശ്രമപ്പെടുന്നു? (ഈൎഷ്യയോടെ തിരിഞ്ഞു പോകുന്നു.)

29 ബിംബോഷ്ഠി! കേൾക്ക, ദാക്ഷിണ്യം
ബൈംബികക്കു കുലവ്രതം.

221847
937
32J9:1
UNIVERSITY LIBRARY
28 FEB 1969

# സാഹിത്യഗതി

പ്രകൃതിയിലെ ചേതനങ്ങളായ പല പദാൎത്ഥങ്ങളും, അവ ഏതു ചുററുപാടുകളോടു ചേൎന്നു നില്ക്കുന്നുവോ, അതുകളുടെ സ്വഭാവവിശേഷത്തെ സ്വായത്തമാക്കുന്നതായി നാം കാണാറുണ്ടല്ലോ. അതുപോലെ സാഹിത്യത്തിൻെറ പരിണാമത്തിലും പരിതഃസ്ഥിതികളുടെ പ്രതിഫലനം പ്രായേണ പ്രതീക്ഷിക്കേണ്ടതാകുന്നു. സാഹിത്യത്തിലേയ്ക്കു് അതിൻെറ ആലംബമായ സമകാലജീവിതത്തിൻെറ പ്രത്യേകാംശങ്ങൾ സംക്രമിക്കുന്നതു കേവലം സ്വാഭാവികമാണെന്നൎത്ഥം. ഉദാഹരണമായി പണ്ടത്തെയും ഇന്നത്തെയും സാഹിത്യസ്വരൂപങ്ങളെ പരിശോധിച്ചു നോക്കുക. സാഹിത്യംകൊണ്ടു കൈകാര്യം ചെയ്തിരുന്നതു മിക്കവാറും പണ്ഡിതന്മാരോ, പ്രഭുക്കളോ, അവരുടെ ആശ്രിതരോ ആയ വ്യക്തികളടങ്ങിയ ഒരു പരിമിതജനസമൂഹം മാത്രമായിരുന്ന ആദ്യകാലങ്ങളിലെ കാവ്യങ്ങൾ, അവരുടെ ജീവിതവശങ്ങൾ പ്രതിബിംബിക്കുന്നവയും, അവൎക്കു രുചിക്കുന്ന സമ്പ്രദായത്തിൽ രചിക്കപ്പെട്ടവയുമായിരുന്നു. എന്നാൽ വിദ്യാഭ്യാസവും രാഷ്ട്രീയബോധവും ബഹുജനങ്ങളുടെ ഇടയിൽ പ്രചരിച്ചതോടുകൂടി വായനക്കാരുടെ സംഖ്യ ക്രമേണ വർദ്ധിക്കുകയും, അവർ ഇതരസമുദായവിഭാഗങ്ങളിൽനിന്നും തുരുതുരെ ഉയൎന്നുവരികയും ചെയ്തപ്പോൾ, അവരുടെ ജീവിതത്തെ പ്രകടമായി പരാമൎശിക്കുന്ന കാവ്യങ്ങൾ, അവൎക്കു സുഗ്രഹമായ രീതിയിൽത്തന്നെ, ആവിൎഭവിക്കുവാനും തുടങ്ങി. ഇക്കാലത്തു ഭൂരിപ്രചാരമുള്ള സാഹിത്യം, സുഖമായി ജീവിതം നയി

കുന്നതിനു വേണ്ട വിഭവസമൃദ്ധിയാലനുഗൃഹീതരായ ഭാഗ്യവാന്മാക്കു വിശ്രമാവസരങ്ങളിൽ വിനോദിക്കുവാനുപകരിക്കുന്ന ഒരു സാധനവിശേഷം മാത്രമല്ലെന്നായി. വായനക്കാക്കു താല്പയ്യാധിക്യം തോന്നുന്ന സമകാലികമായ യഥാത്ഥലോകത്തിൽ വേരുറച്ച്, അതിൽനിന്നു വളമെടുത്തു തഴച്ചുയരുന്ന സാഹിത്യത്തിനാണ് ഇന്നു കൂടുതൽ പ്രചാരം. അതിലെ പ്രതിപാദ്യം അവരുടെ അനുഭവത്തിന് അനുയുക്തമായിരിക്കുമെന്നതിനും പുറമേ, പ്രതിപാദനം അവക്ക് എളുപ്പത്തിൽ ഗ്രഹിക്കത്തക്ക സമ്പ്രദായത്തിലായിരിക്കുകയും ചെയ്യും. ആദശ്ശങ്ങളേയും ഭാവനാസൃഷ്ടികളേയും എത്രതന്നെ ഉൾക്കൊള്ളിച്ചാലും, ജീവിതസാഗരം കടഞ്ഞെടുത്ത അമൃതു് എത്രതന്നെ ഒഴുക്കിയാലും, ശരി, സമകാലികമായ യഥാത്ഥജീവിതം—വിശിഷ്യ, ജനസാമാന്യത്തിനു നിത്യപരിചിതമായ ജീവിതസമുദ്രത്തിലെ കോളിളക്കങ്ങൾ—പ്രതിബിംബിക്കാത്ത സാഹിത്യം അനുവാചകസഹസ്രങ്ങളുടെ ഹൃദയങ്ങളെ സ്പർശിക്കുവാൻ ശക്തമാകുന്നില്ല.

എന്നുവച്ച്, സാഹിത്യത്തിൽ ലബ്ധപ്രതിഷ്ഠങ്ങളായിക്കഴിഞ്ഞിട്ടുള്ള പഴയ കൃതികൾക്കു പ്രചാരമില്ലെന്നു വിവക്ഷയില്ല. അവയുടെ പ്രതികൾ ഏതുകാലത്തും ധാരാളമായി വിററഴിഞ്ഞുകൊണ്ടിരിക്കുമെന്നതു നിവ്വിവാദംതന്നെ. പക്ഷേ, അത്തരത്തിലുള്ള ഗ്രന്ഥങ്ങൾ ഇക്കാലത്തെങ്ങും അധികം ആവിർഭവിക്കുന്നതായി കാണ്മാനില്ല. അവ എന്നും എങ്ങും സ്വാഗതാർഹങ്ങൾതന്നെ. എന്നാൽ ഇക്കാലത്തു കുറേക്കൂടി ന്യായമായി പ്രതീക്ഷിക്കാവുന്നതു മുൻവിവരിച്ച തരത്തിലുള്ള കൃതികളുടെ പെരുപ്പമായിരിക്കുമെന്നു തോന്നുന്നുണ്ടു്. അവയുടെ നിമ്മാണത്തിനു വേണ്ടുന്ന ശക്തിയുള്ളവർ മലയാളത്തിൽ ഇന്നു് ഒട്ടും കുറ

വല്ല. അവർ തങ്ങളുടെ പ്രതിഭാദർപ്പണത്തെ ചുററുപാടും കാണുന്ന യഥാത്ഥജീവിതവശങ്ങളിലേയ്ക്കു്, പ്രത്യേകിച്ചും, വായനക്കാർ പെരുമാറിവരുന്ന ലോകവിഭാഗത്തിലേയ്ക്കു്, ഒന്നു തിരിച്ചു പിടിക്കുകമാത്രമേ ചെയ്യേണ്ടതുള്ളൂ. അധികാരിഭേദമനുസരിച്ചു സാഹിത്യസ്വഭാവം മാറിക്കൊണ്ടിരിക്കുമെന്ന നിയമം ഉള്ളിലുറപ്പിച്ചുകൊണ്ടു്, പൊതുജനങ്ങളുടെ രുചിവിശേഷങ്ങളെ അവഗണിക്കാതെ, ഗ്രന്ഥനിർമ്മാണത്തിനൊരുമ്പെടുന്നതു സാഹിത്യജീവിതവിജയത്തിനത്യാവശ്യവുമാകുന്നു. ഭാവനാസമ്പന്നന്മാരും പ്രതിഭാപ്രഭാവന്മാരുമായ മഹാകവികളെ യാതൊരു സിദ്ധാന്തംകൊണ്ടും നിയന്ത്രിക്കാവുന്നതല്ലെന്നും, തങ്ങൾക്കു തോന്നുംപോലെ തോന്നിയ വിഷയത്തെക്കുറിച്ചെല്ലാം സർവ്വതന്ത്രസ്വതന്ത്രന്മാരായി കാവ്യങ്ങളെഴുതുവാൻ അവരെ വിടേണ്ടതാണെന്നും വാദിക്കുന്നതു ശരിതന്നെ. എന്നാൽ പൊതുജനങ്ങളിൽനിന്നു പ്രോത്സാഹനം പ്രതീക്ഷിക്കുന്ന സാധാരണ സാഹിത്യകാരന്മാക്കു മേല്പറഞ്ഞ തത്വം വിസ്മരിക്കാവുന്നതല്ലെന്നു സമ്മതിക്കാതെ നിവൃത്തിയുണ്ടോ? മലയാളത്തിൽ ഇന്നും ഗ്രന്ഥകാരന്മാക്കു പ്രസാധകന്മാരെ ആശ്രയിക്കാതെ ഗ്രന്ഥങ്ങളെ പ്രകാശിപ്പിക്കാവുന്ന നില വന്നുകഴിഞ്ഞിട്ടില്ലല്ലോ. പ്രസാധകന്മാരാകട്ടേ പ്രായേണ ഗ്രന്ഥങ്ങളുടെ കൈയെഴുത്തുപ്രതികളെ കൊള്ളുകയോ തള്ളുകയോ ചെയ്യുന്നതു് അവയെ അച്ചടിച്ചു പുറത്തിറക്കിയാലുണ്ടായേക്കാവുന്ന ലാഭചേതങ്ങളുടെ തോതു നോക്കീട്ടായിരിക്കും. അനുവാചകന്മാരിൽ അധികംപേർ ആവശ്യപ്പെടുന്ന കൃതികൾക്കു പ്രസാധകന്മാർ കൂടുതൽ പ്രോത്സാഹനം നൽകുന്നു. അതിനാൽ ഇന്നത്തെ വായനക്കാക്കു പൊതുവേ രുചിക്കുന്ന കാര്യങ്ങളെക്കുറിച്ചു്, അവക്കു് അനായാസേന മനസ്സിലാക്കാവുന്ന ഭാഷ

യിൽ രസകരമായ രീതിയിൽ ഗ്രന്ഥങ്ങളെഴുതുന്നതായാൽ ഇച്ഛാഭംഗത്തിനു വഴിയുണ്ടാകുന്നതല്ലെന്നും, അങ്ങനെയല്ലാതെ യഥേഷ്ടം എന്തെങ്കിലും നിർമ്മിച്ചുവിടുന്നതായാൽ പ്രോത്സാഹനം ലഭിച്ചുകൊള്ളേണമെന്നില്ലെന്നും സാഹിത്യകാരന്മാർ ഓർക്കേണ്ടിയിരിക്കുന്നു.

ഇത്രയും പറഞ്ഞതുകൊണ്ട്, ഉത്തമസാഹിത്യകാരന്മാർക്കു ജനസാമാന്യത്തിൻെറ മനോഗതിയെ പരിഷ്ക്കരിക്കേണ്ട ചുമതല ഇല്ലെന്നു വരുന്നില്ല. ഏതു രാജ്യത്തും ഏതുകാലത്തും ഉൽകൃഷ്ടകാവ്യങ്ങളുടെ പരമോദ്ദേശ്യം ഒന്നു തന്നെയാണ്— "കാന്താസമ്മിതതയോപദേശയുജേ"— വായനക്കാരെ ആഹ്ളാദിപ്പിച്ചുകൊണ്ടുതന്നെ ഉപദേശിക്കുക, അവർക്ക് കൃത്യാകൃത്യബോധം ഉളവാക്കുക. പക്ഷേ, അതിനുവേണ്ടി സ്വീകരിക്കുന്ന സമ്പ്രദായങ്ങൾ കാലദേശാദിഭേദങ്ങൾക്കൊത്തു മാറേറണ്ടതായിവരും. വിജയേച്ഛുവായ ഒരു ഗ്രന്ഥകാരൻ വായനക്കാരുടെ നിലയിലേക്കിറങ്ങിച്ചെന്നു്, അവരുടെകൂട്ടത്തിൽപ്പെട്ട ഒരാളാണു താനെന്നും, അവരോടു തനിക്കു പൂർണ്ണമായ സഹാനുഭൂതിയാണുള്ളതെന്നും ബോദ്ധ്യമാക്കിക്കൊടുത്തു് (അവരറിയാതെതന്നെ എന്നു പറയട്ടെ) അവരെ ഉയർത്തിക്കൊണ്ടുവരുവാനാണു് ഉദ്യമിക്കേണ്ടതു്. യഥാർത്ഥലോകത്തെ ഉള്ളതുപോലെ പകർത്തിക്കാണിച്ചു് അനുവാചകന്മാർക്കു് അനുഭവപ്പെടുത്തിക്കൊടുക്കുന്നതിൽക്കൂടെ ലോകോന്നമനം എന്ന ഉദ്ദേശ്യത്തിൻെറ ഒരു സൂത്രം ഓടിക്കുന്നതു സർവ്വഥാ അഭിലഷണീയംതന്നെയാണു്. ഇംഗ്ലീഷിൽ ലക്ഷക്കണക്കിനു വില്ക്കുന്ന ഗ്രന്ഥങ്ങളുടെ പ്രണേതാക്കളായ താക്കറേയ്, ഡിക്കൻസ് തുടങ്ങിയവർ അങ്ങനെ ചെയ്തിട്ടുമുണ്ടു്. അവരെപ്പോലെ പ്രതിപാദനത്തിൽ ലാഘവവും വായനക്കാരെ രസിപ്പിച്ചുകൊണ്ടുപോകുന്നതിനുള്ള ഫലിതപ്രയോ.

ഗവും നമ്മുടെ എഴുത്തുകാർ പരിശീലിക്കേണ്ടതാകുന്നു. ഈ ഗുണം വിശേഷിച്ചും കളിയാടേണ്ടതു നോവൽ, ചെറുകഥ, ഉപന്യാസം, നാടകം എന്നീ പ്രസ്ഥാനങ്ങളിലാണ്. ഇംഗ്ലീഷിൽ എത്ര വിദഗ്ദ്ധന്മാരാണ്, എത്ര ഗംഭീര പണ്ഡിതന്മാരാണ്, ഇന്നു് ഇപ്പറഞ്ഞവിധം ജീവിതത്തിലെ പ്രധാന പ്രശ്നങ്ങളെ പരാമർശിക്കുന്ന ലഘുകൃതികൾ, ആക്കും രസിക്കുന്നരീതിയിൽ, ഫലിതമയവും ലളിതകോമളവുമായ ഭാഷയിൽ എഴുതിത്തള്ളിവിടുന്നതു്! അവക്കു പ്രോത്സാഹനം ലഭിക്കാതിരിക്കുക എന്നതു വളരെ ദുർല്ലഭമായേ സംഭവിക്കുന്നുള്ളൂ. നേരെ മറിച്ചു്, അവരുടെ കൃതികൾ നിർമ്മാണദശയിലിരിക്കുമ്പോൾപോലും "അക്ഷരലക്ഷം" മുൻകൂറായി കൊടുത്തു പകർപ്പവകാശം കരസ്ഥമാക്കുവാൻ പ്രസാധകന്മാർ ഉഴറുന്നതായിട്ടാണു നാം കാണുന്നതു്. അതിനുള്ള കാരണം ഇന്നത്തെ വായനക്കാക്കൊത്ത സാഹിത്യമാണു് അവർ നിർമ്മിക്കുന്നതെന്നല്ലാതെ മറ്റെന്താണു്? ഭക്ഷണത്തിനായെത്തുന്നവരുടെ രുചിയനുസരിച്ചു വിഭവങ്ങൾ പാകംചെയ്തു കൊടുക്കുന്നതു ഭക്ഷണശാലയുടെ വിജയത്തിനാവശ്യമാണല്ലോ. എന്നാൽ ആരോഗ്യത്തിനു ഹാനികരമാകരുതു് അതെന്നു മാത്രം പ്രത്യേകം ഓർക്കേണ്ടതുമാകുന്നു. സാമ്മാഗ്ഗികബോധത്തെ, അതായതു ലോകത്തിന്റെ നിലനില്പിനു് അത്യന്താപേക്ഷിതമായ ശാശ്വതധർമ്മത്തെ, ഉല്ലംഘിക്കുന്നതെല്ലാം ആരോഗ്യഹാനികരമെന്നുതന്നെ സാഹിത്യകാരൻ ധരിച്ചിരിക്കണം. സംസ്കാരോൽക്കർഷത്തിനു വിരുദ്ധമാകരുതു സാഹിത്യം എന്നു ചുരുക്കം. ഈ തത്വം മുറുകെപ്പിടിച്ചുകൊണ്ടു കാലദേശാനുസൃതമായി സാഹിത്യസ്വരൂപത്തിൽ ഭേദഗതികൾ വരുത്തുന്നതായാൽ അതിൽ ആക്കും ആക്ഷേപത്തിനു വഴിയുണ്ടാകുമെന്നു തോന്നു

ന്നില്ല. അഥവാ, സജീവമായ സാഹിത്യത്തിൻെറ സ്വരൂപം അപ്രകാരം സ്വയം ഭേദപ്പെട്ടുകൊള്ളുമെന്നുതന്നെ പറയാം.

സ്ത്രീകൾക്കു സമുദായത്തിൽ അടുത്തകാലത്തുണ്ടായിട്ടുള്ള സ്ഥിതിഭേദംപോലെയാണു സാഹിത്യത്തിനു കലകളുടെ കൂട്ടത്തിൽ വന്നുചേൎന്നിട്ടുള്ള രൂപഭേദം എന്നു സാമാന്യേന നിർദ്ദേശിക്കുന്നതായാൽ അതിൽ വലിയ തെറ്റില്ലായിരിക്കും. യഥാൎത്ഥജീവിതപ്രശ്നങ്ങളെ അഭിമുഖീകരിച്ചു്, അവയോടു നേരിട്ടു മല്ലിടുവാനാണല്ലോ ഇന്നത്തെ പരിഷ്കൃത സ്ത്രീലോകത്തിൻെറ സംരംഭം. പണ്ടത്തെപ്പോലെ കളിപ്പാട്ടങ്ങളുടേയും മധുരപലഹാരങ്ങളുടേയും കൂട്ടത്തിൽ ഒരു സ്ഥാനം ലഭിച്ചതുകൊണ്ടു് ഇന്നത്തെ വനിതകൾ തൃപ്തിയടയുന്നില്ല. ജീവിതയുദ്ധത്തിൽ അവർ പുരുഷന്മാരോടൊപ്പം തോളോടുതോളുചേൎന്നുനിന്നു പോരാടുന്നു; ഏകദേശം അതുപോലെതന്നെ സാഹിത്യം ശാസ്ത്രത്തോടൊപ്പംനിന്നു ലോകക്ലേശങ്ങളെ ലഘൂകരിക്കുവാൻ വെമ്പുന്നു. പുരുഷനും സ്ത്രീയുമെന്നപോലെ, ശാസ്ത്രവും സാഹിത്യവും പണ്ടു് സുവ്യക്തമായി ഭിന്നമണ്ഡലങ്ങളിൽനിന്നുകൊണ്ടു ക്ലിപ്തധൎമ്മങ്ങൾ നിൎവ്വഹിച്ചുപോന്നു; എന്നാൽ ഇപ്പോൾ ആ മണ്ഡലങ്ങളുടെ പരിധികൾ പരസ്പരം കൈയേറി അവ്യക്തങ്ങളായി പരിണമിച്ചിരിക്കുന്നു. സ്ത്രീയുടെ കൎത്തവ്യപരിധികളെപ്പോലെ സാഹിത്യത്തിൻെറ പ്രതിപാദ്യപരിധികളും കാലക്രമേണ വിസ്തൃതങ്ങളായിത്തീരുന്നതിൽ ഒട്ടും ആശ്ചൎയ്യപ്പെടുവാനില്ലെന്നു സാരം.

ഏതാദൃശപരിണാമം അഭിലഷണീയമോ അല്ലയോ എന്നല്ല ഇവിടെ ഉപപാദിക്കുന്നതു്. ഇക്കാൎയ്യത്തിൽ അഭിപ്രായവ്യത്യാസങ്ങൾക്കു് അവകാശമുണ്ടായിരിക്കാം.

പക്ഷേ, എന്തുതന്നെ പറഞ്ഞാലും വേണ്ടതില്ലാ, ഇങ്ങനെയുള്ള സാഹിത്യഗതി ആരെക്കൊണ്ടും തടയാവുന്നതല്ലെന്നുള്ളതു നിർവ്വിവാദമാണ്. സ്ത്രീസഹജമായ സൗകുമാര്യം തീരെ വിട്ടുകളയാതിരിക്കുവാൻ സ്ത്രീകൾ എത്രത്തോളം മനസ്സിരുത്തേണമോ അത്രത്തോളംതന്നെ സാഹിത്യവും അതിന്റെ ജീവനായ സൗന്ദര്യത്തെ, കലാപരമായ രാമണീയകത്തെ, ഉപേക്ഷിക്കാതിരിക്കുവാൻ നോക്കേണ്ടതാകുന്നു.

ചെറുകഥ, നോവൽ, നാടകം, പ്രഹസനം, ഉപന്യാസം മുതലായവയിലെല്ലാം ചുററുപാടുമുള്ള യഥാർത്ഥജീവിതത്തിന്റെ പകർപ്പ് രസാവഹമായിരിക്കും. എന്നാൽ വിചാരത്തേക്കാളധികം പ്രാധാന്യം വികാരത്തിനു നല്കിക്കൊണ്ടെഴുതുന്ന ആത്മഗീതങ്ങളിൽ അതിന്റെ പ്രത്യാഘാതമായി ഉജ്ജൃംഭിക്കുന്ന സ്തോഭവിശേഷങ്ങളായിരിക്കും മുന്നിട്ടുനില്ക്കുക. അക്കാരണത്താൽ ആത്മഗീതങ്ങൾ യഥാതഥപ്രസ്ഥാനത്തിൽ പ്രായേണ ഉൾപ്പെട്ടുന്നില്ല. യഥാർത്ഥജീവിതമാകുന്ന വിറകിൽനിന്നുയരുന്ന സ്തോഭാഗ്നിമാത്രമേ അവയിൽ കാണുന്നുള്ളു. അതിന്റെ അടിയിൽക്കിടന്നു കത്തുന്ന ജീവിതേന്ധനം ചുഴിഞ്ഞുനോക്കുന്നവർക്കു മാത്രം കണ്ടുപിടിക്കുവാൻ സാധിക്കുമായിരിക്കും.

പ്രപഞ്ചത്തെ കാണുന്നപടി പകർത്തുന്ന 'യഥാതഥ' പ്രസ്ഥാനത്തിൽത്തന്നെ പ്രപഞ്ചം എങ്ങനെ ഇരിക്കുന്നു എന്നതിനു പുറമേ ആയതു് എങ്ങനെ ഇരിക്കേണം എന്ന ആദർശത്തിന്റെ നിഴലാട്ടവും ചിലപ്പോൾ കാണാം. ഈ ആദർശത്തെ പശ്ചാത്തലമായി വെച്ചുകൊണ്ടു ജീവിതം പകർത്തുമ്പോൾ അതിന്റെ ചില അംശങ്ങൾക്കു പ്രാധാന്യാധിക്യം സിദ്ധിക്കുകയും ചെയ്യുന്നു. 'പുരോഗമന'പരമായ സാഹിത്യത്തിൽ ഈ ലക്ഷണം സാമാന്യേന

കാണാം. അതുതന്നെ കുറേക്കൂടി ഊന്നിയാൽ—കൃതിയുടെ ഉദ്ദേശം അനുവാചകനെ ചാടിക്കടിക്കുന്നവിധം അത്ര മുഴച്ചുനിന്നാൽ—'പ്രചരണസാഹിത്യ'വുമായി.

II

അന്തിയസ്സ് എന്നു പേരായ ഒരു മഹാരാക്ഷസനെ കുറിച്ചു യവനപുരാണത്തിൽ ഒരു കഥയുള്ളതു വളരെ അർത്ഥവത്തായിത്തോന്നുന്നുണ്ടു്. ഭൂമിയുടെ പുത്രനായ അന്തിയസ്സ് തൻെറ പാദങ്ങളെ ഭൂമിയിൽ ഉറപ്പിച്ചു നില്ക്കുന്നേടത്തോളം കാലം അജയ്യവിക്രമനായിരുന്നുവത്രെ; ഭൂസ്പർശം അവൻെറ ശക്തിയെ സദാ ശതഗുണീഭവിപ്പിച്ചുകൊണ്ടിരുന്നു എന്നു സാരം. ഒരിക്കൽ അവനോടെതിർത്ത യവനഭീമനായ ഹെർക്കലിസ് അവനെ പെട്ടെന്നു ഭൂമിയിൽനിന്നെടുത്തു പൊക്കുകയും, അതോടുകൂടി അവൻ വെറും പൂച്ചക്കുഞ്ഞിനെപ്പോലെ ബലഹീനനായിപ്പരിണമിക്കുകയും ചെയ്തുവത്രേ! സാഹിത്യവും ജീവിതവും തമ്മിലുള്ള ബന്ധം ഏതാണ്ടിതുപോലെതന്നെയാണിരിക്കുന്നതെന്നു പറയാം. ജീവിതത്തിൻെറ സന്താനമായ സാഹിത്യം ജീവിതത്തിൽ ആസ്പദമുറപ്പിച്ചു നില്ക്കുന്നേടത്തോളംകാലം അസാമാന്യശക്തിയുക്തമായി പരിലസിക്കുകയും, ജീവിതസ്പർശം വിട്ടകന്നുപോയാൽ കേവലം തുച്ഛമായിപ്പരിണമിക്കുകയും ചെയ്യും. സാഹിത്യത്തിൻെറ വേരുകൾ ജനങ്ങളുടെ ജീവിതത്തിലാണു് ഊന്നിനില്ക്കേണ്ടതു്. ഇതിൽനിന്നാണു സാഹിത്യത്തിനു ചൈതന്യവും വൈഭവവും സിദ്ധിക്കുന്നതു്. ജീവിതം തന്നെയാണു സാഹിത്യത്തിൻെറ ജീവനെന്നു പറയാം. ജീവിതത്തിൻെറ പ്രകൃതികളേയും വികൃതികളേയും ലോകത്തിൻെറ ഗതികളേയും വിഗതികളേയും, പ്രതിഫലിപ്പിച്ചു

കാണിക്കുകയാണു സാഹിത്യത്തിൽ വേണ്ടതു്. അങ്ങനെചെയ്യുന്ന കലാകാരൻ ജീവിതത്തിന്മേലുള്ള പിടി വിടാതെകണ്ടുതന്നെ, സ്വഭാവോക്തി, സാമ്യോക്തി, അതിശയോക്തി മുതലായ കൗശലങ്ങളെ സ്വച്ഛന്ദം പ്രയോഗിക്കുകയും ചെയ്യുന്നു. യാഥാർത്ഥ്യങ്ങളുടെ മർമ്മഭാഗങ്ങളെ നേരേപകർത്തിത്തെളിയിച്ചു നമുക്കനുഭവപ്പെടുത്തിത്തരുന്നതിലാണു ചില കാവ്യകൃത്തുകൾ അധികം നിപുണന്മാരായി കാണപ്പെടുന്നതു്. മററുചിലരുടെ സാമർത്ഥ്യംകിടക്കുന്നതു്, സാദൃശ്യബോധംവഴിയായി വാസ്തവജ്ഞാനം കൈവളർത്തുന്നതിലാണു്. സൂക്ഷ്മദർശിനിയിൽ(മൈക്രോസ്കോപ്പിൽ)ക്കൂടി നോക്കുമ്പോൾ കാണുന്നവിധം സംഗതികളുടെ മുഖ്യാംശങ്ങളെ വലുതാക്കികാണിച്ചുകൊണ്ടു് ഉള്ളിലുറപ്പിക്കുവാൻ മൂന്നാമതൊരു തരക്കാർ ശ്രമിക്കുന്നു. ഈ സമ്പ്രദായങ്ങളെല്ലാം ഏറെക്കുറെ കൂട്ടിച്ചേർത്തുകൊണ്ടും, ചമല്ക്കാരത്തോടുകൂടി ആശയങ്ങളെ ഗ്രഹിപ്പിക്കുവാൻ പര്യാപ്തങ്ങളായ മററു മാർഗ്ഗങ്ങളെ അവലംബിച്ചും സാഹിത്യകാരന്മാർ നമുക്കു ലോകപരിചയം ഉണ്ടാക്കിത്തരുന്നു. എന്തെന്നാൽ പ്രതിപാദനരീതി എന്തുതന്നെ ആയിക്കൊള്ളട്ടേ, സാഹിത്യത്തിൻെറ വിഷയം എന്നും ലോകജീവിതം തന്നെയാണു്.

ഈ തത്വത്തിൽനിന്നു രണ്ടു സംഗതികൾ സ്പഷ്ടമാകുന്നുണ്ടു്. ഒന്നാമതു്, കവിയുടെ ഹൃദയം പ്രപഞ്ചത്തോടു് ഏറെക്കുറെ അനുകമ്പയുള്ളതായിരിക്കണം. രണ്ടാമതു്, വായനക്കാരൻ സമസൃഷ്ടികളുടെ ജീവിതത്തിൽ സഹാനുഭൂതിയുള്ളവനായിരിക്കണം. അങ്ങനെ വരുമ്പോൾ കവിഹൃദയവും അനുവാചകഹൃദയവും തമ്മിൽ താനേ ഒരു പൊരുത്തമുണ്ടായിക്കൊള്ളും. കാവ്യാഭിനന്ദനത്തിനു് ഇതു് അത്യാവശ്യവുമാകുന്നു. കായികവിനോദങ്ങളിൽ

യാതൊരു ശ്രദ്ധയോ താൽപ്പര്യമോ ഇല്ലാത്ത ഒരു പ്രേക്ഷകനു് അവയുടെ പ്രകടനം കേവലം ഹാസ്യജനകമായി മാത്രമാണല്ലോ തോന്നുക. അതിൽ രസിച്ചുലയിക്കാറാകേണമെങ്കിൽ ആദ്യമേ അതിൽ താൽപ്പര്യമുണ്ടായിരിക്കുകതന്നെ വേണം.

ഒരു കാലത്തു നമ്മുടെ സാഹിത്യം രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും പ്രായേണ ഉപരിപ്ലവമായ സുഖജീവിതത്തെമാത്രം പ്രതിബിംബിപ്പിച്ചു കാണിച്ചു തൃപ്തിയടഞ്ഞിരുന്നതിന്റെ കാരണം ഇപ്പോൾ സ്പഷ്ടമാണല്ലോ. കാവ്യത്തെ അഭിനന്ദിച്ചിരുന്നവരെല്ലാം ജീവിതത്തിന്റെ ആ ഒരംശത്തിലാണു ശ്രദ്ധാലുക്കളും തൽപ്പരന്മാരുമായിരുന്നതു്. അതിനെ സാഹിത്യം അത്യന്തം ഹൃദയാവർജ്ജകമായ രീതിയിൽ അവക്കു വിശദമാക്കിക്കൊടുക്കുകയും ചെയ്തിരുന്നു. എന്നാൽ പിന്നീടു ക്രമേണ അനുവാചകന്മാരുടെ താൽപ്പര്യങ്ങൾ ജീവിതത്തിന്റെ ഇതരാംശങ്ങളിലേക്കു സമഗ്രമായി പ്രസരിച്ചുതുടങ്ങി; അതനുസരിച്ചു കാവ്യത്തിന്റെ അസ്തിവാരത്തിനു് വിസ്താരവും വൈചിത്ര്യവും വദ്ധിച്ചു, ജീവിതത്തിന്റെ എല്ലാവശങ്ങളേയും ഉൾക്കൊള്ളുന്ന നിലയിലെത്തിച്ചേന്നു. സാഹിത്യത്തിലെ വിഷയത്തെ മാത്രമല്ല, രൂപത്തേയും രീതിയേയും എല്ലാം ഈ പരിവത്തനം സ്വഭാവേന ബാധിക്കുകയുണ്ടായി എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇതു് ഏതു സാഹിത്യത്തിന്റെ ചരിത്രം നോക്കിയാലും കാണാവുന്ന ഒരു പരിണാമവിശേഷം—അഥവാ, വികാസം—തന്നെയാണു്.

അടുത്ത കാലത്തുണ്ടായിട്ടുള്ള രാഷ്ട്രീയോദ്ബുദ്ധതയുടേയും വിദ്യാഭ്യാസപ്രചാരത്തിന്റെയും ഫലമായി, നമ്മുടെ സാഹിത്യത്തിൽ സാമാന്യജനങ്ങളുടെ താൽപ്പര്യ

ങ്ങളെ സ്പർശിക്കുന്ന പല നവീകരണങ്ങളുമുണ്ടായിട്ടുണ്ടെ ന്നു സ്പഷ്ടമാകുന്നു. ഉത്തമകവികൾക്കു തങ്ങളുടെ കാലത്തെ ആശയങ്ങൾ നിറഞ്ഞ ജീവിതത്തിൽ ഭാഗഭാക്കുകളാകാതിരിപ്പാൻ ഒരിക്കലും സാധിക്കുന്നതല്ല. ഒരുദാഹരണം പറയാം: ഏതാനും ചില വ്യക്തികളുടെ സ്വാർത്ഥലാഭത്തിനുവേണ്ടി അസംഖ്യംപേരെ അടിച്ചമർത്തുന്നതായ ഐക്യത്തിനെ ആരാധിക്കുന്നവരല്ലാ ഇന്നുള്ളവർ; കാവ്യങ്ങളിലെ നായകന്മാരാകുവാൻ ദേവന്മാൎക്കും ഭൂദേവന്മാൎക്കും രാജാക്കന്മാൎക്കും പ്രഭുക്കന്മാൎക്കും സേനാനികൾക്കും മാത്രമേ അവകാശമുള്ളു എന്നു് അവർ കരുതുന്നതുമില്ല. ഏതു ദരിദ്രൻേറയും സാധാരണൻേറയും നിത്യജീവിതത്തിൽ കവിതക്കു വിഷയമുണ്ടെന്നാണു് ഇന്നുള്ളവരുടെ മതം; മനുഷ്യസമത്വത്തിലുള്ള വിശ്വാസമാകുന്നു അതിൻെറ അടിസ്ഥാനം. ജീവിതത്തിൻെറ ആകർഷകമായ വശം മാത്രമല്ലാ, ദുരിതകലുഷിതവും ക്ലേശമലീമസവുമായ വശവും കാവ്യങ്ങളിൽ പ്രതിപാദിക്കേണ്ടതാണെന്നു് ഇന്നത്തെ കവികൾ ഉദാഹരണസഹിതം ഉദ്ഘോഷിക്കുന്നു. കൂലിവേലക്കാരുടെ കഷ്ടാരിഷ്ടങ്ങളേയും അവയുടെ ഉള്ളിൽക്കൂടി പ്രകാശിച്ചുകാണുന്ന സ്വഭാവവൈശിഷ്ട്യങ്ങളേയും കുറിച്ചു പ്രതിപാദിക്കുന്നതിൽ ഇന്നത്തെ കാവ്യകാരന്മാർ ആവേശംകൊള്ളുന്നതായിക്കാണുന്നു. മുക്കുവജാതിയിൽപ്പെട്ട ഒരു സ്ത്രീ അർബ്ബുദം എന്ന മഹാരോഗത്തിനു വിധേയയായി പതിനൊന്നു കൊല്ലത്തോളം ആരെയും അറിയിക്കാതെ ക്ഷമാപൂൎവ്വം ക്ലേശമനുഭവിക്കുന്നതാണു് ഒരു നവീനകാവ്യത്തിലെ പ്രതിപാദ്യം. വൈദ്യനെക്കൊണ്ടു ശസ്ത്രക്രിയ ചെയ്യിക്കുന്നതിനു വേണ്ടുന്ന പണം കുടുംബത്തിലില്ലെന്നു് അവൾക്കറിയാം. അവളുടെ അച്ഛൻെറ മരണത്തിനു കാരണമായതു് ആ രോഗംതന്നെയാണെന്നും

അവൾ ഓക്കാതിരുന്നില്ല. എന്നിട്ടും തൻെറ ഭർത്താവിനെ ശുശ്രൂഷിക്കത്തക്ക പ്രായം തൻെറ മകൾക്കു തികയുന്നതുവരെ അവൾ നിശ്ശബ്ദം കഠിനവേദന അനുഭവിച്ചുകൊണ്ടിരിക്കുകതന്നെ ചെയ്തു. അതിനുശേഷം അവൾ വൈദ്യസഹായം അന്വേഷിച്ചു പുറപ്പെടുന്നു. അപ്പോൾ ഭർത്താവ് അത്ഭുതപ്പെടുന്നു:

പതിനൊന്നായീ കൊല്ലമെന്നിട്ടുമൊരു വാക്കു—
മിതുനാൾവരേയ്ക്കുയ്യോ! മിണ്ടീലാ, മന്ത്രിച്ചീലാ!
എന്നല്ല, നേരേമറിച്ചെന്തൊരു ക്ഷമാബലം!

അതിനു ഭാര്യ പറയുന്ന മറുപടി നോക്കുക:

ദാശവംശത്തിലാണെൻ ജനനമെൻജാതിക്കാ—
രാശയാ ജീവിച്ചതും ക്ഷമയാൽത്തന്നെയല്ലോ;
വാരാശിയോടു മല്ലിട്ടക്ഷമ കാണിച്ചാകി—
ലാരാണെന്നാലും ശരി, ഫലമെന്തുണ്ടാകുന്നു?

ഇങ്ങനെയുള്ള വിഷയങ്ങളെപ്പററി ഈ രീതിയിൽ കാവ്യങ്ങളെഴുതുന്നവർ ഇന്നു് അനേകംപേരുണ്ടു്.

ഇന്നത്തെ കവികൾ ജീവിതത്തിൽനിന്നു തങ്ങൾക്കു താൽപ്പര്യം തോന്നുന്ന ഏതു വിഷയവുമെടുത്തു പ്രതിപാദിക്കുവാൻ മടിക്കാത്തവരാണു്. കവിതയ്ക്കു വിഷയീഭവിക്കുവാൻ കൊള്ളാത്തവയാണെന്നുവെച്ചു പ്രാചീനന്മാർ തള്ളിക്കളഞ്ഞിരുന്ന പല ജീവിതഭാഗങ്ങളും നവീനകൃതികളിൽ സ്ഥലംപിടിച്ചു കാണുന്നുണ്ടു്. അസുന്ദരമെന്നോ ബീഭത്സമെന്നോ ഉള്ള കാരണത്താൽമാത്രം ഒരു സംഗതി കവിതയിൽ പ്രതിപാദിക്കാതിരിക്കരുതെന്നും, ജീവിതത്തിൻെറ എല്ലാ വശവും കവിതയിൽ തെളിയിച്ചു കാണിക്കേണ്ടതാണെന്നും നവീനന്മാർ സിദ്ധാന്തിക്കുന്നു. നിഷ്കളങ്കമായ അനുഭവത്തോടുകൂടി, ജുഗുപ്സാവഹങ്ങളായ

ജീവിതവശങ്ങളിലും നിർഭയം കവികൾ തങ്ങളുടെ പ്രതിഭാപ്രകാശം തട്ടിക്കേണമെന്നാണ് അവർ ശഠിക്കുന്നതു്. അതനുസരിച്ചുള്ള അനേകം കൃതികളും അടുത്ത കാലത്തു് ആവിർഭവിക്കുകയുണ്ടായിട്ടുണ്ടു്.

നമ്മുടെ നിത്യജീവിതപരിധികൾക്കുള്ളിൽപ്പെടുന്ന ഏതു വസ്തുവിനേക്കുറിച്ചും കവിതയെഴുതാമെന്നു നവീനന്മാർ സ്വകൃതികളാൽ ഉദാഹരിക്കുകയും ചെയ്യുന്നുണ്ടു്. തെരുവുകൾ, കാനകൾ, യന്ത്രങ്ങൾ, യുദ്ധസാമഗ്രികൾ എന്നുവേണ്ടാ, കവിതാഹാനികരങ്ങളെന്നു പ്രഥമദൃഷ്ടിയിൽ തോന്നാവുന്ന മററനേകം സാധനങ്ങളും ഇക്കാലത്തു കവിതയ്ക്കു വിഷയങ്ങളാകാറുണ്ടു്. അവയെ കവിതകൊണ്ടു പൊതിയുന്നതിന്നു് അസാമാന്യമായ പ്രതിഭാശക്തി ആവശ്യമാണെന്നുകൂടി സ്മരിക്കേണ്ടതാകുന്നു.

ശൃംഗാരപ്രതിപാദനത്താൽ ഇന്നത്തെ സമുദായമര്യാദയ്ക്കൊത്തവിധം ചില പരിഷ്കാരങ്ങളെല്ലാം കവിതയിൽ വന്നുകൂടീട്ടുണ്ടെന്നു സുവിദിതമാണല്ലോ. വെറും ഇന്ദ്രിയപരമായ സുഖകാംക്ഷയെക്കാളധികം പ്രാധാന്യം, നായികാനായകന്മാരുടെ മാനസികവും ആത്മീയവുമായ ഇണക്കത്തിൽനിന്നുണ്ടാകുന്ന ആനന്ദാനുഭൂതിക്കാണു് നൂതനകവികൾ നല്കുന്നതു്. തൽഫലമായി, ഇന്നത്തെ നിലയ്ക്കു് ഇന്നത്തെ ശൃംഗാരകവിത പഴയതിനേക്കാൾ കൂടുതൽ സഭ്യവുമാകുന്നു.

സ്വരാജ്യസ്നേഹം തുളുമ്പുന്ന ലഘുകാവ്യങ്ങൾ ഇന്നു ധാരാളം പുറത്തുവരുന്നുണ്ടു്. പണ്ടു് ഈശ്വരഭക്തി പ്രധാനങ്ങളായ കൃതികൾ എത്രത്തോളം സുലഭങ്ങളായിരുന്നുവോ, അത്രത്തോളം സുലഭങ്ങളായിട്ടുണ്ടു് ഇന്നു രാജ്യഭക്തിദ്യോതകങ്ങളായ കൃതികൾ.

ഇന്നത്തെ കവിതയുമായി യാതൊരു പരിചയവു

മില്ലാത്ത ഒരനുവാചകനു് അതിൽ വിലക്ഷണമായിത്തോന്നുന്ന ഒരംശമാണു് നൂതനസങ്കേതവിനിവേശം. സാദൃശ്യമൂലകമായ പ്രതിരൂപസ്ഫുരണമാണല്ലോ കാവ്യസങ്കേതത്തിനെല്ലാം അടിസ്ഥാനമായി നില്ക്കുന്നതു്. ഉപമയിൽനിന്നു തുടങ്ങി, ഉൽപ്രേക്ഷ, രൂപകം, രൂപകാതിശയോക്തി, സമാസോക്തി, അന്യാപദേശം മുതലായ പല പടികളിൽക്കൂടി കേറിപ്പോകുന്ന സാദൃശ്യബോധം പ്രഹേളികതൊട്ടു 'മിസ്റ്റിസിസം'വരെ അസംഖ്യം സങ്കേതങ്ങളായിരൂപമെടുത്തിട്ടുള്ളതു പ്രത്യക്ഷമാകുന്നു. ചമൽക്കാരകാരിയായ വൈശദ്യംകൊണ്ടു സങ്കേതങ്ങൾക്കു സാഹിത്യത്തിൽ പ്രചാരവും പ്രതിഷ്ഠയും സിദ്ധിക്കുന്നു. ഇന്നത്തെ കവിതയിൽ നാൾക്കുനാൾ നവനവങ്ങളായ രൂപങ്ങളിൽ പുറത്തുവരുന്ന സങ്കേതങ്ങൾക്കു് അപ്രകാരമുള്ള പ്രതിഷ്ഠ ഇനിയും ലഭിക്കേണ്ടതായിട്ടാണിരിക്കുന്നതു്. കവിഹൃദയാനുഭൂതിയിൽനിന്നു സ്വാഭാവികമായി ഉയൎന്നുവരുന്ന സങ്കേതങ്ങൾ നിലനില്ക്കുകയും, കേവലം കൃത്രിമാനുകരണങ്ങളായവ ശലഭപ്രായം നശിച്ചുപോകയും ചെയ്യുമെന്നു സാമാന്യേന പറയാം. പഴയ സങ്കേതങ്ങളെ ചൎവ്വിതചൎവ്വണം ചെയ്യുകയല്ലാതെ, പുതിയവയെ സൃഷ്ടിക്കുവാൻ കവികൾക്കു് അധികാരമില്ലെന്നു് ആരും ശഠിക്കുന്നതല്ല. പക്ഷേ, സാഹിത്യലോകത്തിൽ അവ ഏറെക്കാലം പ്രചരിക്കണമെങ്കിൽ, കാവ്യപരമായ യഥാൎത്ഥോൽക്കൎഷം അവയ്ക്കുണ്ടാകാതെ തരമില്ല. കള്ളനാണ്യങ്ങളുടെ പ്രചാരം എത്രനാൾ നിലനില്ക്കും?

ചില കാവ്യസങ്കേതങ്ങൾക്കു മനുഷ്യരുടെ സാമാന്യമനോഗതിയനുസരിച്ചു സാൎവ്വകാലികത്വവും സാൎവ്വലൗകികത്വവും സിദ്ധിച്ചിട്ടുള്ളതുപോലെ തോന്നുന്നു. ഉദാഹ

രണമായി, ഗൃഹം എന്നു പറഞ്ഞാൽ ദേഹം എന്ന അത്ഥത്തിൻെറ പ്രതീതി സന്ദർഭവശാൽ അനായാസേന ഉണ്ടാകാം.

"ഗൃഹത്തിൻെറ കാവൽക്കാർ വിറച്ചും ബലവാന്മാർ കുനിഞ്ഞും, (മദ്ദകന്മാർ) പേഷകന്മാർ എണ്ണത്തിൽ കുറഞ്ഞു ക്രമേണ ഇല്ലാതായും, ഗവാക്ഷങ്ങളിൽക്കൂടി നോക്കിക്കാണുന്നവർ ഇരുട്ടിലാണ്ടും വരുന്ന ഒരു കാലം" എന്നു കേട്ടാൽ കൈകൾക്കു വിറയും കാലുകൾക്കു കുഴച്ചലും പല്ലുകൾക്കു വീഴ്ചയും കണ്ണുകൾക്കു കാഴ്ചക്കുറവും തട്ടുന്ന വാദ്ധക്യദശ എന്നാണു കവി വിവക്ഷിക്കുന്നതെന്നു ധരിക്കുവാൻ വലിയ ഞെരുക്കമില്ല. ജീവിതത്തെ ഒരു നദിയായി കല്പിക്കുന്നതു സവ്വസാധാരണമാണ്. അതുപോലെതന്നെ പ്രയത്നത്തെ പവ്വതാരോഹണമായും, വിജയത്തെ ഗിരിശിഖരപ്രാപ്തിയായും, വംശത്തെയോ വഗ്ഗത്തെയോ ബലിഷ്ഠനായ രക്ഷകനെയോ ഒരു മഹാവൃക്ഷമായും, ആയുഷ്കാലത്തിലെ ഭിന്നദശകളെ സംവത്സരത്തിലെ ഋതുഭേദങ്ങളായും മററും മിക്ക രാജ്യങ്ങളിലെ കവികളും കല്പിക്കാറുണ്ട്. ഇങ്ങനെയുള്ള സങ്കേതങ്ങൾ യഥാത്ഥത്തിൽ കവിയുടെ ആത്മീയാനുഭവത്തിൽനിന്നു സ്വാഭാവികമായി പൊട്ടിപ്പുറപ്പെട്ടുന്നവയാണെങ്കിൽ, പഴയതോ പുതിയതോ എന്തെങ്കിലുമായിക്കൊള്ളട്ടെ, അവയ്ക്കു ജീവനുണ്ടായിരിക്കുന്നതാണ്. അനുഭവമില്ലാതെ കേവലം ഉപരിപ്ലവമായ രീതിയിൽ അനുകരിക്കുകമാത്രമാണു ചെയ്യുന്നതെങ്കിൽ സങ്കേതങ്ങൾക്കു വില വളരെ കുറയുകയും ചെയ്യും.

ശക്തിക്കോ വ്യക്തിക്കോ കൗതുകത്തിനോ വൈചിത്ര്യത്തിനോവേണ്ടി, സാധാരണമായ സ്വരൂപം, ക്രമം,

രചന, വാക്യാൎത്ഥം എന്നിവയിൽനിന്നു് ഉദ്ദേശപൂൎവ്വം വ്യതിചലിക്കുന്നതാണു് അലങ്കാരത്തിൻെറ ആസ്പദമെന്നൊരു പഴയ ആംഗ്ലേയാലങ്കാരികൻ പറഞ്ഞിട്ടുള്ളതു ശരിയാണെങ്കിൽ, ഇന്നത്തെ കവിത പ്രായേണ അലങ്കാരമയംതന്നെയാണെന്നു പറയാം. എന്തെന്നാൽ ഇന്നത്തെ കവികൾ മുൻപറഞ്ഞ ഉദ്ദേശത്തോടുകൂടി സാധാരണസമ്പ്രദായത്തിൽനിന്നു സ്വച്ഛന്ദം വ്യതിചലിക്കുന്നുണ്ടെന്നുള്ളതിനു സംശയമില്ല. പക്ഷേ, അവരുടെ ഉദ്ദേശം എല്ലായ്പ്പോഴും സഫലമാകുന്നുണ്ടോ എന്ന കാൎയ്യം പ്രത്യേകം ചിന്തിക്കേണ്ടതുതന്നെയാണു്. ഇവിടെ പഴയ കൂറുകാൎക്കും പുത്തൻകൂറുകാൎക്കും തമ്മിൽ ഗുരുതരങ്ങളായ അഭിപ്രായവ്യത്യാസങ്ങളുണ്ടാകുന്നു. പുതിയ കൃതികളിൽ പലതും കാലക്രമത്തിൽ വിസ്മൃതമായേക്കാം. പഴയ കൃതികളിലും എത്ര അസംഖ്യം അങ്ങനെ വിസ്മൃതമായിട്ടുണ്ടു്! ഏററവും ഔൽക്കൃഷ്ട്യമുള്ള നവീനന്മാർ സമകാലത്തെ അതിജീവിച്ചു്, അടുത്ത കാലമാകുമ്പോഴേക്കും 'പഴഞ്ചൻ'മാരായിപ്പരിണമിക്കുന്നു! അതിനാൽ, നൂതനഗതിവിഗതികളെ സൂക്ഷിച്ചു പഠിക്കുന്നതു് അത്യാവശ്യംതന്നെ. അനന്തരകാലീനന്മാരുടെ ദൃഷ്ടിയിൽ വലിയ വിലയില്ലാതെവരുന്ന കൃതികൾക്കും സമകാലലോകത്തിൻെറ ദർപ്പണങ്ങളെന്ന നിലയിൽ ഒരു വിലയുണ്ടല്ലോ. അവയെ വിമൎശിക്കുമ്പോൾ അവയുടെ നിൎമ്മാതാക്കളുടെ നിലയിൽ നിന്നുകൊണ്ടുകൂടി ഒന്നു ചിന്തിച്ചാൽ നന്നായിരിക്കും. പഴയ സമ്പ്രദായങ്ങൾമാത്രം പരിചയിച്ചിട്ടുള്ളവൎക്കു വിലക്ഷണമായിത്തോന്നുന്നു എന്ന ഏകകാരണംകൊണ്ടുമാത്രം പുതിയ സാഹിത്യവികാസത്തെ ആക്ഷേപിക്കുന്നതു ശരിയായിരിക്കയില്ല. എല്ലാററിനും പുറമേ, എത്രയെത്ര നക്ഷ

ത്രങ്ങളുടെ വാഴ്ച കണ്ടതിനുശേഷമാണ് ഒരു പൂർണ്ണചന്ദ്ര ൻെറ ഉദയം ആകാശത്തിൽ നാം കാണുന്നതു്! എത്രയെ ത്ര ക്ഷുദ്രകവികളുടെ വിളയാട്ടം കഴിഞ്ഞതിനുശേഷമാ ണു സാഹിത്യത്തിൽ ഒരു യഥാർത്ഥമഹാകവി ഉയൎന്നുവ രുന്നതു്! സാഹിത്യലോകത്തിലെ നക്ഷത്രങ്ങളും ഒരു വിധം കൃതജ്ഞതാപൂർവ്വകമായ ആദരത്തെ അർഹിക്കു ന്നില്ലേ?

# കളിയും കാൎയ്യവും

എല്ലാ ജീവികളുടേയും പ്രഥമാവശ്യം ഭക്ഷണമാണ്. ഭക്ഷണമില്ലാതെ ജീവസന്ധാരണം സാദ്ധ്യമല്ല. അതിനുവേണ്ടി പ്രയത്നിക്കുവാനായി വിശപ്പ് എന്നൊരു പ്രചോദനശക്തി പ്രകൃതിതന്നെ സൎവ്വപ്രാണികളിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിന്റെ നാനാമുഖങ്ങളായ പ്രവൎത്തനങ്ങൾ ഈ ലോകത്തിൽ 'കാൎയ്യ'മായി കണക്കാക്കപ്പെടുന്നു. വ്യക്തിയുടെ നിലനില്പിനു വിശപ്പെന്നപോലെ ജാതിയുടെ സംരക്ഷണത്തിനു കാമം എന്ന മറെറാരു പ്രചോദനവും പ്രകൃതിയാൽ ദത്തമായിട്ടുണ്ട്. അതിന്റെ പ്രവൎത്തനത്തെയും വേണമെങ്കിൽ 'കാൎയ്യ'മായിത്തന്നെ ഗണിക്കാം. പരിണാമത്തിന്റെ ഏററവും താഴ്ന്നപടിയിൽ കിടക്കുന്ന ജീവികൾക്കു മിക്കവാറും ഇവ മാത്രമേ 'കാൎയ്യ'മായിട്ടുള്ളു. എന്നാൽ ഇവയെ അതിശയിക്കുന്ന എന്തോ ഒരു ശക്തികൂടി മനുഷ്യനിൽ സവിശേഷം പ്രവൎത്തിക്കുന്നുണ്ട്. പ്രാകൃതദശയിലുള്ള മനുഷ്യൻപോലും, ഭക്ഷണാദികൾ കഴിഞ്ഞു വിശ്രമിക്കേ വാളിന്റെയോ കുന്തത്തിന്റെയോ പിടിയിന്മേൽ വല്ല രൂപവും കൊത്തിനോക്കി രസിക്കുന്നു; ഏതോ അദൃശ്യശക്തികളെ പ്രസാദിപ്പിക്കുവാൻവേണ്ടി ആഹുതിചെയ്യുന്ന അവസരങ്ങളിൽ വികാരഭരിതനായി ആടുകയും പാടുകയും മററും ചെയ്യുന്നു; വെറും കരിക്കട്ടകൊണ്ടോ ധാതുപദാൎത്ഥങ്ങളെക്കൊണ്ടോ ചുററും കാണുന്ന ദൃശ്യങ്ങളുടെ പ്രതിച്ഛായകളെ തോന്നിയപോലെ വരച്ചൊപ്പിക്കുവാൻ ശ്രമിക്കുന്നു; സ്തോഭങ്ങളെ അവയ്ക്കൊത്ത ഭാഷയിൽ പ്രകാശിപ്പിക്കുവാൻ പ്രയത്നി

ക്കന്നു; വാസസ്ഥലത്തിനു മോടികൂട്ടുന്നു. ഇവയെല്ലാം വിശപ്പടക്കുവാനോ കേവലം കാമസമ്പൂൎത്തിക്കോ വേണ്ടിയുള്ള പരിശ്രമങ്ങളല്ലെന്നു പ്രത്യക്ഷമാണല്ലോ. കലകളുടെ പ്രഥമാങ്കുരങ്ങളെന്നു പറയാവുന്ന ഇത്തരം വികാരാവിഷ്കരണവിശേഷങ്ങൾക്ക് അടിസ്ഥാനമായി നില്ക്കുന്നതു വിനോദവാസന അഥവാ കളി(ലീല)തന്നെയാണു്. ഇങ്ങനെ കലകൾക്കെല്ലാം നിദാനം കളിയാണു്. കലാകാരന്റെ 'കളി'യാണു കല. ഇതു കേൾക്കുമ്പോൾ 'അബദ്ധം, പരമാബദ്ധം' എന്നു് ഉച്ചത്തിൽ അലറുവാൻ തോന്നുന്നവരോടു സ്വല്പം ക്ഷമയോടെ ഒന്നിരുന്നാലോചിക്കുവാൻ അപേക്ഷ. അതേ, കേവലം തിൎയ്യക്കുകളിൽനിന്നു മനുഷ്യനെ വ്യാവൎത്തിപ്പിക്കുന്ന ആ വിശേഷധൎമ്മത്തിൻെറ അടിയിൽ പ്രകൃതിയുടെ 'ലീല' എന്ന പ്രചോദനശക്തി 'കളി'യാടുന്നു എന്നുതന്നെയാണു പറഞ്ഞതു്. 'കളിയാണു മനുഷ്യനെ മനുഷ്യനാക്കി ഉയൎത്തുന്നതു്. സാക്ഷാൽ വിഷ്ണുമായാലീലയാണു പ്രപഞ്ചസൃഷ്ടിക്കു കാരണമെന്നു പുരാണം ഘോഷിക്കുന്നു. സൃഷ്ടിപരമായ കലയെല്ലാം ലീലയിൽനിന്നു രൂപമെടുക്കുന്നു എന്നു പറഞ്ഞാൽ തെററില്ല. യഥാൎത്ഥകവിത്വമുള്ള വ്യക്തിയുടെ പ്രതിഭ പ്രപഞ്ചത്തോടുചേൎന്നു കളിയാടുമ്പോൾ കാവ്യമുണ്ടാകുന്നു. അങ്ങനെയുള്ള കളിയിൽ സ്വാൎത്ഥം, അഹങ്കാരം മുതലായ മൃഗീയാംശങ്ങൾക്കു സ്ഥാനമില്ല. ശ്രദ്ധ, ഏകാഗ്രത, തദേകതാനത, തന്മയത്വം—ഇതാണു് ആ 'കളി'യുടെ ജീവൻ. അതിൻെറ ഫലമോ? രസം, ആനന്ദം, പരമാനന്ദം, അതോടുകൂടിത്തന്നെ ലോകോല്ക്കൎഷവും. ഇങ്ങനെ, വിശ്വൈകനാഥൻ 'കളി'യായി 'വിശ്വം ചമച്ചുമുടനായതു കാത്തഴിക്കും' എന്നു പറഞ്ഞിട്ടുള്ളതു കലാകാരവൎഗ്ഗത്തിൻെറ ധൎമ്മത്തോടു യോജിപ്പിക്കാമെന്നു സ്പഷ്ടം. 'അപാരേ

കാവ്യസംസാരേ, കവിരേവ പ്രജാപതിഃ' എന്നതു് എത്ര അത്ഥവത്തായിരിക്കുന്നു!

പക്ഷിമൃഗങ്ങളുടെ ഇടയിൽ കളി തീരെ ഇല്ലെന്നില്ല. പക്ഷികളിൽ ചിലവക്കു ഭക്ഷണസമ്പാദനയത്നത്തിൽ കവിഞ്ഞുള്ള ചിലവിലാസങ്ങളെല്ലാമുണ്ടെന്നു പ്രാവുകളും മയിലുകളും മററും തെളിയിക്കുന്നു. അതുപോലെതന്നെ, പൂച്ചകൾ നായ്ക്കൾ മുതലായവയുടെ കുഞ്ഞുങ്ങളും ലീലാലാലസങ്ങളായി കാണപ്പെടുന്നു. എന്നാൽ ഇത്തരം 'കളി'കൾക്കു മിക്കതിനും അടിസ്ഥാനമായി നില്ക്കുന്നതു വിശപ്പിന്റെയോ കാമത്തിന്റെയോ വികാരഭേദങ്ങളാണു്. കലകളുടേയും സംസ്കാരത്തിൻെറയും മൂലമെല്ലാം കാമപ്രചോദനത്തിൻെറ അടിയിലാണെന്നൊരു സിദ്ധാന്തമുള്ളതു് ഇവിടെ വിസ്മരിക്കുന്നില്ല. പക്ഷേ, എല്ലാവക്കും അതത്ര സ്പഷ്ടമല്ലാത്തതിനാൽ പ്രസ്തരിക്കുന്നില്ല.

പരിണാമസോപാനത്തിൻെറ ഉപരിപദങ്ങളിലേക്കു് ഉയരുംതോറും 'കളി'ക്കു പ്രാചുര്യവും പ്രാധാന്യവും വദ്ധിച്ചുവരുന്നു. 'കാര്യം' 'കളി'യിൽക്കൂടെ കാണുമാറാകുക എന്നതു് ഏററവും പരിണതമായ ഒരു സംസ്കാരഘട്ടത്തെ കുറിക്കുന്നു. അടുത്തകാലംവരെ ഇന്ത്യയിൽ സവ്വോൽക്കർഷേണ വത്തിച്ചിരുന്ന ഭരണധുരന്ധരന്മാർ ചില നാട്ടുരാജ്യങ്ങളിൽ വിരുന്നുണ്ടുപാക്കുന്നതോടുകൂടി മൃഗയാവിനോദത്തിനിടയ്ക്കോ ഗാനപാനാദികൾക്കിടയ്ക്കോവെച്ചു്, അത്യന്തം രാഷ്ട്രീയപ്രാധാന്യമുള്ള കാര്യങ്ങൾ അനായാസേന നിവ്വഹിച്ചിരുന്നില്ലേ? ചൂതുകളികൊണ്ടാണല്ലോ പാണ്ഡവന്മാക്കും നളമഹാരാജാവിനും മററും രാജ്യഭ്രംശംതന്നെ സംഭവിച്ചതു്. അങ്ങനെയാണു കളി കാര്യമാകുന്നതു്.

പാശ്ചാത്യപരിഷ്കാരം വിജൃംഭിക്കുന്നേടത്തെല്ലാം കളി കാര്യത്തിന്നിടയ്ക്കു കഴിക്കേണ്ടതായ ഒരു നിർബന്ധ

വിഷയമായി കണക്കാക്കപ്പെട്ടുന്നു. പാഠശാലകളിലെ പഠനം, തൊഴിൽശാലകളിലെ പണി, ആഫീസുകളിലെ ജോലി എന്നിവയ്ക്കെല്ലാം നിശ്ചിതസമയങ്ങളുള്ളതുപോലെ, കളിക്കും നിത്യജീവിതപരിപാടിയിൽ വ്യക്തമായ ഒരു സ്ഥാനം പാശ്ചാത്യർ കല്പിച്ചിട്ടുണ്ട്. സായംകാലം കളിക്കുള്ളതാണെന്നാണ് അവരുടെ സങ്കേതം. അതുപോലെ, രാത്രിയിലെ മുഖ്യഭക്ഷണാനന്തരം നൃത്തം, ഗാനം, ദൃശ്യകലാദർശനം മുതലായ വിനോദങ്ങളിലേർപ്പെടുന്നതു് അവർ വലിയ കാര്യമായിത്തന്നെ കണക്കാക്കുന്നു. ജീവിതത്തിന്റെ ഉത്തമാർദ്ധമാണ് അവൎക്കു കളി. അതിൽ തെററില്ല. കാര്യം പുരുഷനാണെങ്കിൽ കളി സ്ത്രീയാണ്. ജീവിതം സമ്പൂൎണ്ണമാകുവാൻ രണ്ടുംകൂടിയുള്ള ഇണക്കം അത്യാവശ്യമാണ്. അതാണു പ്രകൃതിയുടെ നിശ്ചയവും. കളി തീരെ ഇല്ലാത്ത കാര്യം ഒരു വൃദ്ധബ്രഹ്മചാരിയേയും, കാര്യം തീരെ ഇല്ലാത്ത കളി ഒരു വൃദ്ധകന്യകയേയും അനുസ്മരിപ്പിക്കുന്നു. കവിയുടെ കളിയാണു കവിത എന്നു പറഞ്ഞിട്ടുണ്ടല്ലോ. കവി പുരുഷനും കവിത സ്ത്രീയുമാണെന്നുള്ള സങ്കല്പത്തിലാണ്, 'കവിതയോടു്' എന്നൊരു ലഘുകൃതിയിൽ കവി തന്റെ നിലയെ വ്യക്തമാക്കീട്ടുള്ളതു്. നോക്കുക: 'കവിത'യെ അഭിസംബോധനംചെയ്തുകൊണ്ടു കവി പറയുന്നതാണിതു്:

നേരമ്പോക്കിനുവേണ്ടിയാണയി ഭവൽ—
　　സേവയ്ക്കു ഞാനാദ്യമാ—
യാരംഭിച്ചതു, പിന്നെയോ പിടിവിടാ—
　　നാവാത്തൊരാവേശമായ്.

അങ്ങനെ കളി കാര്യമായി കലാശിക്കുന്നു. 'നിന്നെക്കൂടാതിരിക്കും നില മമ കവിതേ! കേവലം ജീവശൂന്യം' എന്നു

പറഞ്ഞിട്ടുള്ളതു മനുഷ്യജീവിതത്തിൽ കളിയുടെ സ്ഥാനത്തെക്കുറിച്ചുള്ള അഭിപ്രായംതന്നെയാണു്.

'കളി കളി കാര്യമാകും കാഞ്ഞിരം വിഷമാകും' എന്ന പഴമൊഴിയിൽ പതിരില്ലെന്നതു ശരിതന്നെ. എന്നാൽ കളി പാടേ കുട്ടികൾക്കും, കാര്യമെല്ലാം മുതിർന്നവർക്കും മാത്രമെന്നു വിചാരിക്കുന്നതു തെററാണു്. മുതിർന്നവരിലും കുട്ടികളുടെ ചില സ്വാഭാവികാംശങ്ങളുണ്ടായിരിക്കുന്നതു നല്ലതല്ലേ? അതുകൊണ്ടുതന്നെയല്ലേ, ലോകത്തിൽ സർവ്വാരാദ്ധ്യന്മാരായ മഹാന്മാർ ശിശുക്കളുടെ സമ്പർക്കത്തിൽ സന്തുഷ്ടരായി കാണപ്പെടുന്നതു്. അതിനു കഴിവില്ലാത്തവരിൽ നർമ്മബോധം സാമാന്യേന വളരെ കുറവായിരിക്കും. വാസ്തവത്തിൽ, കുട്ടികളോടൊപ്പം കളിച്ചുരസിക്കുവാൻ സാധിക്കുന്നതു് ആന്തരമായ മഹത്വത്തിൻെറ ഒരു ലക്ഷണംതന്നെയാണു്.

കാര്യത്തെ ശാസ്ത്രത്തോടു് ഉപമിക്കാമെങ്കിൽ, കളിക്കു കലയുടെ സ്ഥാനം കല്പിക്കാം. ശാസ്ത്രവും കാവ്യവും കൂടിച്ചേർന്നുവേണം ലോകോല്ക്കർഷം സാധിക്കുവാൻ. ശാസ്ത്രത്തെ കാവ്യമാധുര്യംചേർത്തു പ്രചരിപ്പിച്ചാൽ മാത്രമേ ജനസാമാന്യത്തിനു് ആസ്വാദ്യമായിരിക്കയുള്ളൂ. റൊട്ടിയിൽ വെണ്ണയോ നെയ്യോ പുരട്ടുന്നതുകൊണ്ടു രുചിയും ആരോഗ്യവും ഒരുപോലെ വർദ്ധിക്കുന്നതാണല്ലോ.

കാര്യം പകലും കളി രാത്രിയുമാണെന്നു മറെറാരുപ്രകാരത്തിൽ ഉല്ലേഖനംചെയ്യാം. രാത്രികൊണ്ടു പകലിന്റെ പ്രഭാവം വർദ്ധിച്ചുകാണുന്നതുപോലെ, കളികൊണ്ടു കാര്യത്തിൻെറ മേന്മ കൂടുതൽ പ്രശോഭിക്കുന്നു.

നീതാനെൻ ജീവിതാർദ്ധം നിയതമയി! നിശാ—
നായികേ! കായകല്പ—

ശ്രീതാവും വിശ്രമം നീ പരമരുളി മമാ-
യുസ്സിരട്ടിച്ചിട്ടുന്നു.
വീതാതങ്കം തവാങ്കേ വിനിഹിതശിരസാ
വിശ്വസമ്മോഹനേ! ഞാ-
നേതാനുംനേരമേല്ലം ദിനമനു കനക-
സ്വപ്നസായൂജ്യസൗഖ്യം.

രാത്രിയിലെ വിശ്രമംകൊണ്ടെന്നതുപോലെ കളിയിലെ ഉന്മേഷംകൊണ്ടു് ആയുസ്സിരട്ടിക്കുകതന്നെ ചെയ്യും. അതു് ഒരു കായകല്പചികിത്സയുടെ ഫലം തരുന്നു. ജീവിതത്തിലെ ഉത്തമാദ്ധം ചെയ്യേണ്ടതും അതുതന്നെയാണല്ലോ. ലോകത്തെ മുഴവൻ, ദേശജാതിമതാദിഭേദമെന്യേ, ഒരു ചരടിലിണക്കിക്കോക്കുവാൻ ത്രാണിയുള്ള കളിയെ 'വിശ്വസമ്മോഹനേ' എന്നു വിളിക്കുന്നതു സർവ്വഥാ ഉചിതം തന്നെ. ദിവസംതോറുമുള്ള കാര്യപരിപാടിയിൽ കളിക്കു് ഒരു നല്ല സ്ഥാനം നല്കുന്നതുകൊണ്ടുള്ള മെച്ചം തെളിഞ്ഞു കാണുകയുംചെയ്യാം.

കേരളീയർ പ്രകൃത്യാ കളികളിൽ പ്രിയമുള്ളവരായിരുന്നു എന്നുള്ളതിന്നു്, കേരളത്തിൽ പുതിയ പരിഷ്കാരപ്രകാരങ്ങൾ വന്നുകേറുന്നതിനു മുമ്പു പ്രചാരത്തിലിരുന്ന കളികളുടെ വൈവിദ്ധ്യവും വൈചിത്ര്യവും തെളിവു നല്കുന്നുണ്ടു്. മഴക്കാലത്തു കെട്ടിടങ്ങൾക്കുള്ളിലും, മഴയില്ലാത്ത സമയം മൈതാനങ്ങളിലുംവച്ചു നടത്താവുന്ന എത്ര അസംഖ്യം കളികളാണു നമ്മുടെ നാട്ടിൽ ആബാലവൃദ്ധം സ്ത്രീപുരുഷന്മാരെ രസിപ്പിച്ചിരുന്നതു്. അദൃശ്യമൂർത്തികളെ പ്രസാദിപ്പിക്കുന്നതിനുവേണ്ടിയുള്ള നൃത്തഗാനാദികളിരിക്കട്ടെ, ജീവികാസമ്പാദനത്തിനുവേണ്ടിയുള്ള തൊഴിലുകളോടെല്ലാം അനുബന്ധിച്ചുകൊണ്ടുള്ള പാട്ടുകളും ആഘോഷങ്ങളും നമ്മുടെ ഗ്രാമീണരുടെ ഇടയിൽ

സുലഭമായിരുന്നു. ഉദാഹരണമായി, കൃഷിക്കാരുടെ വിനോദഭേദങ്ങളെ പരിശോധിക്കുക. നിലം ഉഴുക, വിത്തുവിതയ്ക്കുക, വെള്ളം വററിക്കുക, നനയ്ക്കുക മുതലായ പ്രവൃത്തികളോടൊപ്പം നമ്മുടെ വയലുകളിൽ ഗാനാമൃതം സ്വയം പ്രവഹിച്ചുകൊണ്ടിരുന്നു. കൊയ്ത്തുകാലമായാൽപിന്നെ സർവ്വത്ര ഉല്ലാസംതന്നെ, കൊയ്ത്തും മെതിയും നടക്കുന്ന കാലത്തു 'പൊറാട്ടുനാടകം' ഗ്രാമീണരെ ഒട്ടാകെ ഉന്മേഷഭരിതരാക്കിയിരുന്നു. മധ്യകേരളത്തിൽ അടുത്തകാലംവരെ വികാസം പ്രാപിച്ചുകൊണ്ടിരുന്ന ഈ കളിയിൽ—തനി പുരോഗമനസാഹിത്യമാതൃകകളാൽ തൊഴിലാളികളെ ആനന്ദതുന്ദിലരാക്കിയിരുന്ന ഈ പൊറാട്ടുനാടകത്തിൽ—തൊഴിലാളികളുടേയും അവരോട് അടുത്തുനില്ക്കുന്നവരുടേയും മനോധർമ്മവിലാസത്തിനു ധാരാളം സന്ദർഭങ്ങളുണ്ടായിരുന്നു. ബ്രാഹ്മണർ 'സംഘക്കളി'കൊണ്ടെന്നപോലെ, അമ്പലവാസികൾ 'ഏഴാമുത്തി' കളിച്ച് ഉല്ലാസം തേടിയിരുന്നു. കൂത്തും കൂടിയാട്ടവും ക്ഷേത്രങ്ങൾക്കുള്ളിൽവച്ചു വിനോദത്തോടൊപ്പം വിജ്ഞാനവും ജനങ്ങൾക്കു നല്കിക്കൊണ്ടിരിക്കേ, ക്ഷേത്രങ്ങൾക്കു പുറത്തുവച്ചു കഥകളി അതിൻെറ സ്വന്തമായ രീതിയിൽ അതേ ധർമ്മംതന്നെ നിർവ്വഹിച്ചുപോന്നു. കുറേക്കൂടി നേർത്ത സമ്പ്രദായത്തിൽ അതുതന്നെ ചെയ്തുവന്നു, പാഠകവും തുള്ളലും. ക്ഷേത്രങ്ങളും അവയോടു സംബന്ധിച്ചുള്ള ഉത്സവങ്ങളും കേരളത്തിൽ കളിയുടെ വിളനിലങ്ങളായിരുന്നു. അതുപോലെ, കാലഭേദങ്ങളനുസരിച്ച് ആഘോഷിക്കപ്പെടുന്ന ഓണം, വിഷു, തിരുവാതിര മുതലായ ജനകീയോത്സവങ്ങൾ കളികൾക്കുള്ള പ്രത്യേകാവസരങ്ങളായിരുന്നു. വില്ലുകൊട്ടൽ, 'കുമ്മാട്ടി', ഊഞ്ഞാലാട്ടം മുതലായ വിനോദങ്ങൾ ഇന്നു തീരെ നിഷ്പ്രഭങ്ങളായിപ്പോയതു പരിതാപ

കരംതന്നെ. കളിയിൽ രസം കുറഞ്ഞു കുറഞ്ഞു കേവലം കാര്യമാത്രപ്രസക്തമാകുന്നതു മനുഷ്യബുദ്ധി സങ്കോചം പ്രാപിക്കുന്നതിൻെറ ലക്ഷണമെന്നുവേണം പറയുവാൻ.

എത്രയെത്ര കളികളാണു പണ്ടു കേരളത്തിൽ പ്രചരിച്ചിരുന്നതു്! വിനോദരസികതയിൽ നമ്മുടെ പൂർവ്വികന്മാർ അദ്വിതീയർതന്നെയായിരുന്നു. പുരുഷന്മാർക്കും, സ്ത്രീകൾക്കും, ബാലന്മാർക്കും, യുവാക്കന്മാർക്കും, വൃദ്ധന്മാർക്കും എല്ലാം കാര്യനിർവ്വഹണാനന്തരമുള്ള വിശ്രമാവസരത്തെ കളികളിൽ ശരിയായി വിനിയോഗിക്കുവാനുള്ള കുശലതയുണ്ടായിരുന്നു. കടംകഥ, പ്രഹേളിക, സമസ്യാപൂരണം ദ്രുതകവനം മുതലായവ ഒരു ഭാഗത്തു്; കയ്യാംകളി, കളരിപ്പയററു്, ആയുധാഭ്യാസങ്ങൾ തുടങ്ങിയവ മറെറാരു ഭാഗത്തു്; ചതുരംഗം, കമ്പിത്തായം, ഏഴുനായും പുലിയും ഇത്യാദി ഇനിയൊരിടത്തു്; കോലാഹലഭരിതമായ ബാലകേളിഘോഷം അന്യത്ര—എന്നീവിധത്തിൽ, വീട്ടിനകത്തും പുറത്തും, വർഷക്കാലത്തും വേനല്ക്കാലത്തും എല്ലാം സർവ്വത്ര വിനോദമുഖരിതമായിരുന്നു കേരളത്തിലെ അന്തരീക്ഷം. ഇന്നതെല്ലാം തേഞ്ഞുമാഞ്ഞു രൂപാന്തരം പ്രാപിച്ചിരിക്കുന്നു. എന്നാൽ കേരളത്തിലെ കളികൾക്കു ചില വിശേഷങ്ങളെല്ലാമുണ്ടു്. അവ ഈ സന്ദർഭത്തിൽ പ്രത്യേകം സ്മരണീയമാണു്. ഒന്നാമതു്, ബാലന്മാർക്കായുള്ള മിക്ക കളികളും യുദ്ധസമ്പ്രദായങ്ങളിൽ പരിശീലനം നല്കുന്നവയാണെങ്കിൽ, ബാലികമാർക്കുള്ളവ ഗൃഹഭരണത്തിനുള്ള പ്രാരംഭപാഠങ്ങളായിരിക്കും. ഈ പ്രമേയം ഉദാഹരണസഹിതം യഥാവസരം വിശദമാക്കാനുള്ളതാണു്. രണ്ടാമതു്, കേരളീയങ്ങളായ കളികൾ ഒട്ടും ധനവ്യയംകൂടാതെ ശീലിക്കാവുന്നവയാണു്. ദാരിദ്ര്യം നടമാടുന്ന കുഗ്രാമങ്ങളിൽപ്പോലും അവയ്ക്കു സ്ഥാനമുണ്ടു്. മൂന്നാമതു്,

നമ്മുടെ ഓരോ കളിയും കാൎയ്യത്തിലേക്കു വഴികാട്ടുവാൻ പൎയ്യാപ്തമായിട്ടുള്ളതാണു്. അഥവാ, പഞ്ചസാരയിൽ പൊതിഞ്ഞ സഞ്ജീവനിഗുളികയാണു കേരളത്തിലെ ഓരോ കളിയുമെന്നു പറയാം.

കേരളത്തിലെ കളികളെപ്പററി സമഗ്രമായി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥം അധികം താമസിക്കാതെ പുറത്തിറങ്ങിക്കണ്ടാൽകൊള്ളാമെന്നുണ്ടു്. ഓരോകളിയുടേയും വിശദമായ വിവരത്തിനുപുറമേ കളിയുടെ ചിത്രങ്ങളും അതിൽ കൊടുത്തിരിക്കണം. ആൺകുട്ടികൾക്കുള്ള കളികൾ യുദ്ധം, നായാട്ടു മുതലായവയ്ക്കു മാൎഗ്ഗദൎശികളാകുന്നതെങ്ങനെയെന്നു കാണിക്കണം. അതുപോലെ, പെൺകുട്ടികൾക്കുള്ളവ, ഗൃഹഭരണപരിശീലനത്തിനെങ്ങനെ ഉപകരിക്കുന്നു എന്നും തെളിയിക്കണം. മതവിശ്വാസങ്ങളോടു ബന്ധപ്പെട്ടുനില്ക്കുന്ന ആഘോഷങ്ങളെ കേവലവിനോദങ്ങളിൽനിന്നും കാലികങ്ങളായ ഉല്ലാസങ്ങളിൽനിന്നും വേർതിരിച്ചു വൎണ്ണിക്കണം. വ്യായാമപരമായി ഓരോന്നിനുമുള്ള വില നിൎണ്ണയിക്കണം. ഇങ്ങനെ ഓരോ കളിയിൽക്കൂടെയും എന്തെല്ലാം കാൎയ്യങ്ങൾ കാണാമെന്നു വിശദമാക്കുന്ന പ്രതിപാദനമാണു വേണ്ടതു്. ഇത്തരത്തിലൊരു വിശിഷ്ടഗ്രന്ഥം മലയാളത്തിൽ ആവിൎഭവിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതുകൊണ്ടു കാൎയ്യത്തിനു് എത്ര മെച്ചമുണ്ടാകുമെന്നു കണ്ടറിയാവുന്നതുമാണല്ലോ.

# ഭാഷയുടെ വളർച്ച

ഇംഗ്ലീഷ്, ജർമ്മൻ മുതലായ പാശ്ചാത്യഭാഷകളെയോ, ബങ്കാളി, തമിഴ മുതലായ ഭാരതീയഭാഷകളെയോ അപേക്ഷിച്ചു നമ്മുടെ മലയാളഭാഷയ്ക്കു് എന്തുകൊണ്ടാണു് ഉൽക്കർഷം പോരാതിരിക്കുന്നതു് എന്നു പലരും പലപ്പോഴും ചോദിക്കുന്നതു കേട്ടിട്ടുണ്ടു്. ഇതു ഗാഢമായ ചിന്തയെ അർഹിക്കുന്ന ഒരു പ്രശ്നമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ ചോദ്യം ഓരോ മലയാളിയും തന്നെത്താൻ ചോദിക്കുവാൻ തുടങ്ങിയാൽ, കേവലം അതിൽനിന്നുതന്നേ മലയാളഭാഷയ്ക്കു ശോഭനമായ ഒരു ഭാവി ഉണ്ടാകുമെന്നു നമുക്കു പ്രതീക്ഷിക്കാം.

ഒരു ഭാഷയ്ക്കു് ഉൽക്കർഷമുണ്ടാകേണമെങ്കിൽ ഒന്നാമതായി വേണ്ടതു്, ആ ഭാഷകൊണ്ടു കൈകാൎയ്യം ചെയ്യുന്നവൎക്കു് അതിനെക്കുറിച്ചു് ആത്മാൎത്ഥമായ അഭിമാനമുണ്ടായിരിക്കുകയാണു്. ജർമ്മൻകാൎക്കും, ഇംഗ്ലീഷുകാൎക്കും, ബങ്കാളികൾക്കും, തമിഴന്മാൎക്കും അവരവരുടെ മാതൃഭാഷയെക്കുറിച്ചുള്ള സ്നേഹാദരങ്ങൾ മാതൃകായോഗ്യങ്ങൾതന്നെയാണു്. തങ്ങളുടെ സ്വന്തഭാഷകളെ മേല്ക്കുമേൽ അഭിവൃദ്ധിപ്പെടുത്തുകയും സൎവ്വത്ര പ്രചരിപ്പിക്കുകയും ചെയ്യുന്നതിനുവേണ്ടി അവർ ഏതെല്ലാംവിധത്തിൽ പ്രയത്നിക്കുന്നു! എവിടെപ്പോയാലും, തരമുള്ളേടത്തെല്ലാം, അവർ തങ്ങളുടെ മാതൃഭാഷമാത്രമേ ഉപയോഗിക്കുകയുള്ളു. സംസാരവും എഴുത്തുകുത്തും മററുമെല്ലാം മാതൃഭാഷയിൽത്തന്നെ വേണമെന്ന വ്രതമെടുത്തിട്ടുള്ളവരാണു് അവരിൽ അനേകംപേർ. അവരുടെ കൂട്ടത്തിലുള്ള കച്ചവടക്കാരോടു

മാതൃഭാഷയിൽ കാൎയ്യം പറയാവുന്നവൎക്കു സാമാനങ്ങൾ ചുരുങ്ങിയ വിലക്കു വാങ്ങിക്കുവാൻപോലും സാധ്യമാകുന്നു! വിദേശഭാഷയിൽ വില ചോദിച്ചാൽ കൂടുതൽ കൊടുക്കേണ്ടതായും വന്നേക്കാം! സുഹൃൽസമ്മേളനാവസരങ്ങളിൽ അവർ സല്ലാപങ്ങൾക്കായി ഉപയോഗിക്കുന്നതും മാതൃഭാഷതന്നെ. ഈ തോതുവെച്ചു നോക്കുമ്പോൾ മലയാളത്തിന്റെ കഥ ഇന്നും എവിടെ കിടക്കുന്നു? കേരളത്തിനു പുറത്തുവെച്ചു മാത്രമല്ലാ, കേരളക്കരയ്ക്കുള്ളിൽവെച്ചും, രണ്ടു മലയാളികൾ തമ്മിൽ കൂട്ടിമുട്ടിയാൽ, ഇപ്പോഴും വിദേശഭാഷയിൽ സംസാരം തുടങ്ങുന്നതിലാണ് അധികം ഭ്രമം കാണിക്കുന്നതെന്ന വാസ്തവം നമുക്ക് അഭിമാനകരമാണോ? അതിലും വിശേഷിച്ച്, ഒരുവക 'മുറി ഇംഗ്ലീഷിൽ' മുക്കിമൂളി, ഞെക്കിഞ്ഞെറിപ്പിച്ച്, അബദ്ധമയമായി സംസാരിക്കുവാൻ ക്ലേശിക്കുന്നതു കാണുമ്പോൾ അപഹാസമോ, അവഹേളനമോ, അനുകമ്പയോ ഏതാണ് അത്തരക്കാർ അധികം അർഹിക്കുന്നത് എന്നു സംശയമായിപ്പോകുന്നു! ഇതുതന്നെയാണ് എഴുത്തുകുത്തുകളിലേയും കഥ. ഒന്നുകിൽ നല്ല ഇംഗ്ലീഷ് ഉപയോഗിക്കുവാൻ പഠിക്കുക: തെററുകൂടാതെയും വലിയ ഞെരുക്കം കൂടാതെയും ആശയങ്ങളെ ആ ഭാഷയിൽ പ്രകാശിപ്പിക്കുവാൻ ശീലിക്കുക. ചക്കു തിരിക്കുമ്പോളുണ്ടാകുന്നതുപോലെയുള്ള പദപ്രസവവേദനാരവങ്ങളും, വാഗ്ദേവതയെ ബലാൽക്കാരം ചെയ്യുന്നു എന്നു പ്രത്യക്ഷത്തിൽ മനസ്സിലാകാവുന്നവിധത്തിലുള്ള ചുമയും, കുരയും, ഏങ്ങലും മററും കൂടാതെ സംസാരിക്കുവാൻ സാധിക്കുകയില്ലെങ്കിൽപ്പിന്നെ എന്തിനാണു ഹൗണിയുടെ ചവിട്ടടിയിൽ കിടന്നുകൊണ്ടു് ഇങ്ങനെ ഒരുവക ദുരഭിമാനം പുലർത്തുവാൻ വേണ്ടി മാത്രം പാടുപെടുന്നതു്? ഇംഗ്ലീഷിനോടു യാതൊ

രുതരത്തിലുമുള്ള പ്രതികൂലമനോഭാവംകൊണ്ടല്ലാ ഇത്ര യും പറഞ്ഞതു്. പ്രത്യുത, ഹൗണിയെ (ഒരുവിധം നോ ക്കുമ്പോൾ) ധർമ്മപത്നിയായിത്തന്നെ സ്വീകരിച്ചിട്ടുള്ള പ്രസ്തുതലേഖകൻ, തത്തുല്യപ്രിയകരിയായ കൈരളിക്കു്, ഹൗണീസമ്പർക്കംകൊണ്ടു് അസാമാന്യമായ അഭിവൃദ്ധി യും അഭൂതപൂർവ്വമായ വികാസവും സിദ്ധിക്കുവാനാണു വ ഴിയുള്ളതെന്നു പൂർണ്ണമായി വിശ്വസിക്കുന്ന ഒരാളാണു്. പക്ഷേ, കൈരളിയേയും ഹൗണിയേയും 'കുറേശ്ശ' പിടി ച്ചുമാന്തി, രണ്ടിനേയും ഒരുപോലെ മട്ടപ്പിച്ചു പരാങ്മു ഖികളാക്കിത്തീർത്തു്, രണ്ടും സ്വാധീനമാണെന്നു നടിച്ചു ഗോഷ്ഠികാട്ടുന്ന ദുരഭിമാനികളുടെ സംഖ്യ കേരളീയരുടെ ഇടയിൽ കുറഞ്ഞുകാണുമാറാകട്ടെ എന്നു പ്രാർത്ഥിക്കാതെ നിവൃത്തിയില്ല.

അപ്പോൾ, കേരളഭാഷയ്ക്കു മററു മേന്മയേറിയ ഭാഷ കളെപ്പോലെ പ്രശസ്തിയും പ്രചാരവും കൈവരേണമെ ങ്കിൽ ആദ്യമേ വേണ്ടതു്, കേരളീയർക്കു പൊതുവേ തങ്ങ ളുടെ മാതൃഭാഷ ഉപയോഗിക്കുന്നതിൽ സങ്കോചമോ അ വജ്ഞയോ തോന്നാതിരിക്കുകയാണെന്നു സ്പഷ്ടമാകുന്നു. ആ നില വന്നാൽ പിന്നെ അവരുടെ രാഷ്ട്രീയോൽക്കർ ഷത്തിനു് അനുരൂപമായ വിധത്തിൽ കൈരളിക്കും ഉൽ ക്കർഷം തനിയേ ഉണ്ടായിക്കൊള്ളും. എങ്ങനെയായാലും ഒരുകാര്യം തീർച്ചയാണു്. ഏതു ഭാഷയുടേയും അഭിവൃദ്ധി ആ ഭാഷ ഉപയോഗിക്കുന്ന ജനസമൂഹത്തിൻെറ അഭിവൃ ദ്ധിയെ ആശ്രയിച്ചുതന്നെ ഇരിക്കും. ഇംഗ്ലണ്ടു്, ജർമ്മനി മുതലായ രാജ്യങ്ങളിൽ ഭാഷയ്ക്കു വളർച്ചയുണ്ടായിട്ടുള്ളതു ജനങ്ങളുടെ രാഷ്ട്രീയോദ്ഗതിക്കൊപ്പം മാത്രമാണെന്നു് അവയുടെ ചരിത്രം പരിശോധിച്ചാലറിയാം. രാഷ്ട്രം തെ ളിയാതെ ഭാഷ തെളിയുകയില്ലെന്നു തീർച്ചയാണു്.

രാഷ്ട്രാഭിവൃദ്ധിയും ഭാഷാഭിവൃദ്ധിയും തമ്മിലുള്ള ദൃഢബന്ധം പ്രകാശിപ്പിക്കുവാൻ അടുത്തകാലത്തെ വംഗദേശചരിത്രമൊന്നു നോക്കിയാൽ മതിയാവും. അടുത്തകാലത്തു്, അതായതു്, ഇന്നത്തെ തലമുറയിൽ, ഇന്ത്യയിലൊട്ടാകെ ഉണ്ടായിട്ടുള്ള രാഷ്ട്രീയപ്രബുദ്ധത ഇന്ത്യയിലെ സകലഭാഷകളിലും ഏറെക്കുറേ നിഴലിച്ചു കാണാം. അതോടുകൂടി, ഭാഷകളെ അടിസ്ഥാനമാക്കി പ്രവിശ്യകളെ വിഭജിക്കേണമെന്ന വാദം (വിശിഷ്യ, ദക്ഷിണഭാരതത്തിൽ) മുഴങ്ങിത്തുടങ്ങിയപ്പോൾ, ഓരോ ദേശീയഭാഷയേയും തട്ടിയുണർത്തുവാൻ അതിനുണ്ടായ ശക്തി, തമിഴ്, തെലുങ്ക്, കർണ്ണാടകം എന്നിവയുടെ കാര്യത്തിൽ പ്രത്യേകിച്ചും വിശദമായി കണ്ടുതുടങ്ങി. ഓരോ ഭാഷയുടേയും പൂർണ്ണവികസനം ലക്ഷ്യമാക്കിക്കൊണ്ടു് ഓരോ സർവ്വകലാശാലയും ആവിർഭവിച്ചു. അതനുസരിച്ചു്, ഇന്നു്, 'അണ്ണാമല' തമിഴിനും, 'ആന്ധ്ര' തെലുങ്കിനും, 'മൈസൂർ' കർണ്ണാടകത്തിനും വേരൂന്നി വളർന്നു പൊങ്ങുവാനുള്ള വിസ്തൃതാലവാലങ്ങളായി സമുല്ലസിക്കുന്നു! എന്നാൽ, തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ മൂന്നു ഭിന്നരാഷ്ട്രീയവിഭാഗങ്ങളെ ഉൾക്കൊള്ളുന്ന കേരളപ്രവിശ്യയിലെ പൊതുമാതൃഭാഷയ്ക്കുള്ള സർവ്വകലാശാല എവിടെ? തിരുവിതാംകൂർ സർവ്വകലാശാല ക്രമേണ ഒരു യഥാർത്ഥകേരളസർവ്വകലാശാലയായി പരിണമിച്ചാൽ ഭാഗ്യമെന്നു പറയാം. അതിൽ കേരളസംസ്കാരത്തിനു്—കേരളഭാഷാസാഹിത്യങ്ങൾക്കു മാത്രമല്ലാ, കേരളത്തെസ്സംബന്ധിക്കുന്നവയായ സർവ്വകലകൾക്കും, ശാസ്ത്രങ്ങൾക്കും, ഗവേഷണങ്ങൾക്കും—ശരിയായ സ്ഥാനം ലഭിച്ചാൽമാത്രമേ അതു കേരളസർവ്വകലാശാല എന്ന പേർ യഥാർത്ഥമായി അർഹിക്കുകയുള്ളു.

നമ്മുടെ രാജ്യത്തു സർവ്വകലാശാലകളാണു് ഇതുവരെ വിദ്യാഭ്യാസത്തിന്റെ നാഡീകേന്ദ്രങ്ങളായി വർത്തിച്ചുവന്നിട്ടുള്ളതു്. വിദ്യാഭ്യാസജീവിയുടെ ശിരസ്സാണു സർവ്വകലാശാല. അതിനാൽ ആകപ്പാടെയുള്ള വിദ്യാഭ്യാസനയത്തെ രൂപവൽക്കരിക്കുന്ന കാര്യത്തിൽ സർവ്വകലാശാലയ്ക്കുള്ള പ്രാധാന്യം നമുക്കു് അനുഭവവേദ്യവുമാകുന്നു. എല്ലാ വിഷയങ്ങളിലും വിദ്യാവിതരണം മാതൃഭാഷാമുഖേന വേണമെന്ന നിശ്ചയം സർവ്വകലാശാല സ്വീകരിച്ചു നടപ്പിൽ വരുത്തിയാൽ, താഴെയുള്ള വിദ്യാഭ്യാസസോപാനങ്ങളിലെല്ലാം അതിനനുരൂപമായ പരിപാടി സ്വയം സജ്ജീകൃതമായിക്കൊള്ളും. മാതൃഭാഷാമുഖേനയുള്ള വിദ്യാഭ്യാസത്തിനും മാതൃഭാഷാപ്രോത്സാഹനത്തിനും വേണ്ടുന്ന നേതൃത്വം നല്കുന്നതു്, ഇന്നത്തെ സ്ഥിതിക്കു്, സർവ്വകലാശാലയിൽനിന്നുതന്നെ വേണ്ടിയിരിക്കുന്നു. സ്കൂൾവിദ്യാഭ്യാസവും കോളേജ് വിദ്യാഭ്യാസവും തമ്മിൽ ഭാഗം വാങ്ങിപ്പിരിഞ്ഞു സ്വാതന്ത്ര്യം പ്രഖ്യാപനം ചെയ്യുന്നതുവരെ, സ്കൂൾസമ്പ്രദായങ്ങൾക്കുള്ള ആവേശം മിക്കവാറും കോളേജ്സമ്പ്രദായങ്ങളിൽനിന്നാണു സിദ്ധിക്കുന്നതു്. അതുകൊണ്ടു വിദ്യാഭ്യാസംവഴിക്കും ഭാഷയ്ക്കും സാഹിത്യത്തിനും വളർച്ചയുണ്ടാകേണമെന്നുണ്ടെങ്കിൽ അതു സർവ്വകലാശാലാപരിഷ്കാരത്തെ ആശ്രയിച്ചിരിക്കുമെന്നും വന്നുകൂടുന്നു. തല ചീഞ്ഞാൽ ഉടലും ചീഞ്ഞുപോകും. മലയാളത്തിനു് അതർഹിക്കുന്ന സ്ഥാനം സർവ്വകലാശാലയിലും അതിലേക്കുള്ള കൈവഴികളായ വിദ്യാലയങ്ങളിലും കിട്ടിക്കഴിഞ്ഞിട്ടുണ്ടോ എന്നു പരിശോധിക്കുമ്പോഴും ഇച്ഛാഭംഗംതന്നെയല്ലേ ഫലം?

ഭാഷയുടെ പ്രചാരത്തിനും സാഹിത്യത്തിന്റെ പ്രശസ്തിക്കും ഇക്കാലത്തു ഗണ്യമായവിധം സഹായിക്കുന്ന

വയാണ് 'സിനിമ', 'റേഡിയോ' എന്നീ ഉപകരണങ്ങൾ. മലയാളത്തിന് ആകർഷകങ്ങളായ ഉത്തമചലച്ചിത്രങ്ങൾവഴിക്കു പേരും പെരുമയും ഇതേവരെ കിട്ടീട്ടില്ല. നമുക്ക് അഭിമാനകരമായ പ്രകാരത്തിൽ നമ്മുടെ നാട്ടിലെ പ്രകൃതിവിലാസങ്ങളേയും, സാമുദായികസൗഭാഗ്യങ്ങളേയും, ജീവിതസൗന്ദര്യത്തേയും ഹൃദയാവർജ്ജകമായി പ്രകാശിപ്പിക്കുന്ന മലയാളചലച്ചിത്രങ്ങൾ സജ്ജീകരിക്കുന്ന കാര്യത്തിൽ അധികമാക്കും ഉത്സാഹം കാണാത്തതു കുറെ കഷ്ടംതന്നെയാണ്. അതുപോലെ സമസ്തേന്ത്യാ പ്രക്ഷേപണകേന്ദ്രങ്ങളിൽ മലയാളവിഷയങ്ങൾക്കോ, മലയാളഭാഷയ്ക്കോ, മതിയായ പ്രാതിനിദ്ധ്യം കൊടുത്തുകാണാത്തതും പരിതാപകരമായിരിക്കുന്നു.

എന്നാൽ ഒരു സംഗതിയിൽ നമുക്ക് അപൂർവ്വമായ ചാരിതാർത്ഥ്യത്തിനു ധാരാളം അവകാശമുണ്ട്. കേവലം സാഹിത്യപരമായ ശക്തിയെ മാനദണ്ഡമായി സ്വീകരിച്ചു്, മലയാളത്തിലെ ഇന്നത്തെ എഴുത്തുകാരെ മറുഭാഷകളിലെ എഴുത്തുകാരോടു തട്ടിച്ചുനോക്കിയാൽ, നമുക്ക് ഒട്ടുംതന്നെ തലതാഴ്ത്തേണ്ടിവരികയില്ലെന്നു നിസ്സംശയം പറയാം. പ്രതിഭാസമ്പന്നന്മാരായ എത്ര സാഹിത്യകാരന്മാരാണ് ഇന്നു കൈരളീസേവനത്തിൽ ജാഗരൂകരായി സമുല്ലസിക്കുന്നതു്! അവരുടെ കൂട്ടത്തിൽ, വിശേഷിച്ചും, വാസനാനുഗ്രഹീതരായ യുവാക്കന്മാരെ അസംഖ്യം കാണാം. അവരിൽ പലക്കും ഗ്രന്ഥപാരായണംകൊണ്ടും ലോകപരിചയംകൊണ്ടും സിദ്ധിക്കേണ്ടതായ നിപുണത എന്ന അംശത്തിൽ കുറച്ചുമിഴിവു പോരാ എന്നു തോന്നുമായിരിക്കാം. പക്ഷേ, അവരുടെ നൈസർഗ്ഗികമായ സാഹിത്യശക്തിയെക്കുറിച്ചു രണ്ടഭിപ്രായത്തിനു വഴിയുണ്ടാകുമെന്നു തോന്നുന്നില്ല. മലയാളസാഹിത്യത്തിലെ

ഏതു പ്രസ്ഥാനത്തിലും അങ്ങനെയുള്ളവർ ഇന്നു് സ്വച്ഛന്ദം വിഹരിക്കുന്നതു കാണ്മാനുണ്ടു്. സാഹിത്യവ്യവസായത്തിനു വേണ്ടുവോളം കരുത്തുള്ളവർ ഇന്നു് എത്രയാണു കേരളത്തിൽ ജീവിച്ചിരുപ്പുള്ളതെന്നു നോക്കുക. അവരുടെ കൂട്ടത്തിൽ ഏതാനും ചിലരുടെ പേരുകൾ പെട്ടെന്നു സ്മരണയിൽ വരുന്നതുതന്നെ ഒരു നീണ്ട പട്ടികയ്ക്കു മതിയാകുന്നുണ്ടു്.

എന്നാൽ നമ്മുടെ പ്രതിഭാശാലികളായ യുവസാഹിത്യകാരന്മാക്കു് നാം എന്തു പ്രോത്സാഹനമാണു് ഇന്നു നല്കുന്നതു്! അവരെ ശരിയായി ഉപദേശിച്ചു നേർവഴിക്കു തിരിച്ചുവിട്ടു്, അവരെക്കൊണ്ടു് ഉത്തമഗ്രന്ഥങ്ങൾ രചിപ്പിക്കാമെന്നുതന്നെ വയ്ക്കുക. അത്തരം ഗ്രന്ഥങ്ങളുടെ പ്രചാരത്തിനുള്ള മാർഗ്ഗങ്ങളെന്താണു്? ഈ പ്രശ്നം ഇന്നു് എല്ലാസാഹിത്യകാരന്മാരുടേയും നേക്കു തുറിച്ചു നോക്കിക്കൊണ്ടുതന്നെനില്ക്കുന്നു! രാജാക്കന്മാരും പ്രഭുക്കന്മാരും മററും വേതനങ്ങളും പാരിതോഷികങ്ങളും കൊടുത്തു സാഹിത്യകാരന്മാരെ പുലത്തിയിരുന്ന ഒരുകാലം പണ്ടുണ്ടായിരുന്നു. അതിൻെറ അവശിഷ്ടങ്ങൾ ഇന്നും അങ്ങിങ്ങു കാണ്മാനുണ്ടെങ്കിലും ആ കാലം മിക്കവാറും അസ്തംഗതമായിരിക്കുന്നു. പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ, രാഷ്ട്രീയകക്ഷികളിൽനിന്നു് സാഹിത്യപ്രോത്സാഹനം നമ്മുടെ നാട്ടിൽ അധികമൊന്നും ഉണ്ടായിട്ടില്ല. പുസ്തകവ്യാപാരികളും പ്രസാധകന്മാരും തങ്ങളാൽ ആവുന്ന വിധത്തിൽ കേരളത്തിലെ എഴുത്തുകാരെ സഹായിച്ചിട്ടുണ്ടു്. എന്നാൽ ഇന്നു് അവരുടെ പ്രാബല്യവും ഏതാണ്ടു കുറഞ്ഞിരിക്കുന്നു. ഇനിയത്തെ ഘട്ടത്തിൽ ഗ്രന്ഥകാരന്മാർ പൊതുജനങ്ങളെ നേരെ സമീപിക്കുകയാണു വേണ്ടിയിരിക്കുന്നതു്. സാഹിത്യചരിത്രത്തിൻെറ അടുത്ത അദ്ധ്യായ

ത്തിൽ പൊതുജനങ്ങളെയാണു സാഹിത്യപ്രോത്സാഹകന്മാരായി നാം ദൂരെനിന്നുകൊണ്ടു കാണുന്നതു്. ജനകീയ ഭരണ സമ്പ്രദായത്തിനു് അഭിവൃദ്ധികൈവരുന്നതോടുകൂടി നാട്ടിലെങ്ങും, ഏതു കുഗ്രാമത്തിൻെറ ഓണംകേറാമൂലയിൽപ്പോലും, വിദ്യാഭ്യാസം പ്രചരിക്കുകയും ഗ്രന്ഥപാരായണപരായണന്മാരുടെസംഖ്യ വദ്ധിക്കുകയും, അവരിൽനിന്നു നമ്മുടെ ഗ്രന്ഥകാരന്മാക്കു വേണ്ടുവോളം പ്രോത്സാഹനം സിദ്ധിക്കുകയും ചെയ്യുമെന്നു നമുക്കു് ന്യായമായി പ്രത്യാശിക്കാം.

അതോടുകൂടി, അധികാരിഭേദമനുസരിച്ചു്, നമ്മുടെ സാഹിത്യത്തിൻെറ ഉടലിനും ഉയിരിനും ഒരു വലിയ മാററംവരാതെ നിവൃത്തിയില്ലെന്നും അനായാസേന പ്രവചിക്കാവുന്നതാകുന്നു. കൈരളീപരിണാമത്തിലെ ഇനിയത്തെ പടിയിൽ പ്രതീക്ഷിക്കേണ്ടതു്, സാമാന്യജനങ്ങളെ ഉദ്ദേശിച്ചുള്ള ഒരു സാഹിത്യവിശേഷത്തിൻെറ ആവിർഭാവമാകുന്നു. പണ്ടത്തെപ്പോലെ കേവലകാവ്യരസാസ്വാദനംകൊണ്ടു തൃപ്തിയടയുന്നവരായിരിക്കയില്ല നമ്മുടെ അനന്തരഗാമികൾ എന്നുള്ളതിനു ചില ലക്ഷ്യങ്ങളെല്ലാം ഇന്നുതന്നെ കണ്ടുതുടങ്ങീട്ടുണ്ടു്. നൂതനാശയങ്ങളേയും നവീനസിദ്ധാന്തങ്ങളേയും, ദിനംപ്രതി അഭിവൃദ്ധി നേടിവരുന്ന ശാസ്ത്രതത്വങ്ങളേയും മററും, പൊതുജനങ്ങളുടെ ഇടയിൽപ്രചരിപ്പിക്കുവാനുള്ള കരുത്തു നമ്മുടെ ഭാഷയ്ക്കു ക്രമേണ ഉണ്ടാകേണ്ടിയിരിക്കുന്നു. ഹൃദയോന്മേഷത്തിനും ആത്മീയോല്ക്കർഷത്തിനുമെന്നപോലെ, പ്രതിനിമിഷം വദ്ധമാനമായ ലോകവിജ്ഞാനത്തിൻെറ വിതരണത്തിനും മലയാളം സർവ്വഥാ പര്യാപ്തമാകേണ്ടതാകുന്നു. അല്ലെങ്കിൽ ലോകത്തിന്റെ പുരോഗതിക്കൊപ്പം ഭാഷയ്ക്കു പുരോഗതിയില്ലെന്നുവെച്ചു് ഭാഷയെ പിൻതള്ളേണ്ടതായി വന്നേക്കാം.

ഇക്കാര്യത്തിലും കേരളീയർ ദീർഘദൃഷ്ടിയോടുകൂടി പ്രവർത്തിച്ചു തങ്ങളുടെ ഹൃദയവൈപുല്യത്തേയും പ്രജ്ഞാവൈശദ്യത്തേയും പ്രകടമാക്കേണ്ടതാകുന്നു.

ഇപ്പറഞ്ഞ പ്രകാരത്തിലൊന്നും ഭാഷയേയും സാഹിത്യകാരന്മാരേയും വഴിതെളിച്ചു തുണയ്ക്കുവാൻ തയ്യാറില്ലാത്തവർ ഒരു കാര്യമെങ്കിലും ചെയ്താൽ നന്നായിരിക്കും: അതായത്, ഭാഷാലോകത്തിലെ ഉത്തിഷ്ഠമാനന്മാരായ ഉത്സാഹികളുടെ ആവേശാഗ്നിയിൽ അവഹേളനജലം പകരാതിരിക്കുക! മലയാളികൾ മറുനാട്ടുകാരിൽനിന്നും അവശ്യം കണ്ടുപഠിക്കേണ്ട ഒരു പാഠമാണ് ഇതു്. അവിടങ്ങളിൽ ആത്മാർത്ഥമായി സാഹിത്യവ്യവസായം ചെയ്യുന്ന യുവാക്കന്മാർ ഇടയ്ക്കു് സ്വല്പമെന്തൊരുമൊന്ന് അടി പിഴച്ചാൽ അതത്ര ഗൗരവമേറിയ ഒരു കുററമായിക്കരുതി ആക്ഷേപശരവർഷം പൊഴിക്കാറില്ല. നേരേമറിച്ച്, മലയാളിക്കു മലയാളിയെ കണ്ടുകൂടാ എന്നും, പരസ്പരം വൃഥാ സ്പർദ്ധിച്ചു കുളംകലക്കി പരുന്തിനു കൊടുക്കുന്ന സ്വഭാവം മലയാളികൾക്കു പ്രത്യേകമായുള്ളതാണെന്നും, സാധാരണ കേട്ടുവരാറുള്ള ഒരാക്ഷേപമാണ്. മററു വിഷയങ്ങളിലെന്നപോലെ സാഹിത്യത്തിലും ഈ അധഃപതനലക്ഷണം കേരളീയരുടെ ഇടയിൽ കാണുന്നതു കഴിയുന്നേടത്തോളം ദൂരീകരിക്കേണ്ടിയിരിക്കുന്നു. അതിനു് ഐകമത്യബോധംതന്നെ മനസ്സിലുറയ്ക്കണം. ഒരു മലയാളിക്കു് മറെറാരു മലയാളിയുടെ തല ഉയരുന്നതു കണ്ടാൽ മനസ്സിൽ ഒരു 'കിരുകിരുപ്പ്'' തുടങ്ങുകയായി! അവനെ പിന്നെ, യാതൊരു കാരണവുംകൂടാതെ, തൻെറ പരമശത്രുവായിക്കരുതി, അപകടത്തിൽ ചാടിക്കുവാനുള്ള ശ്രമമായി. ഈ പിശുനത സാഹിത്യത്തിലും സ്വച്ഛന്ദം വിളയാടുന്നു! ഇതാണു മലയാളത്തിലെ സാഹിത്യനിരൂപണ

ങ്ങൾ ഇത്ര ദുഷിച്ചുപോകുവാനുള്ള പ്രധാനകാരണം. നിരൂപണങ്ങൾ വഴിക്കാണല്ലോ വ്യവസായികൾക്കു മുഖ്യമായി പ്രോത്സാഹനം നല്കേണ്ടതു്. മററു ഭാഷകളിൽ നിരൂപണങ്ങൾ പരഗുണപരമാണുക്കളെ പർവ്വതീകരിച്ചു കാണിക്കുവാൻ ശ്രമിക്കുമ്പോൾ, മലയാളത്തിലെ നിരൂപണങ്ങൾ മാത്രം, പരദോഷപരമാണുക്കളെ പർവ്വതീകരിച്ചു കാണിക്കുന്നതിലും, ഇല്ലാത്ത ദോഷങ്ങളെ ഉണ്ടാക്കിത്തീർത്തു് ആക്ഷേപിക്കുന്നതിലും, ഗുണാംശങ്ങളെ അല്പപ്രശംസകൊണ്ടോ കേവലമൗനംകൊണ്ടോ ഞെക്കിഅമർത്തുന്നതിലും പ്രവണങ്ങളായി കാണപ്പെടുന്നു. ഇതാണു കഷ്ടാൽക്കഷ്ടതരമായിട്ടുള്ളതു്. ഈ ദുഷ്ടസമ്പ്രദായത്തെ നമ്മുടെ ഭാഷയിൽനിന്നു് ഉന്മൂലനംചെയ്യുന്ന കാര്യത്തിലും കേരളീയർ ഒത്തൊരുമിച്ചു കുറഞ്ഞൊരു സൗമനസ്യം പ്രകാശിപ്പിക്കേണ്ടിയിരിക്കുന്നു. അസൂയാകലുഷിതങ്ങളോ അസഭ്യങ്ങളോ ആയ നിരൂപണങ്ങൾ എഴുതുന്നവരേയും പ്രസിദ്ധപ്പെടുത്തുന്നവരേയും അകററിനിർത്തുകതന്നെ വേണം. കൃതികളിൽ കാണുന്ന വൈകല്യങ്ങളെക്കുറിച്ചു് എല്ലാവരും മൗനമവലംബിക്കണമെന്നല്ലാ ഇപ്പറഞ്ഞതിന്റെ അർത്ഥം. അവയെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ, സ്വരത്തിനു് ഒരു 'തറവാടിത്തം' വേണമെന്നു മാത്രമേ വിവക്ഷയുള്ളു. നിരൂപണം സംഹാരപരമാകരുതു്—സംസ്കാരപരമായിരിക്കണം എന്നു ചുരുക്കം.

ഗ്രന്ഥപ്രചാരണത്തെ വർദ്ധിപ്പിക്കുകയും, അർഹന്മാരായ ഗ്രന്ഥകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനായി, ഭാഷാഭിമാനികളും സാഹിത്യപ്രണയികളും ഉദാരമതികളും കൂടിച്ചേർന്നു് ഒരു പ്രസിദ്ധീകരണസംഘം സ്ഥാപിക്കാമെങ്കിൽ അതു ഭാഷയുടെ ഭാവിക്കു വലിയ ഉപകാരമായിരിക്കും. അതിനു് ഒന്നോ രണ്ടോ ലക്ഷം രൂപ

മൂലധനം വേണ്ടിവരുന്നതാകയാൽ, ദേശീയസംസ്കാരത്തിലും സ്വഭാഷയിലും സ്വദേശത്തിൻെറ ഭാവിയിലും നല്ല വിശ്വാസമുള്ള ഉത്സാഹികൾ രാജ്യമൊട്ടുക്കു് ഇറങ്ങി പ്രവൎത്തിക്കുകതന്നെ വേണം. ഭാഷയുടെ അഭിവൃദ്ധിക്കു യോജിച്ചവിധത്തിലുള്ള ഗ്രന്ഥങ്ങളെ യഥോചിതം പ്രസാധനംചെയ്യുക, അവയെ ആവുന്നത്ര പ്രചരിപ്പിക്കുക, അങ്ങനെ യോഗ്യന്മാരായ സാഹിത്യകാരന്മാരെ സഹായിക്കുക, എന്നിവയായിരിക്കണം സംഘത്തിൻെറ മുഖ്യോദ്ദേശങ്ങൾ. നല്ല ഗ്രന്ഥങ്ങൾ നല്ല രൂപത്തിൽ പ്രകാശിപ്പിക്കുന്നപക്ഷം, അവയെ വിലകൊടുത്തു വാങ്ങി ഭാഷാപോഷണം സാധ്യമാക്കുന്നതിനു നല്ലമനസ്സുള്ള സ്വദേശാഭിമാനികളുടെ എണ്ണം ക്രമേണ വൎദ്ധിക്കുമെന്നല്ലേ പ്രതീക്ഷിക്കേണ്ടതു്? അപ്രകാരമുള്ള ഒരു നല്ലകാലം കൈരളിക്കു് ഇതരഭാഷകളെപ്പോലെതന്നെ അനതിദൂരമായ ഭാവിയിൽ കൈവരികയില്ലെന്നുണ്ടോ? കേരളത്തിൻെറ രാഷ്ട്രീയവിഭാഗങ്ങളായ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ പ്രദേശങ്ങളിലാകെക്കൂടി ഇപ്പോൾത്തന്നെ ധാരാളം പൊതുവായനശാലകളില്ലേ? അവയ്ക്കു പുറമേ എത്ര അസംഖ്യം വിദ്യാമന്ദിരങ്ങളാണു്, വിദ്യാഭ്യാസവിഷയത്തിൽ മുന്നണിയിൽ നില്ക്കുന്നതെന്നഭിമാനിക്കുന്ന കേരളപ്രവിശ്യയിലുള്ളതു്! സങ്കുചിതമായ പ്രാദേശികമനഃസ്ഥിതിയും പക്ഷപാതബുദ്ധിയും കൈവെടിഞ്ഞു് കൈരളി നമുക്കെല്ലാവൎക്കുംകൂടിയുള്ള പൊതുസ്വത്താണെന്ന ഉറച്ച ബോധത്തോടെ ഉണൎന്നു പ്രവൎത്തിക്കാമെങ്കിൽ, ഏതാദൃശ സ്ഥാപനങ്ങൾവഴിക്കുതന്നെ മലയാളത്തിനു മേലിൽ അഭിമാനിക്കത്തക്ക മിഴിവും തെളിവും ഉണ്ടാകാമെന്നു തോന്നുന്നുണ്ടു്.

# കേരളസംസ്കാരവും സർവ്വകലാശാലയും

തിരുവിതാംകൂർ—കൊച്ചി, മലബാർ എന്നീ രാഷ്ട്രീയവിഭാഗങ്ങളായി കേരളരാജ്യം, സംഗതിവശാൽ, മുറിഞ്ഞുകിടക്കുന്നു. എങ്കിലും ആ വിഭാഗങ്ങളിൽ അധിവസിക്കുന്ന ജനസമുദായങ്ങളെ ഒട്ടാകെ ഒരു ചരടിലിണക്കിക്കോർക്കുന്നതിനു പര്യാപ്തമായ ഒരു സംസ്കാരം മലയാളത്തിലുണ്ടെന്നു സ്പഷ്ടമാകുന്നു. ജാതിമതാദിഭേദങ്ങൾക്കെല്ലാം അതീതമായിട്ടുള്ള ആ സംസ്കാരം സകല കേരളീയരുടേയും ജന്മസ്വത്താണ്. മററു കാര്യങ്ങളിൽ എത്ര വ്യത്യസ്താഭിപ്രായങ്ങളോ വിപരീതതാൽപര്യങ്ങളോ കേരളത്തിലെ വ്യക്തികളേയും ജാതികളേയും പരസ്പരം ഭേദിപ്പിച്ചുനിർത്തിക്കൊള്ളട്ടേ; ഭാഷ, സാഹിത്യം, സംസ്കാരം എന്നീ വിഷയങ്ങളിൽ അവർ തമ്മിൽ ഏകോദരസഹോദരഭാവത്തിലാണു ബന്ധപ്പെട്ടു കിടക്കുന്നതു് എന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ വാസ്തവം ഏററവും വ്യക്തമായി അനുഭവപ്പെടുന്നതു കേരളീയർ കേരളത്തിനു പുറത്തുള്ള ഏതെങ്കിലും രാജ്യത്തു കൂട്ടിമുട്ടുമ്പോളാണ്. ജന്മഭൂമിയിൽ നിന്നു് എത്രത്തോളം ദൂരെ അകന്നു പോകുന്നുവോ അത്രത്തോളം അവരുടെ ഐകൃബോധത്തിനു ദാർഢ്യവും കൂടുതലായി കാണപ്പെടുന്നു. മദിരാശിയിലോ, കൽക്കത്തയിലോ, അല്ലെങ്കിൽ സിലോണിലോ മലയായിലോ താമസിക്കുന്ന മലയാളികൾ തമ്മിൽ (അവർ തിരുവിതാംകൂറുകാരോ, കൊച്ചിക്കാരോ, മലബാറുകാരോ ആയിക്കൊള്ളട്ടേ) എന്തൊരു ഐകമത്യത്തോടുകൂടി

യാണു വർത്തിക്കുന്നതെന്നു് ഇന്നും വിശദമായി കാണാവുന്നതാണല്ലോ. പൊതുക്കാര്യങ്ങളിലെല്ലാം അവർ ഒരുകെട്ടായി നിന്നുകൊണ്ടു പ്രവർത്തിക്കുന്നു; കേരളത്തിന്നുള്ളിൽ പലപ്പോഴും കണ്ടുവരുന്ന സങ്കുചിതമനോഭാവങ്ങൾ അവരുടെ സംഘബലത്തെ ശിഥിലീകരിക്കുന്നില്ല. തങ്ങളെല്ലാം ഒന്നുപോലെ കൈരളീസന്താനങ്ങളാണെന്ന ഒരൊററ അഭിമാനം അവരെ തമ്മിൽ കൂട്ടിയിണക്കുന്നു. ചരിത്രഫലമായി, ഭരണകാര്യങ്ങളിൽ, കേരളം എങ്ങനെയെങ്കിലും വേർതിരിഞ്ഞു നിന്നുകൊള്ളട്ടേ, കേരളീയഭാഷാസംസ്കാരങ്ങൾ തങ്ങളുടെ പൊതുസ്വത്താണെന്നുള്ള ബോധം വിദേശനിവാസികളായ മലയാളികളിൽ പൂർണ്ണബലത്തോടുകൂടി പ്രകാശിക്കുന്നു. ഇതിന്നുള്ള ഒരു പ്രചോദനം, ദേശാന്തരങ്ങളിലേ മലയാളികളല്ലാത്ത വർഗ്ഗക്കാരുടെയിടയിൽ അടിയുറച്ചു കാണുന്ന സംഘബലത്തിൻെറയും ഐക്യബോധത്തിൻെറയും സമ്മർദ്ദം തന്നെ ആയിരിക്കാം; അവരുമായി വേണ്ടിവരുന്ന സംഘർഷണമോ സംഘട്ടനമോ സഹിക്കവയ്യാതാകുമ്പോൾ, കേവലം ആത്മരക്ഷാർത്ഥം സ്വീകരിക്കേണ്ടിവരുന്ന സഹകരണ ന്യായമായിരിക്കാം അതിൻെറ ആസ്പദം. "തട്ടു കിട്ടുമ്പോൾ തടവു പഠിക്കാതെ നിവൃത്തിയില്ലെ"ന്നുള്ള പ്രകൃതിനിയമമായിരിക്കാം അതിൻെറ നിദാനം. അതു് എങ്ങനെയെങ്കിലുമാകട്ടേ; ഒരു മുഖ്യസംഗതി അതിൽനിന്നു നിസ്സന്ദേഹം തെളിയുന്നില്ലേ എന്നു നോക്കുക. മറുനാട്ടുകാർ മലയാളികളെ മുഴുവൻ (കൊച്ചി, തിരുവിതാംകൂർ, മലബാർ ഭേദമെന്നിയേ) ഒരൊററവർഗ്ഗമായിട്ടാണു കണക്കാക്കുന്നതു്; അനുകൂലമോ പ്രതികൂലമോ ആയ ഭാവം അവരോടെല്ലാം ഒരുപോലെയാണു പ്രദർശിപ്പിക്കുന്നതും.

ഇങ്ങനെയിരിക്കേ, കേരളീയസമുദായം ഛിന്നഭിന്ന

മായിപ്പോകാതിരിക്കണമെങ്കിൽ, കേരളീയസംസ്കാരം ക്രമേണ അസ്തംഗതമാകാതിരിക്കണമെങ്കിൽ, ഇന്ന് അത്യന്താപേക്ഷിതമായിട്ടുള്ളത്, കേരളീയരെല്ലാം, രാഷ്ട്രീയമായ ദേശവിഭജനത്തെ വകവെക്കാതെ, ഒത്തൊരുമിച്ചു ചേർന്ന്തങ്ങളുടെ പാരമ്പര്യസ്വത്തായ പൊതുസംസ്കാരത്തെ പരിപാലിക്കുവാനും, തദ്വാരാ, സംഘബലം വളർത്തുവാനും ഹൃദയപൂർവം യത്നിക്കുകയാകുന്നു.

പ്രസ്തുതസംസ്കാരം നിക്ഷേപിച്ചുവെച്ചിരിക്കുന്നതു മലയാളഭാഷയിലാണ്. രാഷ്ട്രീയപരിണാമത്തിനും ഭാഷയ്ക്കും തമ്മിലുള്ള ബന്ധം ദിനംപ്രതി മുറുകിവരുന്നതായിട്ടാണല്ലോ കാണുന്നത്. ഇന്ത്യയുടെ ഭരണപരമായ ഭാവി എന്തുതന്നെയായാലും വേണ്ടതില്ല, ഭാഷാസംസ്കാരങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള ദേശജനവിഭാഗങ്ങൾക്ക് അതിൽ ഗണ്യമായ സ്ഥാനമുണ്ടായിരിക്കുമെന്നു പ്രതീക്ഷിക്കുവാനാണ് ഇപ്പോൾ ന്യായംകാണുന്നതു്. ഇതു ദക്ഷിണേന്ത്യയുടെ കാര്യത്തിൽ വിശേഷിച്ചു പ്രത്യക്ഷമാകുന്നുണ്ടു്. തമിഴ്, തെലുങ്ക്, കന്നാടകം എന്നീ മൂന്നു ദ്രാവിഡഭാഷകളെ അടിസ്ഥാനമാക്കി മൂന്നു പ്രവിശ്യകൾ അചിരേണ ഇവിടെ ആവിർഭവിക്കാതിരിക്കയില്ല. രാഷ്ട്രീയമായും സാംസ്കാരികമായും ഇങ്ങനെ ഒരു വേർതിരിവു ക്രമേണ അനിവാര്യമായിവരും. അപ്പോൾ മലയാളത്തിൻെറ കഥ എന്തായിരിക്കുമെന്നു കുറഞ്ഞൊന്നാലോചിക്കുക! മറെറാരോ വർഗ്ഗക്കാരും അവരവരുടെ സ്ഥാനം ഉറപ്പിച്ചുകഴിയുമ്പോൾ, മലയാളികൾമാത്രം ഒരുവക ത്രിശങ്കുസ്വർഗ്ഗത്തിൽ ഇരിക്കുന്നതായാൽ അതു വലിയ കഷ്ടമാകുന്നതല്ലേ? അതിനാൽ ഭാവിയെക്കുറിച്ചു സ്വല്പമൊന്നു ചിന്തിച്ചു്, ആത്മാഭിമാനമുള്ള കേരളീയരെല്ലാം ഒത്തൊരുമിച്ചു്, പരസ്പരവ്യത്യാസങ്ങളേയും മാത്സര്യങ്ങളേയും

നീക്കിവെച്ച്, ഒരൊററ ജനവിഭാഗമെന്നനിലയിൽ, തങ്ങളുടെ പൊതുസംസ്കാരത്തെ അവലംബിച്ച് അഭിവൃദ്ധിനേടുവാൻ ഉത്സാഹിക്കേണ്ടതാകുന്നു എന്നുള്ള ഉദ്ബോധനം ഇന്നു് എത്രതന്നെ ആവത്തിച്ചാലും അധികമാകുന്നതല്ല.

ഭാഷാസംസ്കാരപരങ്ങളായ വ്യവസായങ്ങളിൽ കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നീ ദേശഭേദങ്ങളെ തീരേ അവഗണിച്ചു പ്രവത്തിക്കുവാനുള്ള മനോവികാസമാണു കേരളീയക്കു് ആദ്യമായി അവശ്യം ഉണ്ടായിരിക്കേണ്ടതു്. നമ്മുടെ ഭാഷയേയും സംസ്കാരത്തേയും പോഷിപ്പിക്കുവാൻ നമ്മളല്ലാതെ മറ്റൊരു ദേശക്കാരും ഉള്ളഴിഞ്ഞു ശ്രമിക്കുകയില്ലെന്നു നല്ലവണ്ണം ബോധം വരേണ്ടതാകുന്നു.

ഭാഷ, സാഹിത്യം, ശാസ്ത്രം, കലകൾ മുതലായ സംസ്കാരമുഖങ്ങളിലെല്ലാം, കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നീ സംസ്ഥാനങ്ങൾക്കു പൊതുവായ താല്പര്യങ്ങളാണുള്ളതെന്ന ദൃഢബോധത്തോടുകൂടിവേണം അവിടങ്ങളിലെ ഓരോ സ്ഥാപനവും നടത്തപ്പെടുവാനെന്നു ചുരുക്കത്തിൽ പറഞ്ഞുകൊള്ളട്ടെ. കേരളീയരുടെ ഐക്യബോധത്തിലാണു കേരളത്തിൻെറ അഭ്യുദയമൂലം സ്ഥിതിചെയ്യുന്നതു്. ഗ്രന്ഥങ്ങളുടേയും ഗ്രന്ഥകാരന്മാരുടേയും കാര്യത്തിൽ വിശേഷിച്ചും അനുവത്തിക്കേണ്ട നയമാണു് കേരളത്തെ ഒട്ടാകെ ഒരൊററ പ്രവിശ്യയായി കണക്കാക്കുക എന്നതു്. ഇങ്ങനെ ചെയ്യാത്തപക്ഷം ഭാഷാസംസ്കാരാഭിവൃദ്ധിക്കു വലിയ ഭംഗം നേരിടുന്നതാകുന്നു. മലയാളികളെന്നും മറുനാട്ടുകാരെന്നുമുള്ള രണ്ടു വിഭാഗത്തിൽ കവിഞ്ഞു, മലയാളികളിൽത്തന്നെ കൊച്ചിക്കാർ, തിരുവിതാംകൂറുകാർ, മലബാറുകാർ എന്നിങ്ങനെ വേർതിരിച്ചു

പങ്കുവെയ്ക്കുന്നതു കേരളസംസ്കാരത്തെസ്സംബന്ധിച്ചേട ത്തോളം ഒരുതരം ആത്മഹത്യയായിരിക്കുമെന്നു നിശ്ശങ്കം പ്രഖ്യാപനംചെയ്യാവുന്നതാണ്! 'തിരുവിതാംകൂർ തിരുവിതാംകൂറുകാർക്ക്, കൊച്ചി കൊച്ചിക്കാർക്ക്, മലബാർ മലബാറുകാർക്ക്" എന്നിങ്ങനെയുള്ള പോർവിളി കൈരളിയുടെ മരണമണിനാദമായിട്ടാണു ചിന്താശീലന്മാരും നിഷ്പക്ഷബുദ്ധികളുമായ കേരളീയരെല്ലാം കണക്കാക്കുന്നതു്. ഗ്രന്ഥകാരനോ പ്രസാധകനോ കേരളത്തിൽ എവിടത്തുകാരനാണു്, കൊച്ചിയോ, തിരുവിതാംകൂറോ, മലബാറോ ഏതാണു് ആയാളുടെരാജ്യം, എന്നും മററുംമാത്രം നോക്കി, ഗ്രന്ഥത്തിൻെറ ഗുണദോഷാംശങ്ങളെ തീരെ അവഗണിച്ചുകൊണ്ടു്, അധികൃതന്മാർ മലയാളപ്രസിദ്ധീകരണങ്ങളെ തള്ളുകയും കൊള്ളുകയും ചെയ്തുതുടങ്ങിയാൽ അതു് നമ്മുടെ മാതൃഭാഷയെ ഞെക്കിഞെരുക്കിക്കൊല്ലുന്നതിനു തുല്യമായിരിക്കുമെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

ഒരു കിണററിൽ വെള്ളംകാണുന്നതിനു പതിനെട്ടു കോൽ താഴ്ത്തണമെന്നിരിക്കട്ടെ; അതിനു പകരം ആറാറു കോൽവീതം മൂന്നു ഭിന്നപ്രദേശങ്ങളിലായി കുഴിച്ചാൽമതിയാകുമോ? പ്രയത്നം ധാരാളമുണ്ടായിരിക്കും; ഫലത്തിൽ മാത്രം ശൂന്യം എന്നു വരുന്നതു് ഏററവും പരിതാപകരമല്ലേ? ഇതാണു് ഇന്നു ഭാഷാസംബന്ധമായി, അഥവാ സംസ്കാരപരമായി, കേരളത്തിൽ സംഭവിച്ചുകാണുന്നതു്. ഇതിനുള്ള പരിഹാരം ബുദ്ധിശൂന്യതയിൽ അടിയുറപ്പിച്ചുനില്ക്കുന്ന പരസ്പരമാത്സര്യത്തെ കേരളത്തിലെ രാഷ്ട്രീയവിഭാഗക്കാരുടെ മനസ്സിൽനിന്നു് ഉന്മൂലനംചെയ്യുക എന്നുള്ളതാണു്. ആത്മബോധം ശരിയായി വന്നാൽ ഉല്ക്കർഷത്തിനു വേണ്ടതെല്ലാം അതിൻെറ പിറകേ താനേ വന്നുകൊള്ളും. കേരളീയരുടെയിടയിൽ ഇന്നു കാണുന്ന ഭേദ

ബുദ്ധി ഏകദേശം ഒരുതലമുറ മുമ്പുവരെ ഉണ്ടായിരുന്നി ല്ലെന്നു തോന്നുന്നു. അടുത്ത ഏതാനും വർഷങ്ങൾക്കുള്ളി ലാണ് അതു കൊട്ടമ്പിരികൊണ്ടുതുടങ്ങിയതു്. അതിനു മു മ്പുള്ള കാലങ്ങളിലെല്ലാം മലയാളത്തിലെ സാഹിത്യകാ രന്മാരും വിദ്വാന്മാരും ഗോകർണ്ണംമുതൽ കന്യാകുമാരിവരെ എവിടെയും ഒരുപോലെയാണു മാനിക്കപ്പെട്ടുവന്നിരുന്ന തു്. കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നീ മൂന്നു മുറി കളോടുകൂടിയ ഏകമാതൃഗൃഹമായിരുന്നു അവക്കെല്ലാം ഈ കേരളം. എന്നാൽ മരുമക്കത്തായത്തറവാടുപോലെ ആ കേരളഗൃഹം അന്തഃഛിദ്രംമൂലം നാശോന്മുഖമായിത്തീന്നി രിക്കുന്നു. കാലം അതിക്രമിക്കുന്നതിനുമുമ്പു് അതിനെ വേ ണ്ടവിധം താങ്ങിനിത്തുന്നതിനും, പൂവ്വസ്വത്തു നിശ്ശേഷം നശിച്ചുപോകാതെ നോക്കുന്നതിനുംവേണ്ടി കേരളീയരെ ല്ലാം കൈകോത്തുപിടിച്ചുകൊണ്ടു് ഉറച്ചുശ്രമിക്കുക എന്ന താണു് ഇന്നത്തെ മുഖ്യകത്തവ്യം. ഇടുങ്ങിയ ഭരണഭിത്തി കൾക്കുള്ളിലിട്ടു നമ്മുടെ പൊതുസംസ്കാരത്തെ ഞെരു ക്കിക്കളയുന്നതു് അവിവേകത്തിന്റെ പാരമ്യമായിരിക്കും. ഭരണയന്ത്രതന്ത്രങ്ങൾ മാറിയുംമറിഞ്ഞും കളിച്ചുകൊള്ളു ട്ടെ, ഭരണാധികാരികൾ വന്നുംപോയുമിരിക്കട്ടെ, സം സ്കാരം കേരളത്തിനൊട്ടാകെ ഒന്നുമാത്രമാണുള്ളതെന്നും, അതു കേരളീയരുടെ ഐക്യബോധത്തിൽ ഉയരുകയും, ഭേദബുദ്ധിയിൽ താഴുകയും ചെയ്യുമെന്നും നാം സദാ ഓമ്മി ക്കേണ്ടതാകുന്നു.

## II

ഏതെങ്കിലുമൊരു പ്രദേശത്തിൽ സ്വാതന്ത്ര്യവും ലോ കോല്ലാസകരവുമായ ഒരുസംസ്കാരവിശേഷമുണ്ടെങ്കിൽ, അതിനെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതി

നമായി ഒരു സർവ്വകലാശാല നടത്തിക്കൊണ്ടുപോകുന്നത് ആശാസ്യമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. യഥാർത്ഥത്തിൽ ഓരോ സർവ്വകലാശാലയും ഓരോ സംസ്കാര കേന്ദ്രമായി പ്രശോഭിക്കേണ്ടതാകുന്നു. ഈ ആദർശംവച്ചു നോക്കുമ്പോൾ കേരളത്തിനു പ്രത്യേകമായ ഒരു സർവ്വകലാശാല വേണമോ വേണ്ടയോ എന്ന വിഷയത്തെക്കുറിച്ചു രണ്ടഭിപ്രായത്തിനു വഴിയുണ്ടെന്നു തോന്നുന്നില്ല. കേരളത്തെ ഇതര ഭൂവിഭാഗങ്ങളിൽനിന്നും വ്യാവർത്തിപ്പിക്കുന്ന പ്രശസ്തമായ ഒരു സംസ്കാരവിശേഷമുണ്ടെന്നുള്ളതു് ഇപ്പോൾ ലോകം സമ്മതിച്ചുകഴിഞ്ഞിട്ടുണ്ട്. അതിന്റെ സ്വരൂപജ്ഞാനമില്ലാത്തവരാരെങ്കിലും നമ്മുടെ ഇടയിൽ ഇന്നുണ്ടെന്നു വരുന്നതായാൽ, കേരളസർവ്വകലാശാലയുടെ ആവിർഭാവത്തെ സാധൂകരിക്കുന്നതിനു് അവരുടെ സത്ഭാവംതന്നെയല്ലയോ ഏററവും ശക്തികൂടിയ യുക്തി?

ഒരു സർവ്വകലാശാലയുടെ പ്രശസ്തി അതിലെ വിദ്യാർത്ഥികളുടെ സംഖ്യയേയോ, അതു സ്ഥിതിചെയ്യുന്ന രാജ്യത്തിന്റെ വൈപുല്യത്തേയോ, അതിലെ കെട്ടിടങ്ങൾക്കുവേണ്ടി ചെലവാക്കീട്ടുള്ള പണത്തേയോ ആശ്രയിച്ചല്ലാ ഇരിക്കുക എന്ന തത്വം നാം ഒന്നാമതായി ഗ്രഹിക്കേണ്ടതാകുന്നു. ഇക്കഴിഞ്ഞ മുപ്പതുകൊല്ലത്തിനിടയ്ക്കു് ഇന്ത്യയിൽ ആവിർഭവിച്ചിട്ടുള്ള സർവ്വകലാശാലകളിൽ പലതും ഈ തത്വത്തെ വിസ്മരിച്ചുപോയിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സ്വാധീനത്തിൽ വരുന്ന ധനത്തിന്റെ ഭൂരിഭാഗവും ഗംഭീരങ്ങളായ കെട്ടിടങ്ങൾ പണിയിക്കുന്നതിനായി ചെലവാക്കിയതിനുശേഷം, സർവ്വകലാശാലയുടെ ജീവനായ പ്രവർത്തനാംശത്തിലേയ്ക്കു വരുമ്പോൾ "പണം പോരാ", "കോശസ്ഥിതി അനുവദിക്കുന്നില്ല" എന്നുംമററും ചില ലജ്ജാവഹങ്ങളായ അപശ

ബ്ദങ്ങൾ മുഴക്കിക്കൊണ്ടു നിത്യവൃത്തി 'കഷ്ടിപിഷ്ടി' കഴിച്ചുകൂട്ടുകയാണ് ഇന്നു പല സർവ്വകലാശാലകളും ചെയ്യുന്നതു്. ശീതാതപാദികളുടേയും തസ്കരന്മാരുടേയും ആക്രമണങ്ങളിൽനിന്നു മനുഷ്യരെയും സാമിഗ്രികളെയും രക്ഷിക്കുവാൻ തക്ക കെട്ടിടങ്ങൾ ആവശ്യമില്ലെന്ന് ആരും പറയുന്നില്ല. കെട്ടിടം പണിയുക എന്നതു് ഒരു ശില്പകലയാണെന്നും, കെട്ടിടങ്ങൾ ഹൃദയാകർഷകങ്ങളായിരിക്കേണമെന്നും സമ്മതിക്കാം; പക്ഷേ, മനോഹാരിത്വം എന്നതു കേവലം വ്യയംചെയ്യുന്ന സംഖ്യയെമാത്രം അനുസരിച്ചല്ലാ കാണുക എന്നുകൂടി മറക്കാതിരുന്നാൽ കൊള്ളാം. കെട്ടിടം സർവ്വകലാശാലയുടെ ദേഹമാണു്; ദേഹി വേറെയൊന്നുണ്ടു്. ഇതാണു് ആദ്യമായി ഓർക്കേണ്ട സംഗതി.

വാസ്തവത്തിൽ ഒരു സർവ്വകലാശാലയുടെ വിജയവും പരാജയവുമിരിക്കുന്നതു് അതിലെ ഗുരുനാഥന്മാരുടെ പ്രതിഭാവിലാസത്തെയും കർമ്മകുശലതയെയും ആശ്രയിച്ചാകുന്നു എന്നു നിസ്സംശയം പറയാം. ആദ്യകാലങ്ങളിലെല്ലാം, പാശ്ചാത്യരാജ്യങ്ങളിലും പൗരസ്ത്യരാജ്യങ്ങളിലും ഒരുപോലെ, സർവ്വകലാശാലകൾ 'ഗുരുകുല'ങ്ങൾതന്നെയായിരുന്നു. പ്രത്യേകവിഷയങ്ങളിൽ പ്രഖ്യാതമായ പാണ്ഡിത്യമുണ്ടായിരുന്ന ഏതാനും പ്രൊഫസ്സറന്മാർ ഓരോകേന്ദ്രങ്ങളിൽ വാസമുറപ്പിച്ചു ശിഷ്യഗണങ്ങളെ ആകർഷിച്ചു് അധ്യയനവും അധ്യാപനവും തുടന്നതോടുകൂടി സർവ്വകലാശാലകളുടെ ജനനവുമായി. കുറച്ചൊന്നാലോചിച്ചുനോക്കിയാൽ, അനന്തരകാലങ്ങളിലും, ഇക്കാലത്തുതന്നെയും, ഒരു സർവ്വകലാശാലയുടെ (എന്നുവേണ്ട, അതിന്റെ അംഗമായ ഒരു കോളേജിന്റെപോലും) പ്രശസ്തിക്കു കാരണമാകുന്നതു് അതിലെ പ്രൊഫസ്സർമാരാണെന്നു സ്പഷ്ടമാകുന്നു. ഇന്നത്തെ ഏതു കലാശാലയെക്കു

റിച്ചു വ്യവഹരിക്കുമ്പോഴും ആളുകൾതമ്മിൽ ആദ്യവസാനം ആലോചിക്കുന്നതെന്താണ്? "ആ വിഷയം പഠിപ്പിക്കുവാൻ അവിടെ ആ പ്രൊഫസ്സർ ഉണ്ടല്ലോ; ശരി, നമ്മുടെ കുട്ടികളെ അവിടെയ്ക്കയക്കാം"—എന്നല്ലേ? എഡിൻബറോ സർവ്വകലാശാലയിൽ ജഗൽപ്രസിദ്ധനായ പ്രൊഫസ്സർ സെയിൻറ്സ്ബറി ഉണ്ടായിരുന്നേടത്തോളം അവിടത്തെ ഇംഗ്ലീഷുസാഹിത്യശാഖയ്ക്കു് എന്തൊരു പ്രഖ്യാതിയായിരുന്നു! അതുപോലെ മററു കലാശാലകളിലും പ്രൊഫസ്സർമാരുടെ വ്യക്തിവൈശിഷ്ട്യത്തെ അനുസരിച്ചിരിക്കും അവരുടെ പ്രത്യേകവിഷയങ്ങൾക്കു സർവ്വകലാശാലയിൽ സിദ്ധിക്കുന്ന സ്ഥാനവും. അവർക്കു വേണ്ടുന്ന സൗകര്യങ്ങൾക്കും സാമഗ്രികൾക്കുമായി ചെലവാക്കുന്ന പണം എത്രയായാലും അതു ദുർവ്യയം എന്ന ഇനത്തിൽ പെടുന്നതല്ല. ലോകസുഖാനുഭോഗങ്ങൾക്കായുള്ള സൗകര്യസാമഗ്രികളെയല്ലാ വിവക്ഷിക്കുന്നതു്; ജ്ഞാനം വർദ്ധിപ്പിക്കുന്നതിനു് ("അധീതിബോധാചരണപ്രചാരണങ്ങൾക്കു്") അത്യാവശ്യമായിട്ടുള്ളവയെയാണു്; അവ സുലഭമായിരിക്കയും വേണം. താൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന വിഷയമേതോ അതിൽ ലോകത്തിനു് അറിവു വർദ്ധിപ്പിക്കുക എന്നതായിരിക്കണം പ്രൊഫസ്സറുടെ ജീവിതാദർശം. അതിലേയ്ക്കായി മാത്രം സമർപ്പിക്കപ്പെട്ടിട്ടുള്ളതായിരിക്കണം അദ്ദേഹത്തിൻെറ ജീവിതം. അതിനുള്ള കഴിവും അദ്ദേഹത്തിനുണ്ടായിരിക്കണം. ഇങ്ങനെയുള്ള വിദഗ്ദ്ധന്മാരെ, എത്ര ധനം വ്യയം ചെയ്തിട്ടായാലും വേണ്ടതില്ല, ആവുന്നേടത്തോളം ആകർഷിച്ചു കേന്ദ്രീകരിക്കുകയാണു് ഒരു സർവ്വകലാശാലയുടെ ആദ്യത്തെയും അവസാനത്തെയും കർത്തവ്യം.

മരം, കല്ല്, മണ്ണ്, കുമ്മായം, ഇരുമ്പു മുതലായ അചേതനപദാൎത്ഥങ്ങളിൽ അത്യാവശ്യമില്ലാത്ത ചെലവുകൾ ചുരുക്കുക, കലാശാലയുടെ ജീവാംശമായ അധ്യയനാധ്യാപനങ്ങളിൽ ലോഭം കാണിക്കാതെ ധനം വ്യയം ചെയ്യുക. എന്നിവയ്ക്കു പുറമേ, മൂന്നാമതായി, അതിപ്രധാനമായ ഒരു സംഗതിയിൽക്കൂടി പ്രത്യേകം ശ്രദ്ധപതിക്കേണ്ടതായിട്ടുണ്ട്. അതു്, സമീപത്തിലുള്ള ഇതരകലാശാലകളിലെ പഠനവിഷയങ്ങളെയും പദ്ധതികളെയും അങ്ങനെതന്നെ അന്ധമായി അനുകരിച്ചാവൎത്തിച്ച് അപവ്യയം ചെയ്യാതിരിക്കുക എന്നുള്ള തത്വമാണു്. ഒരേ കാൎയ്യംതന്നെ ഇരട്ടിപ്പായി അടുത്തടുത്തുള്ള സ്ഥാപനങ്ങൾ നിൎവ്വഹിക്കുവാൻ ശ്രമിക്കുന്നതുകൊണ്ടു് അവയ്ക്കു് ആന്തരമായ ശക്തിക്ഷയവും അനാവശ്യമായ ധനവ്യയവും വന്നുകൂടുന്നതായിക്കാണാം. നാം പ്രായേണ മാമൂൽപ്രിയന്മാരാണു്, എളുപ്പംകൂടിയവഴിയേ പോകുന്നതിനു വാസനയുള്ളവരാണു്, സാങ്കേതികസമ്പ്രദായങ്ങളിൽനിന്നു വ്യതിചലിക്കുവാൻ ഭയപ്പെടുന്നവരാണു്, മനോധൎമ്മവും ചിന്താശക്തിയും പ്രയോഗിച്ചു നൂതനപദ്ധതികളെ വെട്ടിത്തുറക്കുന്ന കാൎയ്യത്തിൽ ഉദാസീനരാണു്, അതുകൊണ്ടു് അടുത്തുകാണുന്നതിനെ പകൎത്തിമാത്രം അലംഭാവം തേടുന്നവരുമാണു്. സൎവ്വകലാശാലയുടെ വിഷയത്തിൽ അതു് ഒട്ടും പോരാത്തതാണെന്നു് എടുത്തു പറയേണ്ടിയിരിക്കുന്നു. കേരളത്തിനുള്ള പ്രത്യേകത ഏതേതംശങ്ങളിലാണു കാണുന്നതെന്നു നാം ആദ്യംതന്നെ നിഷ്കർഷിച്ചു ചൎച്ചചെയ്യണം. അവയെ ലോകോല്ക്കർഷാൎത്ഥം എത്രത്തോളം, എങ്ങനെയെല്ലാം പുഷ്ടിപ്പെടുത്തേണമെന്നു പിന്നെ ചിന്തിച്ചുറപ്പിക്കണം. ഒരു ഉദാഹരണം പറയാം. കേരളത്തിലെ

ചികിത്സാസമ്പ്രദായത്തിനു ചില പ്രത്യേകതകളെല്ലാമു ണ്ടെന്ന് ഇപ്പോൾ പരക്കെ ബോധമുള്ളതാണല്ലോ. അതിനാൽ കേരളസർവ്വകലാശാലയിൽ നമ്മുടെ സ്വന്തമായുള്ള വൈദ്യവിദ്യയ്ക്കു് ഗണ്യമായ ഒരു സ്ഥാനം നല്കേണ്ടതാണെന്നു സ്പഷ്ടമാകുന്നു. കാലാനുസൃതമായ ഗവേഷണപരിഷ്കാരങ്ങളാൽ അതിനെ അഭിവൃദ്ധിപ്പെടുത്തുവാൻവേണ്ട ഏർപ്പാടുകളെല്ലാം ചെയ്യേണ്ടതാകുന്നു. അതുപോലെതന്നേ, കേരളത്തിൻ പ്രത്യേകതകളോടുകൂടിയ പല കലാവിദ്യകളുമുണ്ടു്. അവയിലൊന്നുമാത്രമാണു 'കഥകളി'. അതിലെ ചില അംശങ്ങൾക്കുപോലും ഇന്നു് എത്ര ജഗൽപ്രശസ്തിയും പ്രചാരവും സിദ്ധിച്ചിരിക്കുന്നു എന്നു നോക്കു! മഹാകവി വള്ളത്തോളിൻെറ 'കലാമണ്ഡലം'വഴിക്കു കേരളത്തിലെ ഒരു കലയുടെ ഏതാനും ചില അംശങ്ങൾക്കു് ഇത്ര പ്രശസ്തിയും പ്രചാരവും സിദ്ധിക്കാമെങ്കിൽ, ഒരു സമസ്തകേരളസർവ്വകലാശാലാമാർഗ്ഗമായി നമ്മുടെ വിവിധങ്ങളും വിചിത്രങ്ങളുമായ മനോജ്ഞകലകൾക്കെല്ലാം എത്ര ശോഭനമായ ഒരു ഭാവിയാണു് ഉണ്ടാകാവുന്നതെന്നൂഹിക്കാമല്ലോ. കേരളത്തിലെ (കളരിപ്പയററു മുതലായ) കായികാഭ്യാസരീതികൾക്കും വിനോദസമ്പ്രദായങ്ങൾക്കും മററുമെല്ലാം, അതുപോലെതന്നെ, ചില പ്രത്യേകതകളുണ്ടു്. അവയേയും സംരക്ഷിച്ചു പുഷ്ടിപ്പെടുത്തുന്നതിൽ ഒരു കേരളകലാശാല ജാഗരൂകമായിരിക്കേണ്ടതാണു്.

സർവ്വോപരി, മലയാളഭാഷാസാഹിത്യസംസ്കാരങ്ങളെ പോഷിപ്പിക്കുക എന്നതു കേരളകലാശാലയുടെ ഒരു മുഖ്യോദ്ദേശ്യമായിരിക്കണം. അതിനു സഹായമാകത്തക്കവിധത്തിൽ മററു രാജ്യങ്ങളിലെ ഭാഷാസാഹിത്യ

സംസ്കാരങ്ങളിൽ പരിചയം വളർത്തുന്നതും അത്യാവശ്യം തന്നെയാണ്. എന്നാൽ ദേശാന്തരങ്ങളിലെ ഭാഷാസാഹിത്യസംസ്കാരങ്ങൾ കേരളത്തിലെ ഭാഷാസാഹിത്യസംസ്കാരങ്ങളുടെ മേൽ 'കുതിരകയറാതെ' നോക്കുന്നതും നമ്മുടെ ഒരു പ്രധാന ബാദ്ധ്യതതന്നെയാണെന്നു ചുരുക്കിപ്പറഞ്ഞുകൊള്ളട്ടെ.

# വെണ്മണിപ്രസ്ഥാനം

കവികളെ സംബന്ധിച്ചിടത്തോളം, അവരുടെ കൃതികളിൽ കവിഞ്ഞു യാതൊരു സ്മാരകവും ആവശ്യമില്ലെങ്കിലും, അവയാൽ ഏതാനുംപ്രകാരത്തിൽ മെച്ചം നേടീട്ടുള്ള ജനവിഭാഗം അവരെ കൃതജ്ഞതാപൂർവ്വം അനുസ്മരിച്ചാരാധിക്കുന്നതു കേവലം സ്വാഭാവികമാകുന്നു. ഈ ആരാധന പരിഷ്കൃതരാജ്യങ്ങളിൽ പല രൂപങ്ങളും കൈക്കൊള്ളാറുള്ള കൂട്ടത്തിൽ സാധാരണമായി കാണുന്നവയത്രേ വാർഷികോത്സവങ്ങളും ശതാബ്ദാഘോഷങ്ങളും. വെണ്മണി അച്ഛൻനമ്പൂതിരിപ്പാട്ടിലെ ജനനാനന്തരം നൂറു സംവത്സരംതികഞ്ഞ ആ വിശിഷ്ടദിനം (1092 മകരം 22—ാംനു) ആരുമറിയാതെ അങ്ങനെ കഴിഞ്ഞുപോയെങ്കിലും, മഹൻനമ്പൂതിരിപ്പാട്ടിലെ ജനനത്തിനുശേഷം ഒന്നാമത്തെ ശതവർഷം പൂർണ്ണമാകുന്ന ഈ സ്മരണീയ സന്ദർഭം (1119 മേടം 9—ാംനു) കേരളീയരെ ഒട്ടാകെ ഒന്നു തട്ടിയുണർത്തീട്ടുള്ളതും, പൂജ്യപൂജാവ്യതിക്രമം എന്ന അപരാധത്തിൽനിന്നു് ഇത്തവണ അവക്കു രക്ഷപെടുവാൻ കഴിഞ്ഞിട്ടുള്ളതും സ്വല്പം ആശ്വാസജനകമാകുന്നു. വെണ്മണിനമ്പൂതിരിപ്പാടന്മാരുടെ ജന്മസ്ഥലമായ വെള്ളാരപ്പിള്ളിയിൽവെച്ചു് ഈ മഹാമഹം കൊണ്ടാടുവാൻ നിശ്ചയിച്ചതിലുള്ള ഔചിത്യം പ്രസ്പഷ്ടമാണല്ലോ. ഇതിൻെറ ഉദ്ഘാടനം നിർവ്വഹിക്കുക എന്ന അഭിമാനകരമായ കൃത്യം എന്നിൽ അർപ്പിച്ചതിനു ഹൃദയം വഴിഞ്ഞൊഴുകുന്ന നന്ദിയോടുകൂടി ഞാൻ ഈ മാന്യസദസ്സിനെ അഭിവാദ്യം ചെയ്തുകൊള്ളുന്നു.

മലയാളകവിതാചരിത്രത്തിലെ നൂതനദശാരംഭമെന്നു കരുതാവുന്ന ആ കാലഘട്ടത്തിൽ അതിപ്രധാനമായ ഒരു നേതൃസ്ഥാനമായിരുന്നു വെണ്മണി (കദംബൻ എന്ന) മഹൻനമ്പൂതിരിപ്പാട്ട വഹിച്ചിരുന്നതു്. സാമാന്യജനങ്ങളുടെ ഇടയിൽ അദ്ദേഹത്തിൻെറ ശ്ലോകങ്ങൾക്കു സിദ്ധിച്ച പ്രചാരം അഭൂതപൂർവ്വമായിരുന്നു എന്നുതന്നെ പറയാം; അതിലൊട്ടത്ഭുതമില്ലതാനും. എന്തെന്നാൽ, അക്കാലത്തെ സാധാരണജനങ്ങളെ ആകർഷിക്കത്തക്ക അംശങ്ങളായിരുന്നു അദ്ദേഹത്തിൻെറ കൃതികളെ സജീവങ്ങളാക്കിയിരുന്നതു്. പുരാണങ്ങളും രാമായണഭാരതാദികഥകളും ഇതരമാർഗ്ഗങ്ങളിലൂടെ ധാരാളം കേട്ടു പരിചയിച്ചിരുന്ന കേരളീയജനങ്ങൾക്കു് തങ്ങളുടെ ചുററുപാട്ടകളിൽ വെളിച്ചംതട്ടിച്ച 'അംബോപദേശം' 'പൂരപ്രബന്ധം' മുതലായ കൃതികൾ ഒരു പുതിയ പ്രകാരത്തിൽ ഹൃദയാവർജ്ജകങ്ങളായിത്തന്നെ തോന്നിയിരിക്കണം. ശ്രോതാക്കളുടെ ദൃഷ്ടികളേ തൽക്കാലപരിതഃസ്ഥിതികളിലേക്കു തുറക്കുക എന്ന കൃത്യം കുഞ്ചൻനമ്പ്യാരുടെ തുള്ളലുകളും ചാക്യാർകൂത്തിലെ വിശദീകരണങ്ങളും നിർവ്വഹിച്ചുവന്നിരുന്നുവെങ്കിലും, അവസ്സും ആലംബമായി പ്രായേണ പഴയ സാഹിത്യംതന്നെ സ്വീകരിക്കേണ്ടിവന്നിരുന്നു. വെണ്മണിനമ്പൂതിരിപ്പാടാകട്ടേ, സമകാലീനമായ യഥാർത്ഥജീവിതംമതി കവിതയ്ക്കുവേണ്ട വിഷയമാകുവാൻ എന്ന മതക്കാരനായിരുന്നു. നിത്യജീവിതാനുഭവങ്ങളെ 'പച്ച'യായി പ്രതിപാദിച്ചാലും കവിതയാകാം എന്ന അഭിപ്രായമാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്. ഈ സംഗതിയിൽ അദ്ദേഹം ആംഗ്ലേയകവിവര്യനായ വേർഡ്സ്‌വത്തിനെ അനുസ്മരിപ്പിക്കുന്നു. സാധാരണമായതിനെ അസാധാരണമായി പ്രകാശിപ്പിക്കുന്നതു കവിതാധർമ്മമായി

വേർഡ്സ്വത്ത് കരുതി; വെണ്മണിയും അനുയായികളും കവിതയിലെ പ്രതിപാദ്യമായി കേവലം സാധാരണമായ അനുഭവപരമ്പരയ്ക്കു പ്രാധാന്യം കല്പിച്ചു; എന്നു മാത്രമല്ല, പ്രതിപാദനരീതി, ഭാഷ എന്നിവയിലും വെണ്മണിയുടെ അഭിപ്രായങ്ങൾ വേർഡ്സ്വത്തിൻെറ സിദ്ധാന്തങ്ങളോടൊത്തിരുന്നതായി കാണുന്നു. കവിതയിലെ പ്രതിപാദനം ഏററവും ലളിതമായിരിക്കണം, സാമാന്യജനങ്ങൾക്കും സുഗ്രഹമായിരിക്കണം; ഭാഷയാണെങ്കിൽ സാധാരണന്മാർ നിത്യം ഉപയോഗിക്കുന്ന സംഭാഷണഭാഷയോട്ട് ഏററവും അടുത്തിരിക്കണം എന്നെല്ലാമായിരുന്നു ആ രണ്ടു കവികളുടേയും അഭിപ്രായം. എന്നാൽ അവർ തമ്മിലുള്ള ഒരു മുഖ്യവ്യത്യാസവും ഇവിടെ എടുത്തു കാണിക്കേണ്ടതായിട്ടുണ്ട്: വേർഡ്സ്വത്തിൻെറ ഏററവും മികച്ച കവിതാഭാഗങ്ങൾ അദ്ദേഹത്തിൻെറ സിദ്ധാന്തത്തെ ശിഥിലീകരിക്കുന്നവയും, വെണ്മണിയുടെ പ്രചുരപ്രചാരങ്ങളായ ശ്ലോകങ്ങൾ അദ്ദേഹത്തിൻെറ അഭിപ്രായത്തെ ദൃഢീകരിക്കുന്നവയുമാകുന്നു. എന്നിരുന്നാലും രണ്ടുപേരുടേയും ഉദ്ദേശം കവിതാരീതിയിലെ കൃത്രിമതയോടു മല്ലിടുക എന്നതുതന്നെയായിരുന്നു. പ്രതിപാദനസമ്പ്രദായത്തിലും ഭാഷയിലും കടന്നുകൂടിയിരുന്ന ആഹാര്യശോഭാഭ്രമത്തിൽനിന്നു കവിതയെ വീണ്ടെടുത്ത്, സർവ്വപ്രകാരേണയും സ്വാഭാവികതയിലേയ്ക്കുള്ള ഈ തിരിച്ചടി പരിണാമനിയമമനുസരിച്ചുള്ളതുതന്നെയായിരുന്നു. അതിരുകവിഞ്ഞ അതിശയോക്തി, കടിഞ്ഞാണയച്ചുവിട്ട ഭാവനാശക്തി, തലതിരിക്കുന്ന ഉല്ലേഖാസക്തി എന്നിവയ്ക്കു പകരം, ആശയവ്യക്തിക്കും സംഭാഷണോക്തിക്കും പ്രാധാന്യാധിക്യം കല്പിച്ചുകൊണ്ടുള്ളതായിരുന്നു വെണ്മണിപ്രസ്ഥാനത്തിലെ കവനസമ്പ്രദായം. ഇതു ലളിതകോ

മളവും സുഗ്രഹവുമായിരുന്നതിനാലും, രീതിയുടെ സാരള്യത്താൽ ഹൃദയത്തിലേയ്ക്കു നേരിട്ടു പാഞ്ഞുകേറുന്നതരത്തിലുള്ളതായിരുന്നതിനാലും പൊതുജനങ്ങളാൽ സസന്തോഷം മാനിക്കപ്പെട്ടുകയും ചെയ്തു. ഇങ്ങനെ വെണ്മണി ഒരു പൊതുജനസേവകനായി, പൊതുജനസേവ്യനുമായി.

ചരിത്രത്തിനു് എത്തിനോക്കുവാൻ കഴിഞ്ഞിട്ടുള്ള ഏററവും പ്രാചീനമായ ഒരു കാലംമുതല്ക്കുതന്നേ, മലയാളസാഹിത്യത്തിൽ രണ്ടു ഭിന്നഭാഷാസരണികൾ സ്പഷ്ടമായിക്കാണ്മാനുണ്ടു്: ഒന്നു്, സംസ്കൃതപ്രാഭവത്തിനു വിധേയമായിട്ടുള്ളതും, പാണ്ഡിത്യം കളിയാടുന്നതും, സൂരിപക്ഷത്തിൻെറ അഭിനന്ദനം തേടുന്നതുമായ മണിപ്രവാളം; മറേറതു്, ദ്രാവിഡാംശത്തിനു കൂടുതൽ പ്രാധാന്യം നല്കുന്നതും, ലാളിത്യം വിളയാടുന്നതും, ഭൂരിപക്ഷത്തിന്റെ ഹൃദയോല്ലാസത്തിനു ചേൎന്നതുമായ നല്ല മലയാളം. ഇതിൽ ആദ്യത്തേതു മിക്കവാറും സംസ്കൃതവൃത്തങ്ങളിലുള്ള ശ്ലോകങ്ങളിലും, രണ്ടാമത്തേതു ദ്രാവിഡവൃത്തങ്ങളിലുള്ള പാട്ടുകളിലുമാണു് നെടുനീളം പുലൎന്നുവന്നതു്. ഒടുവിൽ, തുഞ്ചത്തെഴുത്തച്ഛൻെറ കൃതികളിൽ മണിപ്രവാളം ദ്രാവിഡവൃത്തങ്ങളോടു് ഇണങ്ങിച്ചേൎന്നു; അതുപോലെ വെണ്മണിക്കൃതികളിൽ നല്ല മലയാളം സംസ്കൃതവൃത്തങ്ങളുമായി ഇണങ്ങിച്ചേൎന്നു. എഴുത്തച്ഛൻ ദ്രാവിഡവൃത്തപക്ഷപാതിയായിരുന്നെങ്കിലും മണിപ്രവാളവിരോധിയായിരുന്നില്ല. വെണ്മണി, സംസ്കൃതവൃത്തപക്ഷപാതിയായിരുന്നെങ്കിലും ശുദ്ധമലയാളത്തിൻെറ ഉത്തമസുഹൃത്തുമായിരുന്നു. സംസ്കൃതവൃത്തങ്ങളും മണിപ്രവാളഭാഷയും കൂടിച്ചേരുമ്പോഴാണു് സാധാരണജനങ്ങൾക്കു വിഷമമാകുന്നതെന്നും, ദ്രാവിഡവൃത്തങ്ങളിലുള്ള പാട്ടുകളിൽ യഥോചിതം ഉത്തമമണിപ്രവാളം പ്രയോഗിക്കുന്നതു് അവൎക്കു

നീരസജനകമാകയില്ലെന്നും, അതുപോലെതന്നെ, അഥവാ അതിനെക്കാളധികം, അവക്ക തനിമലയാളത്തിലുള്ള സംസ്കൃതവൃത്തകൃതികൾ രുചിക്കുന്നതാണെന്നും, മണിപ്രവാളപ്രസ്ഥാനചരിത്രത്തോടൊപ്പം എഴുത്തച്ഛൻപാട്ടുകളും വെണ്മണിക്കൃതികളും ചേൎന്നു തെളിയിക്കുന്നു. എന്നാൽ ഈ സന്ദൎഭത്തിൽ ഒരു സംഗതികൂടി പ്രത്യേകിച്ച് ഓൎക്കേണ്ടതായിട്ടുണ്ട്. വെണ്മണിക്കൃതികളിലെ ഭാഷാരീതിയുടെ 'നാടോടിത്തം'—അഥവാ കേവലസംഭാഷണസാദൃശ്യം—കണ്ടാൽ, യാതൊരു ശ്രമവുംകൂടാതെ, തോന്നിയതൊക്കെ തോന്നിയപടി അങ്ങനെതന്നെ വിളമ്പിവിട്ടതാണോ എന്നു തോന്നിപ്പോകും. പക്ഷേ, പരമാൎത്ഥം അങ്ങനെയല്ല; നല്ലവണ്ണം മനസ്സുവെച്ചു മിനുസപ്പെടുത്തീട്ടുള്ളതിൻെറ ഫലമത്രേ കരടും മുരടും ലവലേശമെങ്ങും തടയാതെ സുഖമായി ഒഴുകിപ്പോകുന്ന ആ ഭാഷ, സാമാന്യജനങ്ങളെ പ്രഥമശ്രവണത്തിൽത്തന്നെ ആകർഷിക്കുന്ന ആ ശയ്യാഗുണം, സൗകുമാൎയ്യമയമായ ആ രചനാസൗഷ്ഠവം. കൗശലത്തെ മറയ്ക്കുന്നതക്ക കൗശലം വിജയിക്കുന്നതുകൊണ്ട് അതൊന്നും സാധാരണന്മാർ അറിയുന്നില്ലെന്നേയുള്ളൂ.

ഉത്തമകാവ്യലക്ഷണങ്ങൾ പലതും വെണ്മണിക്കൃതികളിൽ അങ്ങിങ്ങായി ഉദാഹരിക്കപ്പെട്ടുകാണാം. എന്നാൽ വെണ്മണിക്കൃതികളെല്ലാം ഒരുപോലെ ഉത്തമകാവ്യങ്ങളാണെന്ന് വെണ്മണിപ്പക്ഷപാതികൾപോലും വാദിക്കുന്നതല്ല. എന്നുമാത്രമല്ല, അവയിൽ അനേകം ശ്ലോകങ്ങൾ കേവലം തൽക്കാലവിനോദത്തെമാത്രം ലാക്കാക്കി നിൎമ്മിക്കപ്പെട്ടവയായിട്ടുമുണ്ട്. കവിതാരചനയിലെ പ്രാരംഭപാഠങ്ങൾക്ക് ഉപകരിക്കുന്ന പല ശ്ലോകങ്ങളും വെണ്മണിക്കൃതികളിൽ സ്ഥലംപിടിച്ചിട്ടുണ്ട്. പരിണത

മതികളായ പണ്ഡിതന്മാർ അവയെപ്പററി ഇന്ന് എന്തു തന്നെ വിധികല്പിച്ചാലും വേണ്ടതില്ല, അവ സാഹിത്യത്തിൻേറയും ജനങ്ങളുടേയും വളച്ച്യയിൽ ഒരു പ്രത്യേകഘട്ടത്തോട്ട് സ്വാഭാവികബന്ധമുള്ളവയാണെന്നുള്ളതിനു സംശയമില്ല. എത്ര ബാലന്മാരെ, എത്ര പാമരന്മാരെ, അവ അന്നു രസിപ്പിച്ചു, ഇന്നു രസിപ്പിക്കുന്നു, എന്നും രസിപ്പിക്കയും ചെയ്യും! കാവ്യമമ്മജ്ഞന്മാരെ ഏതുകാലത്തും ആഹ്ലാദിപ്പിക്കുവാൻ മതിയായ അംശങ്ങളും അവയിൽ ധാരാളമുണ്ടു്.

ഇങ്ങനെയുള്ള കൃതികളെ കാര്യംഗ്രഹിക്കാതെ അപലപിക്കുന്നതു് ശരിയല്ലെന്നു് എടുത്തുപറയേണ്ടതില്ലല്ലോ. സാഹിത്യത്തിൽ രുചിഭേദങ്ങൾക്കു് അവകാശമുണ്ടെന്നുള്ളതു് നിർവ്വിവാദമാണു്. കവിതന്നെ സമ്മതിക്കുന്നു:

"ഓരുമ്പോളൊന്നുരസ്സ്യാമുരുതരമതിമാ—
ന്മാക്കമന്യക്കുമെന്ന—
ല്ലോരോരോപക്ഷപാതാദികൾ ജഗതി ജനി—
ച്ചോക്കു ചീക്കുന്നതല്ലേ
പാരം തൽകാര്യമെല്ലാം പരിചൊടുപറയേ—
ണ്ടമ്മയെത്തല്ലിയാലും
പാരാതുണ്ടാകയില്ലേ പരമതു കരുതി—
ക്കൊണ്ടഹോ രണ്ടുപക്ഷം."

എന്നാൽ ഉന്നംപിഴച്ച വിമശ്നത്തെ മുളയിലേ നുള്ളിക്കളയേണ്ടതാകുന്നു. വെണ്മണിക്കൃതികളെക്കുറിച്ചു് അഭിപ്രായം പറയുമ്പോൾ മൂന്നു സംഗതി വിശേഷിച്ചു് ഓമ്മവെക്കേണ്ടതായിട്ടുണ്ടു്.

1. എന്തുതരം കൃതികളെഴുതണമെന്നായിരുന്നു കവിയുടെ ഉദ്ദേശം? ഏതുതരക്കാരെ രസിപ്പിക്കുവാനാണു്

അദ്ദേഹം നോക്കിയതു്? പഴയ സമ്പ്രദായമനുസരിച്ചുള്ള മഹാകാവ്യങ്ങളോ ഖണ്ഡകാവ്യങ്ങളോ എഴുതി പണ്ഡിതന്മാരുടെ ശ്ലാഘയ്ക്കു പാത്രീഭവിക്കുവാനല്ല അദ്ദേഹം ശ്രമിച്ചതെന്നു സ്പഷ്ടമാണു്. അതിനാൽ, ശീതളപാനീയങ്ങൾ, കാപ്പി, ചായ മുതലായവ വിതരണംചെയ്യുന്ന ഒരു വിഹരണമന്ദിരത്തിൽച്ചെന്നു്, ചോറും കറിയും മൃഷ്ടാന്നം കിട്ടാത്തതിനു പരിഭവിക്കുന്നതുപോലെ കവി നല്കുവാനുദ്ദേശിക്കാത്ത അംശങ്ങൾ കൃതികളിൽനിന്നു കിട്ടാത്തതിനു് വഴക്കടിക്കരുതു്.

2. കൃതികളുടെ പശ്ചാത്തലമെന്തെന്നു മനസ്സിലാക്കിയാൽ മാത്രമേ വിമർശനം പരിപൂർണ്ണമാവുകയുള്ളു. അന്നത്തെ സാമുദായികസ്ഥിതിഗതികളെന്തെല്ലാമെന്നും വായനക്കാരുടെ രുചിവിശേഷങ്ങളെങ്ങനെയെല്ലാമെന്നും, അവയ്ക്കു യോജിച്ചവിധത്തിൽത്തന്നെയാണോ കൃതികൾ എഴുതപ്പെട്ടിട്ടുള്ളതെന്നുംകൂടി നിരൂപിക്കേണ്ടതുണ്ടു്. സമുദായസംസ്കാരാഭിവൃദ്ധിയിൽ പല പടികളും കാണുന്നവ സാഹിത്യപരിണാമത്തിൽ പ്രതിഫലിക്കാതെ കഴിയുന്നതല്ല. ഇതു് ഏറെക്കുറെ എല്ലാ സാഹിത്യങ്ങളേയും ബാധിക്കുന്ന ഒരു തത്വമാണു്. ഇന്നത്തെ ജനാഭിപ്രായഗതി ഉള്ളിൽവെച്ചുകൊണ്ടു് അന്നത്തെ സാഹിത്യത്തേയോ സമുദായത്തേയോ കുറിച്ചു് വിധി കല്പിക്കുന്നതു് വിമർശനത്തിൽ ചരിത്രദൃഷ്ടിയുടെ അഭാവത്തെ തെളിയിക്കുകമാത്രം ചെയ്യും. അന്നന്നത്തെ നിലവാരം നോക്കീട്ടുവേണം വിലകല്പിക്കുവാനെന്നു സാരം.

3. ഓരോതരം സാഹിത്യം ഓരോതരക്കാർക്ക് ഓരോ കാലത്തു പ്രത്യേകം രസിക്കുന്നതായിട്ടുണ്ടു്. വ്യക്തികളും, സമുദായങ്ങളും, സാഹിത്യംതന്നെയും മുന്നോട്ടു കടന്നുപോകുന്നതു് അതീതങ്ങളായ ദശാവിശേഷങ്ങളിൽ ചവിട്ടി

കരതിച്ചുകൊണ്ടാണു്. ഉൽക്കർഷത്തിനു് അതാവശ്യവുമാണു്. എന്നാൽ അഭിവൃദ്ധിക്ക ഗണ്യമായവിധം സഹായിച്ചിട്ടുള്ള പൂർവ്വസാമഗ്രികളെ കാലാന്തരത്തിൽ അവജ്ഞാപൂർവ്വം വീക്ഷിക്കുന്നതു് കൃതഘ്നതയായിരിക്കും.

ഏതാദൃശതത്വങ്ങളെ വിസ്മരിക്കാതെ വെണ്മണികൃതികളെ വിമർശിക്കുന്നവർക്കെല്ലാം ഇന്നത്തെ ഈ സ്മാരകദിനാഘോഷത്തിന്റെ ഔചിത്യം പൂർണ്ണമായി ബോധപ്പെട്ടമെന്നുള്ളതിനു സംശയമില്ല. സ്മർത്തൃപുരുഷന്റെ യോഗ്യതകളേയും, അദ്ദേഹത്തിന്റെ കൃതികളുടെ ഗുണങ്ങളേയും മററും കുറിച്ചു് സമഗ്രങ്ങളായ വിദഗ്ദ്ധവിവരണങ്ങൾ മഹാജനങ്ങൾക്ക നല്കുവാൻവേണ്ട ഏർപ്പാടുകളെല്ലാം ചെയ്തുകഴിഞ്ഞിട്ടുള്ള ഈ 'മഹാമഹം', ഇതരകവികളെസ്സംബന്ധിച്ചും തങ്ങളുടെകർത്തവ്യം നിർവ്വഹിക്കുവാൻ കേരളീയക്ക് മാർഗ്ഗദർശകമായിബ്ഭവിക്കട്ടെ! എന്നു മാത്രമല്ല, ഒന്നുരണ്ടുദിവസത്തെ ആർഭാടത്തോടുകൂടി, ചെയ്യേണ്ടതെല്ലാം ചെയ്തുകഴിഞ്ഞു എന്നുവെച്ചു് അടങ്ങിയിരിക്കാതെ, വെണ്മണിനമ്പൂതിരിപ്പാടന്മാരുടെ പ്രശസ്തിയെ പോഷിപ്പിക്കുന്നതിനും, അവരുടെ കൃതികളെ സമഗ്രവും സുന്ദരവുമായി പ്രകാശിപ്പിക്കുന്നതിനും, അവയുടെ ശരിയായ മേന്മയെ വിശദീകരിക്കുന്നതിനും, തെററിദ്ധാരണകളുണ്ടെങ്കിൽ ദൂരീകരിക്കുന്നതിനും, നല്ല ഭാഗങ്ങളെ പ്രത്യേകമെടുത്തു പ്രചരിപ്പിക്കുന്നതിനും മററും ഉത്സാഹിക്കുകയും വേണ്ടിയിരിക്കുന്നു. കൈരളിക്കുവേണ്ടി, കവിവാക്യത്തെ സ്വല്പം ഭേദപ്പെടുത്തിക്കൊണ്ടൊന്നു പറയട്ടെ:

"വേനല്ക്കാലത്തുവെന്തീടിനമണലിലുഴ–
ന്നൊട്ടുമുട്ടാതെകണ്ടീ–
ഞാനിപ്പോൾകേട്ട വിദ്വത്സഭയുടെസവിധേ–
വന്നു ചൊല്ലുന്ന കാര്യം

മാനിക്കാഞ്ഞാൽ മഹാസങ്കടമൊരു തല കൂ-
ത്തേറെ നീളംകലൻ്നീ-
യാനക്കാർക്കൈയിലൊന്നുണ്ടതു സതതമെനി-
ക്കേറുവാനേകിടൊല്ലേ!"

എന്നു്. ഇക്കാര്യത്തിൽ, ഞാനും കവിവാക്യത്തിൽത്തന്നെ ഉറപ്പുതന്നുകൊള്ളുന്നു.

"എന്നെക്കൊണ്ടെന്തുവേണം തരമുടയ സഹാ-
യങ്ങൾ നിങ്ങൾക്കതിന്നായ്-
ത്തന്നേതെയ്യാറതായിട്ടനിശമരികില്ലു-
ണ്ടേഷ ഞാനീഷലെന്യേ."

# മഹാകവി ഉള്ളൂർ

ഒരനുസ്മരണം

മഹാകവി ഉള്ളൂരിനെ ഞാൻ ആദ്യമായി കണ്ടതു് 1084-ൽ അദ്ദേഹം തൃശ്ശിവപേരൂർ ഭാരതവിലാസസഭയിൽ അദ്ധ്യക്ഷതവ്ഹിക്കുവാൻ വന്ന സന്ദർഭത്തിലാണു്. അതിനുമുമ്പുതന്നെ അദ്ദേഹത്തിന്റെ ഖണ്ഡകൃതികളും ഉപന്യാസങ്ങളും അക്കാലത്തെ പ്രസിദ്ധമാസികകളിൽ വായിച്ചഭിനന്ദിക്കാറുണ്ടായിരുന്നതിനാൽ, അഭിമുഖമായ പരിചയംമാത്രമേ ബാക്കിയായിട്ടുണ്ടായിരുന്നുള്ളു, എനിക്കദ്ദേഹത്തിന്റെ പരശ്ശതം ആരാധകന്മാരുടെ കൂട്ടത്തിലേയ്ക്കു് ഔപചാരികമായി പ്രവേശംലഭിക്കുവാൻ. അക്കാലത്തിനിടയ്ക്കാണെന്നു തോന്നുന്നു, 'സത്യവതീചരിത'ത്തിലെ,

> പനിമതികുലതന്തുപ്പാർപ്പിടം പാല്ക്കടൽപ്പെൺ-
> കടമിഴികൾ കളിക്കും വാരൊളിക്കേളിമുററം,
> പെരുമപെറുമൊരോമൽപ്പത്തനം ഹസ്തിനാഖ്യം
> വിലസി ഭരതഭൂവിൻ ചിത്രകംപോലെ മുന്നം.
> അവിടെയെഴമിളമ്മാൻകണ്ണിമാർ പൂവലംഗം
> കഴകിയൊഴകുമോമൽച്ചാരുപാടീരനീരം

എന്നും മററുമുള്ള ഭാഗങ്ങളും,

> "പോരാളിക്കട്ടിമേനിക്കണനിരമുറിവാ-
> ർച്ചെഞ്ചുട്ടുംചോരനീർപ്പൂ-
> വീരാളിപ്പട്ടണിക്കാർക്കരിയരവെതിർവാൾ
> കയ്യൊളിത്തയ്യലാളേ!"

ഇത്യാദി മുക്തകങ്ങളും ചെറുപ്പക്കാരായ കവിതാവ്യവ

സായികൾ സാധാരണ ചൊല്ലിരസിക്കാറുണ്ടായിരുന്നു. അന്നു വായിച്ചിട്ടുള്ള ഓർമ്മവെച്ചാണു് ഇതെഴുതുന്നതു്. നാല്പത്തിനാലുകൊല്ലം, അഥവാ അരനൂററാണ്ടു്, മുമ്പുള്ള കവിതയുടെ നിലവാരമാണു് ഈ ഭാഗങ്ങൾ തെളിയിക്കുന്നതു്.

ഇന്നത്തെ മാനദണ്ഡംവെച്ചുകൊണ്ടു് അന്നത്തെ കവിതയെ വിമർശിക്കുന്നതു ശരിയായിരിക്കയില്ലെന്നു പറയേണ്ടതില്ലല്ലോ. അന്നു പരക്കെ സ്വീകരിച്ചിരുന്ന ആദർശങ്ങളനുസരിച്ചു നോക്കുമ്പോൾ മഹാകവി ഉള്ളൂരിനു കേരളവർമ്മകോയിത്തമ്പുരാന്റെ സിംഹാസനത്തോടടുത്ത ഒരു സ്ഥാനമാണു് സ്വായത്തമായിരുന്നതു്. ആ സാഹിത്യചക്രവർത്തിക്കു് ഉള്ളൂരിനെക്കുറിച്ചുണ്ടായിരുന്ന സ്നേഹാദരങ്ങൾ സുപ്രസിദ്ധമാണു്. 'മയൂരസന്ദേശം' ഇംഗ്ലീഷിൽ പദ്യരൂപത്തിൽ പരിഭാഷപ്പെടുത്തി ഉള്ളൂർ തന്റെ ആംഗ്ലേയ ഭാഷാപാണ്ഡിത്യം പ്രകടമാക്കി. ഇവിടെ പ്രാസംഗികമായി ഒരു സംഗതി പറഞ്ഞുകൊള്ളട്ടെ. ബി. ഏ. ബിരുദം സമ്പാദിച്ചതിനുശേഷം എം. ഏ. പരീക്ഷയ്ക്കു ഇംഗ്ലീഷോ മലയാളമോ ഐച്ഛികവിഷയമായെടുക്കേണ്ടതെന്നു ഉള്ളൂർ കുറേക്കാലം സംശയിച്ചു കഴിച്ചുകൂട്ടിയതായും, ആ ഇടയ്ക്കു് ഇംഗ്ലീഷിലെ പല പ്രശസ്തകാവ്യങ്ങൾ പഠിച്ചതീർത്തതായും മററും അദ്ദേഹം പിന്നീടൊരിക്കൽ എന്നെ വിസ്തരിച്ചു മനസ്സിലാക്കുകയുണ്ടായിട്ടുണ്ടു്. വലിയകോയിത്തമ്പുരാനു് ഇംഗ്ലീഷുഭാഷ അഭ്യസൂയാർഹമായവിധം സ്വാധീനമായിരുന്നു എന്നു സുവിദിതമാണല്ലോ.

വലിയകോയിത്തമ്പുരാനോടടുത്തു പെരുമാറിയതിന്റെ ഫലമായോ എന്തോ, അദ്ദേഹത്തിന്റെ മുഖ്യമായ ഒരു ഗുണം ഉള്ളൂരിലും ആദ്യംമുതല്ക്കേ ഞാൻ കണ്ടഭിനന്ദിക്കാറുണ്ടു്; അതായതു്, പരഗുണങ്ങളെ പർവ്വതീകരിച്ചു

കാണിച്ച് ഉദാരമായ പ്രോത്സാഹനം നൽകുക. ഈ സന്മനസ്സിൻെറ പ്രകാശം രണ്ടുപേരുടേയും സാഹിത്യജീവിതത്തെ സുരഭിലസ്മരണാർഹമാക്കിത്തീർത്തിട്ടുണ്ട്. 1084-ലെ ഭാരതവിലാസസഭയിലെ അദ്ധ്യക്ഷപ്രസംഗത്തിൽത്തന്നെ ഉള്ളൂർ ഇടവും വലവും എടുത്തു വിലക്കിയ പ്രശംസകൾ ഇന്നും എൻെറ ചെവിയിൽ മാറെറാലികൊള്ളുന്നു. മുന്നണിയിലിരുന്നിരുന്ന നടുവത്തച്ഛൻനമ്പൂരിയെ സാക്ഷാൽ വടക്കുംനാഥനെപ്പോലെയാണ് ഉള്ളൂർ ദർശിച്ചതു്. അങ്ങനെ, അപ്പൻതമ്പുരാൻ, കെ. പി. കറുപ്പൻ, വടക്കേപ്പാട്ടു നാരായണൻ നായർ, കുഞ്ഞിക്കുട്ടൻതമ്പുരാൻ മുതലായ പലക്കും ലോഭംകൂടാതെ പ്രശസ്തിസമ്മാനങ്ങൾ വിതരണംചെയ്തതു് ഇന്നും ഓർക്കുന്നു. അന്യന്മാരുടെ ഉൽക്കർഷത്തിൽ ഉള്ളൂരിനു് അസൂയാലേശംപോലുമുണ്ടായിരുന്നില്ലെന്നുമാത്രമല്ല, അവരെ കഴിയുന്നവിധത്തിലെല്ലാം പ്രശംസിച്ച്, അത്യുക്തിപോലും പ്രയോഗിച്ച്, പ്രോത്സാഹിപ്പിക്കുകയായിരുന്നു അദ്ദേഹത്തിൻെറ പതിവ്. ഉള്ളൂർ സ്വഭാവേന ഒരു മൃദുലഹൃദയനായിരുന്നു എന്നു് അടുത്തു പരിചയിച്ചിട്ടുള്ളവക്കെല്ലാം അറിയാവുന്നതാണ്. അനുകമ്പ സ്പർശിക്കാത്ത ക്രൂരവിമർശനങ്ങൾ അദ്ദേഹത്തിനു വലിയ മനോവേദനയുണ്ടാക്കിയെങ്കിൽ അത്ഭുതമില്ല. താദൃശനായ ഒരു മഹാനുഭാവൻ അന്യമനസ്സുകളെ ഘോരവിമർശനങ്ങൾകൊണ്ടു പീഡിപ്പിക്കാഞ്ഞതാൽ അതു കേവലം സ്വാഭാവികമെന്നേ കരുതേണ്ടൂ. 1915-ൽ 'സാഹിത്യപ്രകാശിക'യിൽ 'ചന്ദ്രോത്സവ'ത്തെക്കുറിച്ചു പ്രതിപാദിക്കുന്നതിനിടയ്ക്കു് അതിൻെറ കർത്തൃത്വം മേല്പത്തൂരിലാണു് "ഉള്ളൂർ പ്രഭൃതികൾ" തെററായി ആരോപിച്ചു കണ്ടതു് എന്നു ഞാൻ എഴുതുകയുണ്ടായി. അതിനെക്കുറിച്ചു 'മദനാരമ'യിൽ ഞങ്ങൾതമ്മിൽ ഒരുചെറിയ

വ്വാക്സമരം നടന്നു. പക്ഷേ, അന്നുമുതല്ക്കാണു ഞങ്ങൾ തമ്മിലുള്ള ചിരസ്ഥായിയായ മൈത്രി വളരുവാൻ തുടങ്ങിയതു്. എൻെറ 'സാഹിത്യനിഷ്കട'ത്തിനു് കുറച്ചു കൊല്ലംമുമ്പു്, അദ്ദേഹം എഴുതിയ 'അവതാരിക'യിൽ ആ മൈത്രീകുസുമം പ്രഫുല്ലമായി സഹൃദയപരിമളം വീശുന്നതു് ഇന്നും അനുഭവവേദ്യമാകുന്നു. ആ മഹാമന സ്കതയ്ക്കു വീണ്ടും വീണ്ടും നമസ്കാരം!

ഉള്ളൂരിൻെറ മഹാമനസ്കതയ്ക്കുള്ള അടിസ്ഥാനമോ, ശരിയായ സംസ്കാരംതന്നെ. കാവ്യാനുശീലനം കൊണ്ടു് അദ്ദേഹത്തിനു ഹൃദയവിശാലത സ്വയം സിദ്ധിച്ചു. അദ്ദേഹത്തിൻെറ ജീവിതം യഥാർത്ഥസാഹിത്യ ജീവിതമായിരുന്നു. രാപ്പകൽ കാവ്യാഭ്യസനവും പുസ്തകപാരായണവും തന്നെയായിരുന്നു അദ്ദേഹത്തിൻെറ ജോലി; സക്കാർജോലിയും കൂട്ടത്തിൽ നടക്കുമെന്നേയുള്ളു. അദ്ദേഹത്തിനു മനസ്സിനിണങ്ങിയ പ്രവൃത്തിമണ്ഡലം സാഹിത്യമായിരുന്നു. അദ്ദേഹത്തെപ്പോലെ ഇത്ര വിപുലമായ ഗ്രന്ഥപരിചയവും, ഇത്ര അത്ഭുതകരമായ സ്മരണശക്തിയും, ഇത്ര അക്ഷീണമായ പ്രയത്നവും മററാക്കുണ്ടു്? "ജംഗമമായ വിജ്ഞാനഭണ്ഡാരം" എന്നാണു് അദ്ദേഹത്തെ സുഹൃത്തുക്കൾ വിളിച്ചിരുന്നതു്. മലയാളസാഹിത്യമഹാവൃക്ഷം ആമൂലാഗ്രം അദ്ദേഹത്തിൻെറ ചുളുകത്തിൽ അടങ്ങിയിരുന്നു: ഏതുകാലത്തേ ഏതു സാഹിത്യകാരൻെറ ഏതു കൃതിയും അദ്ദേഹത്തിനു ഹൃദിസ്ഥമായിരുന്നു. അദ്ദേഹത്തിൻെറ ഗ്രന്ഥപരിചയം ആഴത്തിലും പരപ്പിലും ഒരുപോലെ വിസ്മയജനകമായിരുന്നു എന്നു ചുരുക്കം. പ്രാചീനസമ്പ്രദായത്തിലുള്ള ജ്ഞാനതൃഷ്ണ, വിദ്യാവ്യസനം, എന്ന സംഗതിയിൽ മഹാകവി ഉള്ളൂരത്രേ

അട്ടത്തകാലത്തുണ്ടായിട്ടുള്ള ഏററവും ഉൽകൃഷ്ടമായ മാതൃക.

സതതോത്ഥായിയായ ഉള്ളൂരിൻെറ പരിശ്രമഫലമായി സാഹിത്യസമുദ്രത്തിൽനിന്നു് എത്ര അമൂല്യരത്നങ്ങളാണു് ഉദ്ധരിക്കപ്പെട്ടിട്ടുള്ളതെന്നതിനു് കണക്കില്ല. അവയെ തേച്ചുമിനുക്കി സജ്ജനസമക്ഷം അവതരിപ്പിക്കുന്നതിൽ അദ്ദേഹത്തിനു് അന്യാദൃശമായ പാടവമാണുണ്ടായിരുന്നതു്. ഈ വ്യവസായത്തിൽ അദ്ദേഹത്തിൻെറ അസാമാന്യമായ വൈദൂഷ്യവും സ്മരണശക്തിയും പ്രത്യക്ഷമായി ഉപകരിക്കുകയും ചെയ്തു.

ഉള്ളൂരിൻെറ ഗദ്യശൈലിയെപ്പററി ഒരു വാക്കു് പറയാതെ നിവൃത്തിയില്ല. മഹാകവിയുടെ ഗദ്യത്തിനുള്ള ഗാംഭീര്യവും പരിപൂർണ്ണതയും ഒന്നു വേറെതന്നെയാണു്. ഏതാശയവും, എത്ര വിഷമജടിലമായ ചിന്തയും അദ്ദേഹത്തിനു ഭാഷയിൽ പ്രകാശിപ്പിക്കുവാൻ ക്ലേശമുണ്ടായിരുന്നില്ല. ആ ഗദ്യത്തിൻെറ മനോഹാരിത ആസ്വദിച്ചറിയേണ്ടതുതന്നെയാണു്. തെററിദ്ധരിക്കുകയില്ലെങ്കിൽ ഒരു കാര്യംകൂടി ഇവിടെ സ്വകാര്യമായി പറയാം: മഹാകവി ഉള്ളൂരിൻെറ ഗദ്യമാണോ പദ്യത്തെക്കാളധികം ശ്ലാഘാർഹം എന്നുകൂടി ചിലർ സംശയിക്കുന്നു! അത്ര വടിവും മിഴിവും തികഞ്ഞതാണു് ഉള്ളൂരിൻെറ ഗദ്യം. എന്നുവച്ചു മഹാകവിയുടെ പദ്യത്തിനു യാതൊരപകർഷവും കല്പിച്ചിട്ടുള്ളതായി കരുതരുതു്. അന്നത്തെ നിലവാരത്തിനൊത്ത മേന്മ അദ്ദേഹത്തിൻെറ പദ്യത്തിനുണ്ടു്. അവസാനദശയിൽ അദ്ദേഹം മിക്കവാറും ദ്രാവിഡവൃത്തങ്ങളിലാണല്ലോ കവനം ചെയ്തതു്. അപ്പോഴേയ്ക്കും കേരളത്തിൽ പഴയ ദ്രാവിഡവൃത്തങ്ങൾക്കു് ഭൂരിപ്രചാരം സിദ്ധിച്ചുകഴിഞ്ഞിരുന്നു. പ്രശസ്തകവികളധികവും അവ

യോടു പക്ഷപാതം കാണിച്ചു. എന്നാൽ ഉള്ളൂരിൻെറ സ്വത്വം അധികം തെളിഞ്ഞുകാണുന്നതു ഛന്ദോവൃത്തകൃതികളിലാണെന്നാണ പലരുടേയും അഭിപ്രായം. വേഷവിധാനങ്ങളിലെന്നപോലെ കാവ്യത്തിൻെറ ആകൃതിഭേദങ്ങളിൽ, ഓരോകാലത്തു് ഓരോ ഫാഷൻ, ഓരോ പുതുമോടി, എല്ലാ ഭാഷകളിലും പ്രചാരത്തിൽ വരുന്നതു കാണ്മാനുണ്ടു്. അതിനൊപ്പം ആശയങ്ങളും ഏറ്റക്കുറെ പരിഷ്കാരം പ്രാപിച്ചുകൊണ്ടിരിക്കും. ഭാവവും രൂപവും തമ്മിൽ പൊരുത്തമുണ്ടായിരിക്കണം; അല്ലെങ്കിൽ ഒരുതരം വൈലക്ഷണ്യം തുറിച്ചുനില്ക്കും. മഹാകവി ഉള്ളൂർ കാലത്തിനൊത്തു പുരോഗമനം ചെയ്യുവാൻ ഹൃദയപൂർവ്വം ഉത്സാഹിക്കുകയുണ്ടായിട്ടുണ്ടെന്നുള്ളതിനു തെളിവാണു് അദ്ദേഹത്തിൻെറ ദ്രാവിഡവൃത്തകവനങ്ങൾ. അതിവിപുലമായ വായനകൊണ്ടു് ഉത്തേജിതമായ വാസനയുടെ തള്ളിച്ച അദ്ദേഹത്തിൻെറ ഏതു കൃതിയിലും സ്പഷ്ടമായി കാണാവുന്നതാണു്. 'നയാഗ്രാ' വെള്ളച്ചാട്ടംപോലെയാണു് അദ്ദേഹത്തിൻെറ ഉല്ലേഖപ്രവാഹം.

"അളിയുടെ കഴൽതാങ്ങിടും ശിരീഷം
കിളിയുടെ കാലടി താങ്ങുകില്ല കുഞ്ഞേ!"

എന്നു പറഞ്ഞിട്ടുള്ളതുപോലെ, ഏററവും ലളിതവും സരളവുമായ ആശയങ്ങളെ പ്രകാശിപ്പിക്കുവാൻമാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ള മാകന്ദമഞ്ജരി തുടങ്ങിയ ദ്രാവിഡവൃത്തങ്ങൾ ഉള്ളൂരിന്റെ പാണ്ഡിത്യപിചണ്ഡിലവും ഭാവഭാരഗംഭീരവുമായപ്രതിഭാഘനം എങ്ങനെ താങ്ങും എന്നു് അനുവാചകന്മാക്കു് ചിലപ്പോൾ ചോദിക്കുവാൻ തോന്നും. അദ്ദേഹത്തിനു തികച്ചുമുള്ള ഗുണം ഗൗരവമേറിയ ഉല്ലേഖകല്ലോലപ്രവാഹമാണെങ്കിൽ, സ്വല്പമായുള്ള ഒരു

ന്യൂനത സംയമക്കുറവ്, ഫലിതവൈരള്യം എന്നീ രണ്ടംശങ്ങളിലാണെന്നു പറയേണ്ടിയിരിക്കുന്നു. ഈ ഗുണങ്ങളെല്ലാം ചേർന്നിണങ്ങി ഒരൊറ്റ വ്യക്തിയിൽത്തന്നെ പ്രകാശിക്കുന്നതു് ദുർല്ലഭവുമാകുന്നു.

പ്രതിഭാശക്തിയുടെ അദമ്യമായ പ്രവാഹമാണ് ഉള്ളൂർക്കവിതയിൽ പ്രായേണ കാണുന്നതെന്നു പറഞ്ഞതിൽനിന്നു് ഒരു തത്വം അനായാസേന ഗ്രഹിക്കാവുന്നതാണു്. അതായതു്, ഉള്ളൂരിൻെറ കൃതികളിൽനിന്നു് ഉത്തമഭാഗങ്ങൾമാത്രം തിരഞ്ഞെടുത്തു് (Selections from Mahakavi Ullur's Poems) 'മഹാകവി ഉള്ളൂരിൻെറ കവിതാരത്നങ്ങൾ' എന്നോ മറ്റോ പേരിട്ടു് ഏതാനും ഗ്രന്ഥങ്ങൾ പ്രകാശിപ്പിച്ചാൽ അത്യാകർഷകമായിരിക്കുമെന്നുള്ള വാസ്തവം. അങ്ങനെ ചെയ്താൽ ഭാരംതൂങ്ങുന്ന ഭാഗങ്ങളെ ത്യജിക്കാം; കവിതയുടെ സത്തുനിറഞ്ഞ ഭാഗങ്ങളെ മാത്രം അനുവാചകന്മാരുടെ മുമ്പാകെ നിരത്തിവെച്ചുകൊടുക്കാം. തിരഞ്ഞെടുത്താലാണു് ഉള്ളൂർക്കവിതയ്ക്കു് ഏറ്റവും മാററുകൂടുക (Ullur shines best in selections) എന്നു് എനിക്കു പലപ്പോഴും തോന്നീട്ടുള്ളതാണു്.

അലംഭാവമെന്തെന്നറിയാത്ത ഒരു പ്രയത്നശാലിയായിരുന്നു നമ്മുടെ മഹാകവി എന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. സദസ്സുകളിൽ പ്രസംഗിക്കുമ്പോഴും ഈ സ്വഭാവവിശേഷം പ്രത്യക്ഷമാകാറുണ്ടായിരുന്നു. ഒരിക്കൽ ഒരു സദസ്സിൽ അദ്ധ്യക്ഷപ്രസംഗം മുറയ്ക്കു നടക്കവേ നേരം ഇരുട്ടായിത്തുടങ്ങി; സമയം വളരെ വൈകിപ്പോയി എന്ന വാസ്തവം സൂചനകൊണ്ടറിയിക്കുവാനായി ഭാരവാഹികൾ വിളക്കുകൊളുത്തി മേശപ്പുറത്തുവെച്ചു. അപ്പോഴെങ്കിലും പ്രസംഗം നിർത്തുമെന്നു് അവർ ആശിച്ചു. പക്ഷേ, വിളക്കു മേശപ്പുറത്തു വെച്ചതോടുകൂടി അദ്ധ്യക്ഷൻ തലപ്പാ

വിൻെറ ഭാരം താഴെ ഇറക്കി ഒപ്പം മേശപ്പുറത്തുവെച്ച് ആശ്വാസഭാവത്തിൽ പ്രസംഗം വിസ്തരിച്ചു തുടരുകയാണുണ്ടായതു്! 'സാഹിത്യേ കേന തൃപ്യതേ' എന്നായിരുന്നു അദ്ദേഹത്തിൻെറ മുദ്രാവാക്യം. ഇങ്ങനെ തദേകതാനന്മാരായി സാഹിത്യവ്യവസായം ചെയ്തുകൊണ്ട് ജീവിതം മുഴുവൻ സരസ്വതീതൃപ്പാദങ്ങളിൽ സമർപ്പിച്ചു ചരിതാർത്ഥരായിട്ടുള്ളവർ നമ്മുടെ നാട്ടിൽ എത്രപേരുണ്ട്? ഭാഷാഭിമാനവും സാഹിതീതൃഷ്ണയും മൂർത്തീകരിച്ചതുപോലെ പ്രശോഭിച്ചിരുന്ന ആ മഹാകവിയെ കൈരളി ഒരിക്കലും മറക്കുന്നതല്ല.

MUL
221847

221847
9137
32J9;1

UNIVERSITY LIBRARY
28 FEB 1969
MADRAS

30 AUG 1969

MURUGAN BINDING WOKRS,
(PRINTERS)
No. 3, Bommulier Street,
Elephant Gate, :: MADRAS-1.